മൗലാനാ വഹീദുദ്ദീൻ ഖാൻ

# തസ്കിയ

## (ആത്മ സംസ്കരണം)

ആത്മ സംസ്കരണം ഒരു തുടർപ്രക്രിയയാണ്.
അതിൽ നിഗൂഢതകളൊന്നുമില്ല. സ്വന്തത്തെക്കു
റിച്ചും പ്രപഞ്ചത്തെക്കുറിച്ചുമുള്ള പരിചിന്തനത്തിലൂടെ
ദൈവത്തെ അറിയാനുള്ള വഴിയാണത്.

മൗലാനാ വഹീദുദ്ദീൻ ഖാൻ

# തസ്കിയ

(ആത്മ സംസ്കരണം)

*വിവർത്തനം:*

**സി.കെ.കെ. മുഹമ്മദ്**

GOODWORD BOOKS

Maulana Wahiduddin Khan's
***Tazkiyah (Athma samskaranam)***
(Malayalam Translation)

Translated by
C. K. K. Mohammed

First Published: August 2018

All rights reserved.

Publishers:
Goodword Books Kerala
Court Road, S M Street, Calicut-1
Mob: 81 29 538 666, 99 95 826 996
Email: keralagoodword@gmail.com

www.keralagoodword.com

Typesetting: Shily

Copies: 1000
**Price: Rs. 95**

# വഹീദുദ്ദീൻ ഖാൻ

പക്വമായ ചിന്തയും ആഴമുള്ള പാണ്ഡിത്യവും ശാസ്ത്ര വിഷയങ്ങളെ ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിലൂടെ വിശകലനം ചെയ്യാനുള്ള സിദ്ധിയും കൊണ്ട് ഇന്ത്യക്കകത്തും പുറത്തും പ്രസിദ്ധി നേടിയ ഗ്രന്ഥകാരനും പ്രഭാഷകനുമാണ് വഹീദുദ്ദീൻ ഖാൻ. ഇസ്‌ലാമിന്റെ മഷിയിൽ മുക്കി അദ്ദേഹം കുറിക്കുന്ന ഓരോ വരിയും പ്രപഞ്ച സ്രഷ്ടാവിലേക്ക് മനുഷ്യരെ അടുപ്പിക്കാൻ ഉതകുന്നതും ലോക സമാധാനത്തിന്റെ സന്ദേശമടങ്ങിയതുമാണ്.

ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന Centre for peace and spirituality international (CPSI) എന്ന സംഘടനയുടെ സ്ഥാപകനാണ്. പത്മഭൂഷൺ, Demiurges peace international award, രാജീവ് ഗാന്ധി സദ്ഭാവനാ അവാർഡ്, മുസ്‌ലീം സമുദായത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന സമാധാന പ്രയത്നങ്ങൾക്കുള്ള ഇമാം അൽ ഹസൻ അവാർഡ് (ദുബൈ) തുടങ്ങിയ പുരസ്കാരങ്ങൽ അദ്ദേഹത്തെ തേടിയെത്തി. ജോർദ്ദാനിലെ റോയൽ ഇസ്‌ലാമിക് സ്ട്രാറ്റജിക് സ്ടഡീ സെന്റർ മൗലാനയെ ലോകത്തെ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയ 25 മുസ്‌ലീം ചിന്തകരിൽ ഉൾപ്പെടുത്തയിരിക്കുന്നു.

മൗലാനയുടെ കൃതികൾ 16 ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ആറ് വിദേശ യൂനിവേഴ്സിറ്റികളിലെ പാഠ്യപദ്ധതിയിൽ മൗലാനയുടെ കൃതികൾ ഉൾപ്പെടുന്നു. 1925 ആണ്ടിൽ ഉത്തർപ്രദേശിലെ അസംഗഡിലാണ് ജനനം.

**പരമ കാരുണ്യവാനായ ദൈവത്തിൻ നാമത്തിൽ...**

# അധ്യായങ്ങൾ


1. ആത്മാവിന്റെ ശുദ്ധീകരണം ............ 7
2. ആത്മ സംസ്കരണത്തിന്റെ യാഥാർഥ്യം ............ 9
3. ആത്മ വിശുദ്ധിയുടെ പ്രാധാന്യം ............ 11
4. സ്വർഗ്ഗം സംസ്കരിക്കപ്പെട്ട ആത്മാക്കൾക്ക് ............ 13
5. ഹദീസ് – തസ്കിയയുടെ ഒരു സ്രോതസ് ............ 15
6. തസ്കിയ – ഒരു തുടർ പ്രക്രിയ ............ 17
7. അവസ്ഥാ മാറ്റത്തിനുള്ള നടപടിക്രമം ............ 19
8. തസ്കിയ – ആത്മീയ പരിപോഷണം ............ 21
9. ആരാധനയിൽ ഇജ്തിഹാദ് അനുവദനീയമല്ല ............ 23
10. തസ്കിയ – ഓരോ നിമിഷത്തിലും ............ 25
11. തെറ്റ് ചെയ്തതിനുശേഷമുള്ള ആത്മ പരിശോധന ............ 27
12. തസ്കിയ
 – ഹൃദയാധിഷ്ഠിതവും മാനസികാധിഷ്ഠിതവും ............ 29
13. ഒരു വഴികാട്ടിയുടെ ആവശ്യകത ............ 31
14. ആത്മ സംസ്കരണത്തിൽ
 പാരസ്പര്യത്തിന്റെ പ്രാധാന്യം ............ 33
15. മധ്യസ്ഥതയില്ലാതെ ............ 35
16. തസ്കിയക്കുമുമ്പ് ആവശ്യമുള്ളത് ............ 37
17. ആത്മ പരിശോധനയും ആത്മ സംസ്കരണവും ............ 39
18. തസ്കിയയും വിനയവും ............ 41
19. പ്രവാചക പ്രാർത്ഥനകൾ ............ 43
20. തസ്കിയയും ദുആയും ............ 45

21. തസ്കിയയുടെ രൂപം ........ 47
22. വിവേചന ശക്തി — തസ്കിയക്കൊരു വഴികാട്ടി ........ 49
23. തസ്കിയയുടെ അനുക്രമം ........ 51
24. തസ്കിയ നേടാനുള്ള കൂടുതൽ ഫലപ്രദമായ മാർഗ്ഗം ........ 53
25. തസ്കിയ കൈവരിക്കുവാനുള്ള ഉപാധികൾ എന്തെല്ലാം? . 55
26. തസ്കിയ — ബൗദ്ധിക പുരോഗതിയുടെ പ്രഭവ കേന്ദ്രം ........ 57
27. തസ്കിയയും വിജ്ഞാനവും ........ 59
28. അശ്രദ്ധയിൽ നിന്ന് സ്വയം രക്ഷിക്കുക ........ 61
29. തസ്കിയയും കാലത്തിന്റെ ഉപാധികളും ........ 63
30. തസ്കിയയുടെ വ്യവസ്ഥ ........ 65
31. യാഥാർഥ്യത്തിന്റെ അംഗീകരണം ........ 67
32. തസ്കിയയും പരിത്യാഗവും ........ 69
33. തസ്കിയ — ഒരു മനഃശാസ്ത്ര വ്യവഹാരം ........ 71
34. ധനാത്മക മനോവിജ്ഞാനീയത്തിന്റെ പ്രാധാന്യം ........ 73
35. ആത്മ പരിശോധന — തസ്കിയയുടെ അടിസ്ഥാനം ........ 75
36. ആത്മപരിശോധനയിൽ മുഴുകേണ്ടത് എങ്ങനെ? ........ 77
37. പരീക്ഷാ കടലാസ് മുൻക്കൂറായി കാണൽ ........ 79
38. തസ്കിയയും ഭൗതിക പരിത്യാഗവും ........ 81
39. തസ്കിയ — ഒരു മുന്നൊരുക്ക നടപടി ........ 83
40. തസ്കിയ — അല്ലാഹുവിലെത്തിച്ചേരാനുള്ള ഒരു മാർഗ്ഗം . 86
41. തസ്കിയയുടെ ലക്ഷ്യം ........ 88
42. തസ്കിയയുടെ മാനദണ്ഡം ........ 92
43. തസ്കിയയും മരണത്തെക്കുറിച്ചുള്ള സ്മരണയും ........ 94

# 1

# ആത്മാവിന്റെ ശുദ്ധീകരണം

**വി**ശുദ്ധ ഖുർആൻ പ്രവാചകന്റെ നാല് ഉത്തരവാദിത്വങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. അവയിൽ ഒന്ന്, ആത്മ ശുദ്ധീകരണം, അഥവാ ആത്മ സംസ്കരണമാണ് (2:129). സംസ്കരണത്തിന്റെ പ്രാധാന്യത്തിന് അടിവരയിടുന്നതാണ് അതിനെക്കുറിച്ചുള്ള ഖുർആനിക പ്രഖ്യാപനം എന്നതാണ് വാസ്തവം. അതുകൊണ്ടുതന്നെ വിശ്വാസികൾ തങ്ങളുടെ ജീവിതത്തിൽ ആത്മ സംസ്കരണത്തിന് മുൻ ഗണന കൊടുക്കേണ്ടത് അത്യാവശ്യമാണ്. അതുപോലെ ഓരോ പ്രബോധകനും പരിഷ്കർത്താവും ആത്മ സംസ്കരണ പ്രക്രിയക്ക് പരമ പ്രാധാന്യം കല്പിക്കേണ്ടതായിട്ടുണ്ട്.

നിരവധി ഇസ്‌ലാമിക അനുശാസനകൾ ഉൾക്കൊള്ളുന്നതാണ് ആത്മ സംസ്കരണം, അഥവാ തസ്കിയ. സ്വന്തത്തിൽ നിന്നും പിശാചിൽ നിന്നുമുള്ള പ്രലോഭനങ്ങളിൽ നിന്ന് ശുദ്ധീകരിക്കൽ, മറ്റുള്ളവരിൽ നിന്നുണ്ടാകുന്ന അഹിതകരമായ അനുഭവങ്ങളോട് തെറ്റായി പ്രതികരിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കൽ, നേർമ്മാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കാൻ കാരണമാകുന്ന പ്രേരണകളെ പ്രതിരോധിക്കൽ തുടങ്ങിയവയാണവ.

വാസ്തവത്തിൽ മനുഷ്യൻ അല്ലാഹുവാൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് വക്രതയില്ലാത്ത, ഋജുവായ രീതിയിലാണ്. പക്ഷെ, ഐഹിക ജീവിതത്തിൽ ബാഹ്യ ഘടകങ്ങൾ നിരന്തരമായി ചെലുത്തുന്ന സ്വാധീനങ്ങൾ മൂലം അവന്റെ നല്ല വ്യക്തിത്വം പലപ്പോഴും വിട്ടുവീഴ്ചക്ക് വിധേയമാകുന്നു. അവനുചുറ്റും സദാ നിലനിൽക്കുന്ന ആ സാധ്യതയെക്കുറിച്ച് മനുഷ്യൻ ജാഗരൂകനാ

വുകയും, അഹിതകരമായ സ്വാധീനങ്ങളെ മറികടക്കാൻ അചഞ്ച ലമായി പരിശ്രമിക്കുകയും വേണം.

ശുദ്ധീകരണത്തിന്റെ ആ അടിസ്ഥാന തത്വത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനും, അതിലേക്ക് അവരെ നയിക്കുന്നതിനും വേണ്ടിയുള്ളതായിരുന്നു എക്കാലത്തെയും പ്രവാചക പരിശ്രമങ്ങൾ. ആ പശ്ചാത്തലത്തിൽ, ആത്മ ശുദ്ധീക രണത്തിന്റെ കാര്യത്തിൽ മാനവരാശിക്കാകമാനം അദ്ദേഹം തുല്യ തയില്ലാത്ത ഒരു മാതൃകാ പുരുഷൻ ആകേണ്ടതുണ്ടായിരുന്നു.

ആത്മ സംസ്കരണ പ്രക്രിയയോടുള്ള പ്രവാചക സമീപന ങ്ങൾ അദ്ദേഹത്തിന്റെ സമകാലികർക്ക് പ്രത്യക്ഷമായിരുന്നെങ്കിൽ പിൽക്കാല തലമുറകൾക്ക് അത്തരം പ്രവാചക സമീപനങ്ങൾ പരോക്ഷമായിട്ടേ തുടരാൻ കഴിയുമായിരുന്നുള്ളു. ആത്മ സംസ്കരണം എന്ന വിഷയവുമായി ബന്ധപ്പെട്ട് പ്രവാചക തിരു മേനിയും അദ്ദേഹത്തിന്റെ സഹാബാക്കളും പറഞ്ഞതും പ്രവർത്തിച്ചതുമായ രേഖകളുടെ സമ്പൂർണ്ണ ശേഖരം പ്രവാച കന്റെ ജീവചരിത്രത്തിലുണ്ട്. പിൽക്കാല തലമുറ തികഞ്ഞ ഉത്ത രവാദിത്വ ബോധത്തോടുകൂടെ തങ്ങൾക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ അവയിൽ നിന്ന് കണ്ടെത്തിവേണം ആത്മ സംസ്കരണത്തിന്റെ വഴിയിൽ പരിശ്രമം നടത്താൻ. അത്തരം രേഖകളിൽ നിന്ന് വായിച്ചുമനസ്സിലാക്കാൻ കഴിവുള്ളവർക്ക് നേരിട്ടും, അതിന് കഴിവില്ലാത്തവർക്ക് മത പണ്ഡിതന്മാരുടെ സഹായത്തോടെയും ആത്മ സംസ്കരണത്തെക്കുറിച്ച് മനസ്സിലാ ക്കിയ ശേഷം അത് സ്വജീവിതത്തിൽ പകർത്താം.

## 2

# ആത്മ സംസ്കരണത്തിന്റെ യാഥാർഥ്യം

**വി**ശുദ്ധ ഖുർആനിലെ രണ്ടാം അധ്യായത്തിൽ പറഞ്ഞതു പ്രകാരം പ്രവാചകന്റെയും അദ്ദേഹത്തിന്റെ സമകാലികരായ സഹാബാക്കളുടെയും പ്രധാന ചുമതലകളിൽ ഒന്ന് *"വേദവും വിജ്ഞാനവും അഭ്യസിപ്പിക്കുകയും സംസ്കരിക്കുകയും ചെയ്യുക"*(2:129) എന്നതായിരുന്നു. സ്വയം സംസ്കരിക്കുക എന്നത് ഓരോ വിശ്വാസിയെ സംബന്ധിച്ചും അത്യാവശ്യമായിരുന്നു. ആത്മവിശുദ്ധിയില്ലാതെ സ്വഭാവ ദാർഢ്യമുള്ള വ്യക്തിത്വം ഉണ്ടാവുകയില്ല. വിശുദ്ധ ഖുർആൻ 3:79 ൽ അത്തരം വ്യക്തിത്വത്തെക്കുറിച്ച് പറയുന്നത് *"നിഷ്കളങ്ക ദാസന്മാർ"* എന്നാണ്. വാസ്തവം ഇതാണ്, ആത്മ വിശുദ്ധി മാത്രമെ മനുഷ്യനെ സ്വർഗ്ഗ പ്രാപ്തിയിലേക്ക് നയിക്കുകയുള്ളു(20:76).

തസ്കിയ, അഥവാ ആത്മ വിശുദ്ധി എന്നാൽ അക്ഷരാർത്ഥത്തിൽ വളർച്ചയാണ്. അതിന്റെ ഒരു ഉദാഹരണം വൃക്ഷത്തിൽ കാണാം. വൃക്ഷം ഒരു വിത്തിന്റെ വളർച്ചയുടെ ഫലമാണ്. വിത്ത് അനുകൂല സാഹചര്യത്തിൽ മുളപൊട്ടി, തഴച്ചുവളർന്ന് വൻവൃക്ഷമായിത്തീരുന്നു. മനുഷ്യന്റെ ആത്മ വിശുദ്ധിയുടെ കാര്യവും അതുപോലെയാണ്. ആ നിലക്ക് തസ്കിയ മനുഷ്യന്റെ ബൗദ്ധിക വളർച്ചയാണ് ഉൾക്കൊള്ളുന്നത്.

ദൈവം മനുഷ്യനെ മഹത്തായ സിദ്ധിവിശേഷങ്ങളോടെയാണ് സൃഷ്ടിച്ചിട്ടുള്ളത്. മനുഷ്യ വ്യക്തിത്വത്തിലെ ആ സിദ്ധിവിശേഷങ്ങൾ പ്രത്യക്ഷീഭവിക്കുന്നത് തസ്കിയ വഴിയാണ്. അതിന്റെ അടിസ്ഥാനത്തിൽ മനുഷ്യ വ്യക്തിത്വത്തിന്റെ സൃഷ്ടിപ്പ്

ഒരു ദൈവികാടിത്തറയിലാണെന്ന് പറയാം.

ഒരു മനുഷ്യൻ തന്റെ വിശ്വാസത്തിൽ യാഥാർഥ്യം അംഗീകരിക്കുന്നതോടുകൂടെ തസ്കിയയിലേക്കുള്ള പ്രയാണം ആരംഭിക്കുന്നു. ക്രമേണ അവൻ ആത്മ വിശുദ്ധി കൈവരിക്കുന്നു. അല്ലെങ്കിൽ, ബൗദ്ധികതയിലും ദൈവത്തോടുള്ള ഭക്തിയിലും പുരോഗതി കൈവരിച്ച വ്യക്തിത്വമായി പരിണമിക്കുന്നു. ആ മനുഷ്യനാണ് നാളെ പരലോകത്ത് ദൈവത്തിന്റെ അനശ്വര സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ അർഹത നേടുന്നത്.

തസ്കിയയെക്കുറിച്ച് നിഗൂഢതകളൊന്നുംതന്നെയില്ല. സത്കിയ പ്രാപിക്കാനാവുക ധ്യാനത്തിലൂടെയല്ല, അവലോകനത്തിലൂടെയാണ്. അത് സ്വത്വത്തെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചുമുള്ള വിചിന്തനം അനിവാര്യമാക്കിത്തീർക്കുന്നു. അതിലൂടെ ദൈവത്തെ മനസ്സിലാക്കുവാനുള്ള ബൗദ്ധിക പോഷണം ലഭിക്കുന്നു. ആ പ്രക്രിയയുടെ ഫലമായിട്ടാണ് വിശുദ്ധിയുള്ള വ്യക്തിത്വം ലഭിക്കുന്നത്.

തസ്കിയയെക്കുറിച്ച് അമൂർത്തമായി ഒന്നുംതന്നെയില്ല. അതൊരു അറിയപ്പെടുന്ന യാഥാർഥ്യമാണ്. ആത്മ സംസ്കരണത്തിനുവേണ്ടിയുള്ള വ്യക്തിയുടെ പോരാട്ടത്തിന്റെ ഫലമായി നേടുന്നതാണ് തസ്കിയ. അത് ഏതെങ്കിലും ദിവ്യ പരിവേഷമുള്ള വ്യക്തിയിൽ നിന്ന് കിട്ടുന്ന നിഗൂഢമായൊരു ദിവ്യജ്ഞാനവുമല്ല.

# 3

# ആത്മ വിശുദ്ധിയുടെ പ്രാധാന്യം

**ഹ**ദീസ് ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തപ്പെട്ട ഒരു നിഷ്ഠയെ കുറിച്ച് 'സഹീഹ് മുസ്‌ലിമി'ൽ പ്രതിപാദിക്കപ്പെടുന്നു:

വിധീ നിർണ്ണയ നാളിൽ സ്വർഗ്ഗാവകാശികളെല്ലാം സ്വർഗ്ഗത്തിലും നരകാവകാശിളെല്ലാം നരകത്തിലും പ്രവേശിപ്പിക്കപ്പെട്ടു കഴിയുമ്പോൾ ഒരു വെളുത്ത ചെമ്മരിയാടിന്റെ രൂപത്തിൽ മരണം അവിടെ കൊണ്ടുവരപ്പെടും. അതിനെ സ്വർഗ്ഗനരകങ്ങളുടെ ഇടയിൽ നിർത്തപ്പെടും. എന്നിട്ട് പറയപ്പെടും: "ഹേ സ്വർഗ്ഗവാസികളേ, നിങ്ങൾ ഇതിനെ തിരിച്ചറിയുന്നുവോ?"

അവർ അതിനെ നോക്കിയിട്ട് പറയും: "അതെ, ഇത് മരണമാണ്."

അതുകഴിഞ്ഞ് നരക വാസികളും ചോദിക്കപ്പെടും: "ഹേ നരക വാസികളേ, നിങ്ങൾ ഇതിനെ തിരിച്ചറിയുന്നുവോ?"

അവർ നോക്കും. എന്നിട്ട് പറയും: "അതെ, ഇത് മരണമാണ്."

അതിനുശേഷം ചെമ്മരിയാടിന്റെ രൂപത്തിലുള്ള മരണത്തെ വധിക്കാൻ ഉത്തരവിടപ്പെടും. എന്നിട്ട് പറയും: "ഹേ സ്വർഗ്ഗവാസികളേ, ഇപ്പോൾ നിങ്ങൾ നിത്യതയിലായി. നിങ്ങൾക്കിനി മരണമില്ല. ഹേ നരക വാസികളേ, നിങ്ങളും നിത്യതയിലായി. നിങ്ങൾക്കും ഇനി മരണമില്ല." (സഹീഹ് മുസ്‌ലിം: 2849).

എന്താണ് സംസ്കരണം, അഥവാ ശുദ്ധീകരണം?

ഒരുവന്റെ ആത്മാവിനെ ശുദ്ധീകരിക്കലാണത്. അതായത്,

സ്വർഗ്ഗത്തിന്റെ ഉൽകൃഷ്ടമായ അന്തരീക്ഷത്തിൽ നിവസിക്കാനുള്ള യോഗ്യത നേടൽ. അന്ത്യ വിധീ ദിവസം ശുദ്ധീകരിക്കപ്പെട്ട വ്യക്തിത്വങ്ങളെ സ്വർഗ്ഗത്തിലേക്ക് നയിക്കും. ശുദ്ധീകരിക്കപ്പെടാത്ത വ്യക്തിത്വങ്ങളെ നരകത്തിലേക്ക് തള്ളുകയും ചെയ്യും. അതിനുശേഷം മരണം എന്ന നിയമം റദ്ദാക്കിയതായി പ്രഖ്യാപിക്കപ്പെടും. അപ്പോൾ ഇരുകൂട്ടരും അവരവരുടെ സങ്കേതങ്ങളിൽ നിത്യവാസികളായിത്തീരുന്നു. അതൊരു അസാധാരണ മുഹൂർത്തമായിരിക്കും.

സ്വർഗ്ഗ വാസികൾ അനശ്വരമായ സന്തോഷത്തിന്റെ അവസ്ഥയിലായിരിക്കും. നേരെ മറിച്ച് നരക വാസികളോ, ആത്മാക്കൾ ശുദ്ധീകരിക്കപ്പെടാത്തതിന്റെ പേരിൽ വിവരണാതീതമായ ദുഃഖത്തിലും നിത്യമായ പീഡനത്തിലുമായിരിക്കും. ആ സമയത്ത് അവസാനത്തെ പ്രതീക്ഷയും അസ്തമിച്ചിട്ടുണ്ടാകും. അതായത്, മരണത്തിലൂടെയെങ്കിലും നരകത്തിലെ യാതനകളിൽ നിന്ന് രക്ഷപ്പെടാമെന്നുള്ള പ്രതീക്ഷ. ആ അവബോധം ആത്മ സംസ്കരണത്തിന്റെ മാർഗ്ഗം കൈകൊള്ളാനുള്ള ശക്തമായ പ്രേരണയായിത്തീരും എന്ന കാര്യത്തിൽ സംശയമില്ല.

# 4

# സ്വർഗ്ഗം
# സംസ്കരിക്കപ്പെട്ട ആത്മാക്കൾക്ക്

**വി**ശുദ്ധ ഖുർആനിലെ ഇരുപതാം അധ്യായമനുസരിച്ച്, ഈ ലോകത്തുവെച്ച് ആത്മാവിനെ സംസ്കരിച്ച് പരിശുദ്ധമായ വ്യക്തിത്വത്തോടുകൂടി പരലോകത്ത് പ്രവേശിക്കുന്നവർക്കുള്ളതാണ് സ്വർഗ്ഗം. വിശുദ്ധ ഖുർആനിലെ പല വചനങ്ങളിൽ ആ വസ്തുത വ്യക്തമായി വിവരിച്ചിട്ടുണ്ട്. സ്വർഗ്ഗ പ്രാപ്തി സാധ്യമാകുന്നത് തികച്ചും വ്യക്തിപരമായ യോഗ്യതയുടെ അടിസ്ഥാനത്തിലാണ്. ഏതെങ്കിലും സമൂഹത്തിലോ വിഭാഗത്തിലോ ഉൾപ്പെടുന്നതിന്റെ പേരിലല്ല. അതായത്, സ്വയം ശുദ്ധീകരിക്കപ്പെടുന്നവന് മാത്രമാണ് സ്വർഗ്ഗം. ശുദ്ധീകരണം അഥവാ സംസ്കരണമെന്നത് അശ്രദ്ധമായ ജീവിതം കൈവെടിഞ്ഞ് ധർമ്മ നിഷ്ഠമായ ജീവിതം നയിക്കലാണ്. സത്യ വിശ്വാസി സത്യ മാർഗ്ഗത്തിൽ ഉണ്ടായേക്കാവുന്ന പ്രതിസന്ധികളിൽ നിന്ന് സ്വയം രക്ഷിക്കുകയും, തടസ്സങ്ങൾ നേരിടേണ്ടിവരുമ്പോൾ അവയോട് സമരസപ്പെടുന്ന രീതി കൈവെടിയുകയും, ഉള്ളിൽ ഭൗതികാസക്തി ഉയരുമ്പോൾ അതിനെ തകർക്കുകയും, അഹങ്കാരത്തെയും ഗർവ്വിനെയും അതിജീവിക്കുകയും വേണം.

തസ്കിയ എന്നാൽ വ്യക്തിത്വത്തിലെ പ്രതികൂല ഘടകങ്ങളെ ശുദ്ധീകരിച്ച് പൂർണ്ണത നേടുന്നതിലൂടെ അനുകൂലമായ ഒരന്തരീക്ഷത്തിൽ എത്തിച്ചേരലാണ്. അത് പ്രവാചകന്മാർക്ക് കൊടുത്ത വളരെ പ്രധാനപ്പെട്ട ഒരു കർത്തവ്യമായിരുന്നു.

ഒരു പ്രവാചകൻ മനുഷ്യ രാശിയുടെ ഹൃദയങ്ങളെ അല്ലാഹുവിനോടുള്ള സ്നേഹമൊഴിച്ചുള്ള മറ്റെല്ലാറ്റിൽ നിന്നും വിമുക്ത

മാകാനുള്ള മഹത്തായ പരിശ്രമങ്ങൾ നടത്തുന്നു. മനുഷ്യാത്മാക്കളെ സങ്കീർണ്ണതകളിൽ നിന്ന് വിമുക്തമാക്കി, പ്രപഞ്ചത്തിൽ സത്യ വിശ്വാസികൾക്കായി അല്ലാഹു ഒരുക്കിവെച്ചിട്ടുള്ള വസ്തുക്കൾ സ്വീകരിക്കാൻ വേണ്ടി പാകപ്പെടുത്തുന്നു.

ആത്മ വിശുദ്ധി സ്വർഗ്ഗ പ്രവേശനത്തിനുള്ള അടിസ്ഥാന നിബന്ധനയാണ്. ആത്മവിശുദ്ധിയില്ലാത്തവന് സ്വർഗ്ഗ പ്രവേശനം സാധ്യമല്ല.

5

# ഹദീസ്
# — തസ്കിയയുടെ ഒരു സ്രോതസ്

**ഒ**രിക്കൽ ഒരു പണ്ഡിതൻ പറഞ്ഞു:

“ആർക്കെങ്കിലും തന്റെ ഭവനത്തിൽ ഒരു ഹദീസ് ശേഖരണമുണ്ടെങ്കിൽ അവൻ പ്രവാചകനുമായി അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ സംഭാഷണം നടത്തുന്നതുപോലെയാണ്.”

പ്രവാചകനുമായി സംഭാഷണം നടത്തുന്നതുപോലെയാണ് എന്നതിന്റെ വിവക്ഷ പ്രവാചകന്റെ സഹകാരിയായിരിക്കുക എന്നുതന്നെയാണ്.

ഹദീസ് ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തപ്പെട്ട പ്രവാചക വചനങ്ങളിൽ ഒന്നുപോലും അമൂർത്ത സ്വഭാവത്തിലുള്ളതല്ല. ഓരോ പ്രഭാഷണത്തിനും ഒരു പ്രത്യേക പശ്ചാത്തലമുണ്ട് എന്നത് സത്യമാണ്. വ്യത്യസ്ത സന്ദർഭങ്ങളിൽ, വ്യത്യസ്ത സാഹചര്യങ്ങളിൽ, അത്തരം സന്ദർഭങ്ങളുടെയും സാഹചര്യങ്ങളുടെയും ആവശ്യമനുസരിച്ചാണ് മഹാനായ പ്രവാചകൻ തന്റെ മുമ്പിലുള്ളവർക്ക് ഉപദേശ നിർദ്ദേശങ്ങൾ നല്കിയത്. ആ നിലക്ക് പ്രവാചകന്റെ ഓരോ പ്രഭാഷണവും ഒരു നിശ്ചിത സാഹചര്യവുമായി ബന്ധപ്പെട്ടതായിരിക്കും. പ്രവാചകന്റെ എല്ലാ സംഭാഷണങ്ങളും സന്ദർഭോചിതമായി പ്രസക്തവുമായിരിക്കും.

ഒരുവൻ ഹദീസുകളെ ആഴത്തിൽ മനസ്സിലാക്കുകയും അതിന്റെ പശ്ചാത്തലത്തെപ്പറ്റി ഗ്രഹിക്കുകയും ചെയ്യുമ്പോൾ അവൻ പ്രവാചകന്റെ സാന്നിധ്യത്തിൽത്തന്നെയാണെന്നുള്ള പ്രതീതിയുണ്ടാകുന്നു. അങ്ങനെയാകുമ്പോൾ അവന് താൻ ഒരു ഗ്രന്ഥത്തിൽ നിന്ന് വായിക്കുകയാണെന്നുള്ള തോന്നലിനുപകരം

അതിന്റെ വരികൾക്കിടയിൽ അന്തർല്ലീനമായിരിക്കുന്നതിനെ ക്കുറിച്ച് അവബോധമുണ്ടാകുകയും, അവയുടെ പശ്ചാത്തലത്തെ ക്കുറിച്ച് മാനസികമായി ഉണർവ്വ് ലഭിക്കുകയും ചെയ്യുന്നു. വായ നക്കാരൻ വായനയിൽ ആവേശമുള്ളവനാണെങ്കിൽ അവന് ശരിക്കും പ്രവാചക സാമീപ്യം അനുഭവപ്പെടും. അത് ഹദീസ് ഗ്രഹിക്കുന്നതിൽ നാനാവിധത്തിലുള്ള വർദ്ധനവുണ്ടാക്കും.

ആത്യന്തിക വിശകലനത്തിൽ, ഹദീസ് വായിക്കുന്നയാൾ വെറും വായനക്കാരനല്ല. മറിച്ച്, പ്രവാചക തിരുമേനിയുടെ സദ സ്സിൽ അദ്ദേഹത്തിന്റെയും സഹാബാക്കളുടെയും കൂടെയിരുന്ന് അവരുടെ സംഭാഷണം ശ്രദ്ധിക്കുന്ന ഒരാളായിമാറുന്നു. അത് ഹദീസ് പഠനത്തിന്റെ ഒരു ക്രിയാത്മക രീതിയാണ്. തന്നെയുമല്ല, അത്തരം ക്രിയാത്മക രീതികളിലൂടെ നബിസുന്നത്തിനെക്കുറിച്ച് പഠിക്കുന്നത് ആത്മ സംസ്കരണത്തിന്റെ മഹത്തായ ഒരു സ്രോത സ്സുമാണ്.

# 6

# തസ്കിയ
# — ഒരു തുടർ പ്രക്രിയ

പ്രവാചക തിരുമേനിയുടെ പ്രിയ പത്നി ആയിശ(റ) അദ്ദേഹത്തെക്കുറിച്ച് പറയുന്നു:

“ഓരോ അവസരത്തിലും പ്രവാചകൻ അല്ലാഹുവിനെ സ്മരിക്കുമായിരുന്നു.” (സഹീഹ് ബുഖാരി).

ആ നിഷ്ഠ സംസ്കരണത്തിന്റെ പ്രവാചക രീതിയെ കാണിക്കുന്നു. അതായത്, എല്ലാ അവസരങ്ങളിലും പ്രവാചകൻ ആത്മ സംസ്കരണത്തിൽ വ്യാപൃതനായിരുന്നു എന്ന്. തസ്കിയ എന്നത് ഒരു ഹ്രസ്വ കാല പഠന പദ്ധതിയുടെ പേരല്ല; പകരം, ഒരു തുടർ പ്രക്രിയയുടെ പേരാണ് എന്നാണത് കാണിക്കുന്നത്. ഒരു വിശ്വാസി സത്യം കണ്ടെത്തുമ്പോൾ തന്റെ മനഃസാക്ഷിയുടെ ഉണർവ്വിന്റെ പേരിൽ നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം ജീവിതത്തിലുണ്ടാകുന്ന ഓരോ അനുഭവവും ആത്മ സംസ്കരണത്തിനുള്ള ഓരോ സൂചനകളായിത്തീരുകയും ചെയ്യുന്നു. അത് ദിനംപ്രതിയുള്ള ആത്മ പോഷണത്തിന് അവനെ പ്രാപ്തനാക്കുന്നു. ആ രീതിയിൽ ആത്മ സംസ്കരണ പ്രക്രിയ അവന്റെ അന്ത്യ ശ്വാസം വരെ തുടരുന്നു.

സ്ഥിരമായ പോഷണത്തിലൂടെ ശാരീരികോർജ്ജം ഉത്പാദിപ്പിക്കപ്പെടുന്നതുപോലെ സ്ഥിരമായ പരിശ്രമത്തിലൂടെ തസ്കിയ നേടാനാകുന്നു. ഒരു പൊതു ധാരണയുണ്ട്, ആത്മ സംസ്കരണം നേടാൻ ലഘുവായ ചില പരിശീലനങ്ങൾ മതിയാകുമെന്ന്. അതായത്, ഒരു നിശ്ചിത കാലയളവിൽ ചില നിശ്ചിത പാഠ്യ പദ്ധതികളിലൂടെ ഒരു പഠനം നേടുന്നതുപോലെ തസ്കിയ നേടാ

മെന്ന്. എന്നാൽ, തസ്കിയയെ വിലകുറച്ചുകാണലാണത്.

തസ്കിയ ക്രമപ്രവൃദ്ധമായി സംഭവിക്കേണ്ട ഒരു അവസ്ഥയാണ്. ഒരു നിശ്ചിത രീതിയിലുള്ള പരിശീലന പരിപാടിയിലൂടെ സംജാതമാകുന്ന ഒന്നല്ല അത്. അതിനാവശ്യം ജാഗ്രതാവസ്ഥയിലുള്ള ഒരു മനസ്സാണ്. അത് അശ്രാന്തമായ ബൗദ്ധിക നടപടിക്രമത്തിലൂടെയാണ് ആർജ്ജിക്കാനാവുക. ഏതെങ്കിലും താത്കാലിക പാഠ്യപദ്ധതിയിലൂടെയല്ല.

# 7

# അവസ്ഥാ മാറ്റത്തിനുള്ള നടപടിക്രമം

**ആ**ത്മ സംസ്കരണം എന്നത് ദിനേന നടക്കേണ്ടതായ ഒരു തുടർ പ്രക്രിയയാണ്. അത് അങ്ങനെ സംഭവിക്കാതിരിക്കുമ്പോഴുണ്ടാവാനിടയുള്ള ഫലത്തെ കുറിച്ച് ഒരു ഹദീസിൽ പറയുന്നു: "ഇരുമ്പ് ജല സ്പർശ്ശത്താൽ തുരുമ്പെടുക്കുന്നതുപോലെ ഹൃദയം തുരുമ്പെടുക്കുന്നു."

ഒരു ചോദ്യം ചോദിക്കപ്പെട്ടു: "പ്രവാചകരേ, ഒരുവന്റെ ഹൃദയം ശുദ്ധീകരിക്കാൻ, അല്ലെങ്കിൽ സംസ്കരിക്കാൻ എന്താണ് മാർഗ്ഗം?"

പ്രവാചകൻ പ്രതിവചിച്ചു: "മരണത്തെക്കുറിച്ച് സദാ ഓർക്കുകയും ഖുർആൻ പഠിക്കുകയും ചെയ്യുക."

പ്രവാചകന്റെ ആ ചര്യ മനഃശാസ്ത്രപരമായ ഒരു സത്യം നമ്മോട് പറയുന്നു. അതായത്, ഒരു മനുഷ്യനിൽ താൻ ജീവിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യ സാഹചര്യങ്ങളിൽ തുടർച്ചയായി ഒരുപാട് പ്രതിസന്ധികളിലൂടെ കടന്നുപോകേണ്ടിവരുന്നതുമൂലം നിഷേധാത്മക വികാരങ്ങൾ രൂപം കൊള്ളും. ഉദാഹകരണത്തിന് കോപം, വെറുപ്പ്, അക്രമാസക്തി, പ്രതികാര ദാഹം തുടങ്ങിയവ. എന്നാൽ മനുഷ്യൻ അത്തരം മ്ലേച്ഛ വികാരങ്ങളെ അപ്പപ്പോൾത്തന്നെ കുഴിച്ചുമൂടണം. അതിൽ പരാജയപ്പെട്ടാൽ അവ മനസ്സിൽ സ്ഥിര പ്രതിഷ്ഠ നേടുകയും, മനസ്സിൽ നിന്ന് അവയെ നിർമ്മാർജ്ജനം ചെയ്യുക എന്നുള്ളത് അസാധ്യമായിത്തീരുകയും ചെയ്യും.

മനുഷ്യ മനസ്സിന് പ്രബലമായ രണ്ട് ഭാഗങ്ങളുണ്ട്: ബോധ മനസ്സും അബോധമനസ്സും. നിഷേധാത്മക വികാരങ്ങൾ ബോധ മനസ്സിലേക്കാണ് സ്വാഭാവികമായും ആദ്യം കടന്നുകൂടുക. അത്തരം വികാരങ്ങളെ ബോധമനസ്സിൽ നിന്ന് ഉടനടി പുറന്തള്ളാതിരുന്നാൽ അവ ക്രമേണ മനസ്സിന്റെ അബോധ മണ്ഡലത്തിലെത്തിച്ചേരും. അവിടെ നിന്ന് അവയെ പുറന്തള്ളുക എളുപ്പമായിരിക്കുകയില്ല. മനുഷ്യൻ അതിനെക്കുറിച്ച് എപ്പോഴും ജാഗരൂകനായിരിക്കണം. നിഷേധാത്മകതയെ ധനാത്മകതയിലേക്ക് എപ്പോഴും പരിവർത്തിപ്പിച്ചുകൊണ്ടേയിരിക്കണം. അതായത്, മനസ്സിനെ ശുദ്ധീകരിക്കുന്നതിന്റെയും, മാലിന്യ മുക്തമാക്കുന്നതിന്റെയും ഭാഗമായി മനസ്സിന് അവസ്ഥാ ഭേദം വരുത്തണം.

ശുദ്ധീകരണത്തിന് അല്ലെങ്കിൽ മനസ്സിന്റെ അവസ്ഥാ മാറ്റത്തിന് ഏക പോംവഴി മരണത്തെക്കുറിച്ച് ആവർത്തിച്ച് ഓർക്കലും ഖുർആന്റെ വെളിച്ചത്തിൽ ജീവിത ലക്ഷ്യത്തെക്കുറിച്ച് ചിന്തിക്കലുമാണ്.

# 8

# തസ്കിയ

# — ആത്മീയ പരിപോഷണം

**ശ**രീരത്തിന് ഭക്ഷണ പദാർത്ഥങ്ങൾ വേണം. അത് ലഭിച്ചാൽ ശരീരത്തിന്റെ ആരോഗ്യം നിലനിൽക്കും. അതുപോലെ, ആതമാവിന് ആത്മീയമായ അവശ്യ സാധനങ്ങൾ ആവശ്യമുണ്ട്. ആത്മാവിന് അവ നല്കപ്പെട്ടാൽ അത് ആരോഗ്യത്തോടെ നിലനിൽക്കും. ആത്മാവിന് ഭക്ഷണം നല്കുന്നതിനെയാണ് ആത്മാവിന്റെ ശുദ്ധീകരണം എന്നുവിളിക്കുന്നത്. അങ്ങനെ ആരോഗ്യം സിദ്ധിച്ച ആത്മാവിനെയാണ് ശുദ്ധീകരിക്കപ്പെട്ട, അല്ലെങ്കിൽ സംസ്കരിക്കപ്പെട്ട, അതുമല്ലെങ്കിൽ വിമലീകരിക്കപ്പെട്ട ആത്മാവ് എന്നുവിളിക്കുന്നത്.

വിശുദ്ധ ഖുർആൻ പ്രകാരം ആത്മാവിനുള്ള ഭക്ഷണം ചിന്തയാണ് (3:191). മനുഷ്യ ജീവിതത്തിൽ ഓരോ നിമിഷവും ചില ആകസ്മിക സംഭവങ്ങളുണ്ടാകും. ആ ആകസ്മികതകൾ സാമൂഹ്യ തലത്തിലുള്ളതാവാം ചരിത്രപരമാകാം പ്രാപഞ്ചിക തലത്തിലുള്ളതുമാകാം. ഏതുതലത്തിലുള്ളതായാലും അവയെക്കുറിച്ച് ചിന്തിക്കലും അവയിൽ നിന്ന് പഠമുൾക്കൊള്ളലും ആത്മാവിനുള്ള ഭക്ഷണമാണ്.

ഒരുവന് തനിക്കുചുറ്റും സംഭവിക്കുന്ന കാര്യങ്ങളിലെല്ലാം അല്ലാഹുവിന്റെ അനുഗ്രഹമാണുള്ളതെന്ന് മനസ്സിലാക്കുന്ന തരത്തിൽ തന്റെ അന്തർബ്ബോധത്തെ വികസിപ്പിക്കാൻ കഴിഞ്ഞാൽ, തനിക്കുചുറ്റും നടക്കുന്ന ഓരോ സംഭവ വികാസവും അല്ലാഹുവിനെ സ്മരിക്കുന്നതിനുള്ള നിമിത്തങ്ങളാക്കാൻ കഴിഞ്ഞാൽ, അവൻ തന്റെ ആത്മാവിന് ആവശ്യമായ ദൈവിക പോഷണം

കരസ്ഥമാക്കിക്കഴിഞ്ഞു. അവന്റെ ആത്മാവിനാവശ്യമായ ആ ദൈവിക പോഷണം അവനീ ലോകം വിട്ട് അല്ലാഹുവിന്റെ സന്നിധിയിലേക്ക് ആനയിക്കപ്പെടുന്നതുവരേക്കും തുടരുകയും ചെയ്യും.

തസ്കിയയുടെ ഏറ്റവും പ്രധാനപ്പെട്ട സ്രോതസ്സ് ഏതാണെന്നുവെച്ചാൽ, ഓരോ സംഭവ വികാസങ്ങളിൽ നിന്നും ഒരുവന് പഠിക്കാൻ കഴിയുന്ന പാഠങ്ങളാണ്. അങ്ങനെ പാഠം പഠിക്കാനുള്ള ശേഷി തസ്കിയയുടെ അടിസ്ഥാനം തന്നെയാണ്. ആ മണ്ണിൽ നിന്നാണ് തസ്കിയ വളരുന്നത്. മറ്റേതെങ്കിലും തലത്തിൽ തസ്കിയ വളർത്താമെന്ന് കരുതുന്നത് പാറപ്പുറത്ത് വൃക്ഷം വളർത്താൻ ശ്രമിക്കുന്നതുപോലെയാണ്. തസ്കിയയുടെ സ്രോതസ് എന്നത് ഒരു ദിവ്യ വ്യവസ്ഥയാണ്, മനുഷ്യ ഏർപ്പാടല്ല. അല്ലാഹുവും മനുഷ്യനും തമ്മിൽ സ്ഥാപിച്ചെടുത്ത മനഃശാസ്ത്രപരമായ ഒരു ബന്ധത്തിന്റെ ഫലമായിട്ടാണത് ലഭിക്കുന്നത്. അല്ലാഹുവിനും മനുഷ്യനുമിടയിലെ ഒരു മധ്യവർത്തിയുടെ ഇടപെടലിലൂടെയല്ല തസ്കിയ ലഭിക്കുന്നത്.

തസ്കിയ മനുഷ്യന് അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന മഹത്തായ ഒരു അനുഗ്രഹമാണ്.

# 9

# ആരാധനയിൽ ഇജ്തിഹാദ് അനുവദനീയമല്ല

**ഒ**രിക്കൽ ഒരു മത പണ്ഡിതൻ അറിയപ്പെടുന്ന ഒരു സൂഫീ കേന്ദ്രം സന്ദർശ്ശിച്ചു. അവിടെ ജനങ്ങൾ വളരെ ഉച്ചത്തിൽ ദിക്റുകളും മറ്റുചടങ്ങുകളും (ദിക്ർ ബിൽ ജഹർ) നടത്തുന്നതായി കണ്ടു. അത് കണ്ടപ്പോൾ പണ്ഡിതൻ റസൂലുല്ലയുടെ ഒരു ചര്യ ഉദ്ധരിച്ചു. അതിൽ പറയുന്നു:

''ആരെങ്കിലും ഈ മതത്തിലില്ലാത്തത് ഇതിൽ കടത്തിക്കൂട്ടുകയാണെങ്കിൽ അത് തള്ളിക്കളയപ്പെട്ടിരിക്കുന്നു.'' (സഹീഹ് അൽ ബുഖാരി: 2697).

പണ്ഡിതൻ പറഞ്ഞു: ''പ്രവാചകന്റെയോ സഹാബാക്കളുടെയോ കാലത്ത് ഈ സൂഫീ ചടങ്ങുകൾ നിലവിലുണ്ടായിരുന്നില്ല. ആയതുകൊണ്ട് ഈ ചടങ്ങുകൾ മതത്തിൽ പുതുതായി കൂട്ടിച്ചേർത്തതായി കണക്കാക്കണം.''

അതിന് സൂഫി പറഞ്ഞ മറുപടി:

''ഹദീസിൽ നിരോധിക്കപ്പെട്ടിട്ടുള്ളത് മതത്തിൽ പുതുതായി കൂട്ടിച്ചേർക്കുന്നതിനെയാണ് (ഇഹ്ദാത്ത് ഫിൽ അംറ്). അത് മതത്തിനുവേണ്ടി കൂട്ടിച്ചേർക്കുന്നതിനെ നിരോധിച്ചിട്ടില്ല (ഇഹ്ദാത്ത് ലിൽ അംറ്). തസവ്വുഫുമായി ബന്ധപ്പെട്ട എല്ലാ അനുഷ്ഠാനങ്ങളും മതത്തിനുവേണ്ടിയുള്ള പുതിയ കൂട്ടിച്ചേർക്കലുകളാണ്.''

സൂഫീ അനുഷ്ഠാനങ്ങളെക്കുറിച്ചുള്ള ആ വിശദീകരണം പണ്ഡിതോചിതമല്ല. അതിലെ വാചക ഘടന പരിഗണിച്ചാൽ അതിന് ഹദീസ് പ്രകാരം അടിസ്ഥാനമില്ല. മതത്തിൽ ഇല്ലാത്തത്

കൂട്ടിച്ചേർക്കരുത് എന്നാണ് ജനങ്ങളോടുള്ള പ്രവാചകന്റെ വസിയത്ത്. അതിലെ കാതലായ പ്രശ്നം ഒരു ഉപസർഗ്ഗത്തിന്റെ മാറ്റമല്ല. പ്രവാചകനിൽ നിന്ന് നമുക്ക് കിട്ടിയ മതത്തിൽ ഇപ്പോഴുള്ളതിൽ ഏതെങ്കിലും പിൽക്കാലത്ത് പുതുതായി കൂട്ടിച്ചേർക്കപ്പെട്ടതാണോ അല്ലയോ എന്നതാണ് യഥാർത്ഥ പ്രശ്നം. അതൊരു സ്ഥിരീകരിക്കപ്പെട്ട സത്യമാണ്. അതായത്, പ്രവാചകൻ നമ്മെ ഏല്പിച്ചുപോയ മതത്തിൽ ഖുർആനിക വചനങ്ങൾ ഉച്ചത്തിൽ ആവർത്തിക്കുന്ന തരത്തിലുള്ള ഒരു അനുഷ്ഠാനവും ഉണ്ടായിരുന്നില്ല എന്നത്. പണ്ഡിതന്മാർ ഐകകണ്ഠേന അംഗീകരിച്ചിട്ടുള്ള ഒരു നിലപാടാണ് ആരാധനാ കാര്യങ്ങളിൽ ഊഹപ്രവർത്തി പാടില്ല എന്നുള്ളത്. അതായത് ആരധനാ കാര്യങ്ങളിൽ ഇജ്തിഹാദ് പാടില്ല. ആ വിഷയത്തിലുണ്ടാകുന്ന അനുമാനങ്ങളോ തർക്കങ്ങളോ ഖുർആനും ഹദീസും അടിസ്ഥാനമാക്കി മാത്രമെ വിലയിരുത്തപ്പെടുകയുള്ളു. അവ രണ്ടുമല്ലാത്ത മറ്റേതെങ്കിലും കാര്യത്തെ അടിസ്ഥാനമാക്കിയുള്ള ഇജ്തിഹാദ് മതദൃഷ്ട്യാ പണ്ഡിതോചിതമല്ലാത്തതും അസ്വീകാര്യവുമാണ്.

# 10

# തസ്കിയ — ഓരോ നിമിഷത്തിലും

**ചി**ല നിശ്ചിത സമയങ്ങളിൽ ചില നിശ്ചിത വാക്കുകളോ വാക്യങ്ങളോ ഉരുവിടുന്നതുകൊണ്ടോ താത്കാലികമായ ഒരു പ്രവർത്തന പദ്ധതികൊണ്ടോ തസ്കിയ നേടാം എന്നൊരു തെറ്റായ പൊതു ധാരണ വ്യാപകമായി നിലനിൽക്കുന്നുണ്ട്. എന്നാൽ അത്തരം ആചാരപരമായ തസ്കിയ പ്രകൃതീ വിരുദ്ധമാണ്. അത്തരം ഹ്രസ്വ കാല പരിപാടികളുകൊണ്ട് ഒന്നും നേടാനാവില്ല.

വാസ്തവത്തിൽ ഒരുവൻ നിമിഷം പ്രതി നടത്തുന്ന ശ്വസനം പോലെ - അതിൽ താത്കാലിക പരിപാടി പറ്റുകയില്ല - തസ്കിയയും അനുനിമിഷം നടക്കേണ്ടുന്ന ഒരു തുടർ പ്രവർത്തനമാണ്. യഥാർത്ഥ തസ്കിയ ശ്വസനം പോലെ എല്ലാ നിമിഷവും നടക്കുന്നു. ഉദാഹരണത്തിന് ഒരു പേർഷ്യൻ കവി പാടുന്നു:

*ബാർ മസാരെമാ നേ ചിരാഗ് നേ ഗുലേ*
*നേ പാർ എ പർവാണാ റഖ്സദ്*
*നേ സഡായ് ബുൽബുലേ*

(ഞാനൊരു ദരിദ്രനായിരിക്കുന്നതുകൊണ്ട് എന്റെ ശവകുടീരത്തിൽ ദീപവുമില്ല പൂക്കളുമില്ല. അതുകൊണ്ട് പാറ്റകൾ എന്റെ ശവകുടീരത്തിന് ചുറ്റും വട്ടമിട്ടുപറക്കുന്നില്ല. അതുകൊണ്ടുതന്നെ രാപ്പാടികൾ എന്റെ ശവകുടീരത്തിൽ കളകുജനം മുഴക്കുന്നുമില്ല.)

അത്തരമൊരു ഈരടി മനസ്സിലേക്ക് വരുമ്പോൾ എത്ര വലിയ അജ്ഞതയിലാണ് കവി അകപ്പെട്ടിട്ടുള്ളത് എന്നാണ്

നിങ്ങൾ ആദ്യം ചിന്തിക്കുക. അയാൾ തന്റെ ശവകുടീരത്തിൽ വിളക്കും പൂക്കളും ഇല്ലാത്തതിനെക്കുറിച്ച് ചിന്തിക്കുന്നു. എന്നാൽ യഥാർത്ഥ പ്രശ്നം എന്താണ്?

മരണാനന്തരം മനുഷ്യൻ മറ്റൊരു ലോകത്ത് എത്തിപ്പെടുന്നു. അവിടത്തെ ആവശ്യങ്ങൾ ഇഹലോകത്തേതല്ല. തികച്ചും വ്യത്യസ്തമായിരിക്കും. ആ ലോകത്ത് ഈ ലോകത്തുണ്ടായിരുന്നതിനെക്കാൾ ഉയർന്ന നിലവാരത്തിലുള്ള ചിലതാണ് ആവശ്യം. അവിടെ മുന്നൊരുക്കങ്ങൾക്ക് സാവകാശം ലഭിക്കില്ല. അവിടെ ഈ ലോകത്ത് പ്രവർത്തിച്ചതിന്റെ ഫലങ്ങളാണ് നാം കാണുക. അവിടെ പരിഹാരക്രിയകൾക്കൊന്നും അവസരമുണ്ടായിരിക്കുകയില്ല.

പരിഷ്കരിച്ച ചിന്തകളുടെ ഫലമായുണ്ടാകുന്ന അത്തരം ഈരടികൾ വെറും വിനോദത്തിന് വേണ്ടി ജനങ്ങൾ ആലപിക്കുന്നു. അതിൽ വ്യക്തിക്ക് മഹത്തായ പാഠമുണ്ട്. പരലോകത്ത് വിജയം കൈവരിക്കാനുള്ള വ്യക്തിത്വത്തിനുവേണ്ടി അവൻ സ്വയം തയ്യാറെടുപ്പ് നടത്തും. മനസ്സിന്റെ പുനർ നവീകരണം നിമിത്തം മരണാനന്തരം അവന് കടന്നുപോകാനുള്ള അനുഭവങ്ങളെക്കുറിച്ച് അവൻ ചിന്തിക്കാനാരംഭിക്കും, തന്റെ ശവകുടീരത്തിന്റെ ബാഹ്യ അവസ്ഥയെക്കുറിച്ച് ചിന്തിക്കുന്നതിന് പകരം.

# 11

# തെറ്റ് ചെയ്തതിനുശേഷമുള്ള ആത്മ പരിശോധന

**ആ**ത്മ പരിശോധനയാണ് തസ്കിയയുടെ മുഖ്യ ഉറവിടം. ആത്മ പരിശോധന മുനുഷ്യ മനസ്സിനെ ഉണർത്തുന്നു, വ്യക്തിത്വത്തെ അത് പിടിച്ച് ഉലക്കുന്നു. അത് വ്യക്തിക്ക് സ്വയം നവീകരിക്കാനുള്ള ഉത്തേജനം നല്കുന്നു. ആ വിധത്തിൽ ആത്മ പരിശോധന ഒരുവനെ ബൗദ്ധികവും ആത്മീയവുമായ പുരോഗതിയിലേക്ക് നയിക്കുന്നു.

ഉദാഹരണത്തിന്, ആരെങ്കിലും നിങ്ങളെ വേദനിപ്പിക്കുന്ന തരത്തിൽ എന്തെങ്കിലും പറഞ്ഞുവെന്നിരിക്കട്ടെ. നിങ്ങൾ പ്രകോപിതനായി നിഷേധാത്മക രീതിയിൽ അതിനോട് പ്രതികരിക്കുകയും ചെയ്തു. പിന്നീട് നിങ്ങൾക്കതിൽ പശ്ചാത്താപം തോന്നുകയും ആത്മ പരിശോധനയിൽ ഏർപ്പെടുകയും ചെയ്തു. തന്റെ പെരുമാറ്റം തന്റെ വ്യക്തിത്വത്തെ ദോഷകരമായി ബാധിച്ചുവെന്നും അത് പരലോക ജീവിതത്തിൽ വിനാശകരമായ ഫലങ്ങളുണ്ടാക്കുമെന്നും നിങ്ങൾ മനസ്സിലാക്കും. തീർച്ചയായും നിഷേധാത്മക വ്യക്തിത്വം സ്വർഗ്ഗ പ്രവേശനം അസാധ്യമാക്കിത്തീർക്കും.

സ്വർഗ്ഗ വാസികളുടെ സംസ്കാരം സാമാധാനത്തിന്റേതായിരിക്കുമെന്ന് നിങ്ങൾ മനസ്സിലാക്കി. സ്നേഹത്തിലും സമാധാനത്തിലും ഒരുമിച്ചുകഴിയാൻ പ്രാപ്തിയുള്ളവരെ മാത്രമെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയുള്ളു. വസ്തുത അതായിരിക്കെ അസഹിഷ്ണുതയും അതിവേഗം പ്രകോപിതനാകുന്ന പ്രകൃതവും വ്യക്തമായ സൗഹൃദരാഹിത്യവും ഉള്ളയാൾ സ്വർഗ്ഗ പ്രവേശന

ത്തിന് അനർഹനായിരിക്കും. മാത്രമല്ല, സന്തോഷവും വിജയവും ശാശ്വതമായി നഷ്ടപ്പെട്ടവനുമായിരിക്കും. അത്തരം വിപ്ലവകര മായ ചിന്തകൾ നിങ്ങളെ ജാഗ്രതയുള്ളവനാക്കും, സ്വയം പരി വർത്തിപ്പിക്കാൻ തത്പരനുമാക്കും. ആത്മ പരിശോധനയിൽ നിന്ന് ഉത്ഭവിക്കുന്ന ചിന്ത തസ്കിയയുടെ മഹത്തായ സ്രോതസ്സാ ണ്. സ്വയം മൂല്യ നിർണ്ണയത്തിലൂടെയാണ്, ബാഹ്യമായ പ്രവർത്തനങ്ങളിലൂടെയല്ല തസ്കിയ കൈവരിക്കാനാവുക.

# 12

# തസ്കിയ — ഹൃദയാധിഷ്ഠിതവും മാനസികാധിഷ്ഠിതവും

**വി**ശുദ്ധ ഖുർആനിലെ മൂന്നാം അധ്യായത്തിന്റെ അവസാന ഭാഗം പഠിക്കുക. അതിൽ, മനസ്സിലാക്കാൻ കഴിയുന്ന ജനങ്ങളോട് ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലുള്ള ദൃഷ്ടാന്തങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ അനുശാസിക്കുന്നു അതിലൂടെ തങ്ങളുടെ നാഥനെ മനസ്സിലാക്കുന്നതിനുവേണ്ടി. ആ ദൃഷ്ടാന്തങ്ങളിലൂടെ അല്ലാഹുവിന്റെ സൃഷ്ടിപദ്ധതിയെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കും. സ്വർഗ്ഗ നരകങ്ങളെ നിങ്ങൾ കണ്ടെത്തും. പ്രവാചകന്റെ പ്രാധാന്യത്തെക്കുറിച്ച് നിങ്ങൾ ഗ്രഹിക്കുകയും ചെയ്യും. ചുരുക്കിപ്പറഞ്ഞാൽ, ഇപ്പറഞ്ഞതെല്ലാം തസ്കിയയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടതാണ്. ഖുർആനിലെ ആ വചനങ്ങളിൽ എല്ലാംതന്നെ അല്ലാഹുവിനെ മനസ്സിലാക്കലുമായി പ്രപഞ്ചത്തെക്കുറിച്ചുള്ള ചിന്ത ബന്ധപ്പെട്ടിരിക്കുന്നു. മറ്റുവാക്കുകളിൽ പറഞ്ഞാൽ, ഖുർആൻ പ്രകാരം, തസ്കിയ മനസ്സിനെ അടിസ്ഥാനമാക്കിയുള്ളതാണ്, ഹൃദയത്തെ അടിസ്ഥാനമാക്കിയുള്ളതല്ല.

അതുമായി ബന്ധപ്പെട്ട് ഖുർആനിലും ഹദീസിലും ഉപയോഗിച്ചിട്ടുള്ള, ഹൃദയം എന്ന വാക്ക് സാഹിത്യ രീതിയിലുള്ളതാണ്, പദാർത്ഥപരമായ അർത്ഥത്തിലല്ല. പിൽക്കാലത്ത് മുസ്ലീങ്ങൾ സൂഫീ സ്വാധീനത്തിൽ അകപ്പെട്ടതുകൊണ്ടാണ് തസ്കിയ ഹൃദയ കേന്ദ്രീകൃതമാണെന്നുള്ള ആശയത്തിൽ വിശ്വസിക്കാനാരംഭിച്ചത്. ആ ആശയമനുസരിച്ച്, മനുഷ്യ ഹൃദയമാണ് എല്ലാ

ദൈവിക യാഥാർഥ്യങ്ങളുടെയും ഖജനാവ് എന്ന വാദത്തിന് സ്വീകാര്യത ലഭിച്ചു. ഒരാൾക്ക് ധ്യാനത്തിലൂടെ ആ ഖജനാവിൽ എത്തിച്ചേരാനാകുമെന്നും അങ്ങനെ തസ്കിയ, അഥവാ ആത്മ ശുദ്ധി കൈവരിക്കാമെന്നും വിശ്വസിക്കപ്പെട്ടു. എന്നാൽ ആ 'ഹൃദയാധിഷ്ഠിത തസ്കിയ' എന്ന ആശയം ഖുർആനിൽ നിന്ന് നിർദ്ധാരണം ചെയ്യപ്പെട്ടതല്ല. യഥാർത്ഥത്തിൽ അതിന്റെ പ്രഭവ കേന്ദ്രം ചരിത്രമാണ്. 'ഹൃദയാധിഷ്ഠിത ആത്മീയത'യുടെ ഉത്പത്തി പൗരാണികതയിൽ നിന്നാണ്. ഒരു സാമ്പ്രദായിക ആ ചാരമെന്ന നിലയിൽ ജനങ്ങൾ അതിനെ ഇസ്‌ലാമിന് പരിചയപ്പെ ടുത്തി.

മനസ്സിനെ അടിസ്ഥാനമാക്കിയുള്ള ഇസ്‌ലാമിക തസ്കിയക്ക് ആധുനിക ശാസ്ത്രം നല്കുന്ന ശാസ്ത്രീയ അടിത്തറ അതിനെ ഒരിക്കൽക്കൂടെ പുനർജ്ജീവിപ്പിച്ചു. ഹൃദയത്തെ രക്ത ചംക്രമണത്തിനുള്ള ഒരു പമ്പ് മാത്രമായിട്ടാണ് ആധുനിക ഗവേഷണങ്ങൾ തെളിയിച്ചിട്ടുള്ളത്. ഹൃദയത്തിന് ചിന്തിക്കാനുള്ള ശേഷിയില്ല. മനസ്സിന് മാത്രമാണ് ചിന്താ ശേഷിയുള്ളത്. എല്ലാ മാനുഷിക പ്രവർത്തനങ്ങളും രൂപംകൊള്ളുന്നത് ചിന്തയിലൂടെയാണെന്നും, തസ്കിയ മാത്രം അതിന് അപവാദമല്ലെന്നും സ്ഥിരീകരിക്കാം. തസ്കിയ ആർജ്ജിക്കുക മാനസിക തലത്തിലാണ്, ഹൃദയത്തിലുള്ള ഏതെങ്കിലും ഉദ്യമത്തിലൂടെയല്ല. തസ്കിയ ലഭിക്കാൻ ഹൃദയത്തിലേക്ക് ശ്രദ്ധയൂന്നുന്നത് നഖം, മുടി തുടങ്ങിയവയിലേക്ക് ശ്രദ്ധകൊടുക്കുന്നതിന് തുല്യമാണ്.

## 13

# ഒരു വഴികാട്ടിയുടെ ആവശ്യകത

തത്വത്തിൽ, തസ്കിയയിലേക്കുള്ള പാത ഖുർആനെക്കുറിച്ചുള്ള ചിന്തയിലൂടെയും, പ്രവാചകന്മാരിൽ നിന്ന് മാർഗ്ഗ ദർശ്ശനം കണ്ടെത്താനുള്ള ഹദീസ് പഠനത്തിലൂടെയുമാണ്. അത് തസ്കിയയുടെ ഒരു അടിസ്ഥാന ഹേതുവാണ്. അതിന്റെ പ്രാധാന്യം അനന്ത കാലം നിലനിൽക്കുകയും ചെയ്യും. അതുകൂടാതെ തസ്കിയ നേടാനുള്ള ഒരു പ്രായോഗിക മാർഗ്ഗവുമുണ്ട്. അതാണ് ജീവിച്ചിരിക്കുന്ന ഒരു വഴികാട്ടിയെ കണ്ടെത്തുക എന്നുള്ളത്. ആ വ്യക്തിയുടെ അറിവുകളും അനുഭവങ്ങളും പ്രയോജനപ്പെടുത്താം. അങ്ങനെ ഒരാളെ കണ്ടെത്തിയാൽ അദ്ദേഹത്തെ നിരുപാധികം സ്വീകരിക്കണം. മാർഗ്ഗ ദർശ്ശകനെ സ്വീകരിക്കുന്നതിന് ഉപാധികൾ വെക്കുന്നത് തസ്കിയയുടെ മാർഗ്ഗത്തിൽ പ്രതിസന്ധികളുണ്ടാക്കും.

അങ്ങനെ ഉപാധികളില്ലാതെ ഒരാളെ സ്വീകരിക്കുമ്പോൾ അന്ധമായി അദ്ദേഹത്തെ വിശ്വസിക്കുന്നു എന്നർത്ഥമാകുന്നില്ല. ധാർമ്മിക നിലവാരത്തിൽ സമാന അവസ്ഥയിലുള്ള രണ്ടുപേർ ഒന്നിക്കുന്നു എന്നേ അർത്ഥമുള്ളു. അത് ബൗദ്ധികമായ ഘടനാ സാദൃശ്യത്തിന്റെ വിഷയമാണ്. അന്ധമായ വിശ്വാസത്തിന്റെ പ്രശ്നമല്ല. രണ്ടുവ്യക്തികൾ സത്യത്തിന്റെ കാതലായ വശത്ത് ഒന്നിച്ചെത്തുമ്പോൾ സ്വാഭാവികമായും ബൗദ്ധികമായ ഒരു സാമ്യം സംജാതമാകുന്നു. അവർ ബൗദ്ധികമായി ഇരട്ടകളെപ്പോലെയായിത്തീരുന്നു.

തസ്കിയ ആർജ്ജിക്കുന്നതിന് ഒരു വഴികാട്ടി അത്യാവശ്യമാണ്. എന്നാലത് ഒരു മത തത്വമെന്നതിനെക്കാൾ പ്രായോഗികതയുടെ പേരിലാണ്. ഒരു മാർഗ്ഗ ദർശ്ശകന്റെ പ്രാധാന്യം വാസ്ത

വത്തിൽ അല്ലാഹുവിന്റെ പൊതു സുന്നത്തുമായി നേരിട്ട് ബന്ധപ്പെട്ടിട്ടുള്ളതാണ്. ആ സുന്നത്തിനെക്കുറിച്ച് വിശുദ്ധ ഖുർആനിലെ വചനങ്ങൾ വിശദീകരിക്കുന്നുണ്ട്:

*അവരാണോ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം പങ്കുവെച്ചുകൊടുക്കുന്നത്? നാമാണ് ഐഹിക ജീവിതത്തിൽ അവർക്കിടയിൽ അവരുടെ ജീവിത മാർഗ്ഗം പങ്കുവെച്ചുകൊടുത്തത്. അവരിൽ ചിലർക്ക് ചിലരെ കീഴാളരാക്കിവെക്കത്തക്കവണ്ണം അവരിൽ ചിലരെ മറ്റുചിലരെക്കാൾ ഉപരി നാം പല പടി ഉയർത്തുകയും ചെയ്തിരിക്കുന്നു. നിന്റെ രക്ഷിതാവിന്റെ കാരുണ്യമാകുന്നു അവർ ശേഖരിച്ചുവെക്കുന്നതിനെക്കാൾ ഉത്തമം.* (43:32)

ഒരു വഴികാട്ടിക്കാവശ്യമായ യോഗ്യതകൾ ഓരോരുത്തരുടെയും മേൽ ചൊരിയുക എന്നതല്ല അല്ലാഹുവിന്റെ രീതി എന്ന് മേൽ ഉദ്ധരിച്ച വചനം കാണിക്കുന്നു. നേതൃപരമായ യോഗ്യതകൾ ചില നിശ്ചിത വ്യക്തികൾക്കേ അല്ലാഹു നല്കുകയുള്ളു. മറ്റുള്ളവർ അവരെ പിന്തുടരണം. അല്ലാഹുവിന്റെ രീതിയനുസരിച്ച് അത് ജീവിതത്തിലെ സാധാരണ വ്യവസ്ഥയാണ്. മതപരമായ കാര്യങ്ങളിലെ മാർഗ്ഗ ദർശ്ശകന്റെ വിഷയം അല്ലാഹുവിന്റെ ആ രീതിയുമായി നേരിട്ട് ബന്ധപ്പെട്ടിട്ടുള്ളതാണ്. മതപരമായ മാർഗ്ഗ ദർശ്ശിത്വം ഏറ്റെടുക്കാനുള്ളവരുടെ മേൽ അല്ലാഹു പ്രത്യേകം സഹായം ചൊരിയുന്നു. തസ്കിയ അന്വേഷിക്കുന്നവരുടെ ചുമതലയാണ് അത്തരക്കാരെ കണ്ടെത്തുക എന്നുള്ളത്. അവരിൽ നിന്ന് മാർഗ്ഗ ദർശ്ശനം സ്വീകരിക്കുന്നതിലൂടെ അവരുടെ ലക്ഷ്യം നേടാം. അതുപ്രകാരം ചെയ്യുന്നതിൽ വീഴ്ച സംഭവിക്കുന്നവർ പ്രകൃതിയുടെ പരീക്ഷയിൽ തോറ്റവരായി കണക്കാക്കപ്പെടും.

അതിനെക്കുറിച്ച് നിഗൂഢതകളൊന്നുംതന്നെയില്ല. അത് തികച്ചും സാധാരണ കാര്യങ്ങളുടെ പരിധിയിൽ വരുന്നതാണ്, ചിന്തിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളു. മത മാർഗ്ഗ ദർശ്ശകന്റെ കയ്യിൽ നിന്ന് ലഭിക്കുന്നതിനുമില്ല നിഗൂഢ സ്വഭാവങ്ങളൊന്നും. സാധാരണ കിട്ടുന്ന ഒരു പരിശീലനം പോലെത്തന്നെയാണത്. മത മാർഗ്ഗ ദർശ്ശകൻ എന്നത് ജീവിച്ചിരിക്കുന്ന ഒരു വഴികാട്ടി മാത്രമാണ്; നിഗൂഢാത്മകത നിറഞ്ഞ ഒരു ദിവ്യ പുരുഷനൊന്നുമല്ല.

## 14

# ആത്മ സംസ്കരണത്തിൽ പാരസ്പര്യത്തിന്റെ പ്രാധാന്യം

തസ്കിയ നേടുന്നതിന് കൂട്ടായ്മ വളരെ സഹായകരമാണ്. പുരാതന കാലത്ത് സാമൂഹ്യ ഒത്തുചേരലിൽ മുഖാമുഖം കാണുന്നതായിരുന്നു കൂട്ടായ്മയുടെ ഏക മാർഗ്ഗം. എന്നാൽ ആധുനിക കാലത്ത് മനുഷ്യർ വിദൂര ദേശങ്ങളിലായി അകന്നുജീവിക്കുമ്പോൾ അത്തരം ഒത്തുചേരലിന്റെയും മുഖാമുഖത്തിന്റെയും സാധ്യത ഇല്ല. എന്നിരുന്നാലും തസ്കിയ അന്വേഷകന് തന്റെ വഴികാട്ടിയിൽ നിന്ന് ആധുനിക വാർത്താ വിനിമയോപാധികളുടെ സഹായത്തോടെ ഉപദേശം സ്വീകരിക്കാനാകും. നേരത്തെ എഴുത്തുകളിലൂടെയും പുസ്തകങ്ങളിലൂടെയും നടത്തിയിരുന്ന ആശയ വിനിമയത്തെക്കാൾ വേഗത്തിൽ നടത്താനും ആധുനിക ഉപകരണങ്ങൾ ഉപകരിക്കും.

ആരെങ്കിലും ആത്മാർത്ഥമായി തസ്കിയ അന്വേഷിക്കുന്നുവെങ്കിൽ വഴികാട്ടിയുമായി പഴയ രീതിയിലുള്ള മുഖാമുഖം അസാധ്യമാണെങ്കിലും ആധുനിക മാധ്യമങ്ങളെ അതിനുള്ള ബദൽ ആയി ഉപയോഗപ്പെടുത്താവുന്നതാണ്. ആശയ വിനിമയത്തിലെ ആധുനിക മാർഗ്ഗങ്ങളിൽ ഒന്നായ അച്ചടി വിദ്യയുടെ ഫലമായി പുസ്തകങ്ങളും ആനുകാലികങ്ങളും ഇന്ന് സുലഭമാണ്. തസ്കിയയെക്കുറിച്ച് പഠിക്കാനും അറിയാനും അവ ഉപയോഗപ്രദമായിരിക്കും. തസ്കിയ അന്വേഷിക്കുന്നയാൾക്ക് അവയുടെ ഗൗരവമായ വായനയിലൂടെ വിഷയത്തെക്കുറിച്ച് കൂടുതൽ ഗ്രഹിക്കാനാകും. വായനയുടെ പ്രാധാന്യത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ തന്നെ പറയുന്നുണ്ടല്ലോ, എഴുതപ്പെട്ട വാക്കുകളുടെ, ഗ്രന്ഥ

ങ്ങളുടെ വായനയിലൂടെ മതത്തിന്റെ ആത്മാവിനെ ഉൾക്കൊള്ളാനാകുമെന്ന് (96:4).

ഒരർത്ഥത്തിൽ, വായിച്ചുള്ള പഠനം കൂട്ടായ്മയെക്കാൾ ഒട്ടും താഴെയല്ല. പുസ്തകങ്ങളുടെ സ്ഥിരോത്സാഹത്തോടുകൂടിയ പഠനം ഒരുവനെ വിഷയത്തെക്കുറിച്ച് ആഴത്തിൽ ചിന്തിക്കാൻ പ്രാപ്തനാക്കുന്നു. ഗ്രന്ഥങ്ങളുടെ പഠനം പ്രധാനമായിരിക്കെത്തന്നെ പരസ്പര വ്യവഹാരം തസ്കിയക്ക് അത്യാവശ്യമാണ്. കാരണം, അത് ആശയങ്ങളുടെ ഫലപ്രദമായ വിനിമയം സുഗമമാക്കുന്നു. അതായത്, ഒരുവൻ തന്റെ വഴികാട്ടിയുമായി നിരന്തര സമ്പർക്കത്തിലേർപ്പെട്ടുകൊണ്ട് എല്ലാ വിഷയങ്ങളിലും മാർഗ്ഗദർശനം ആരാഞ്ഞുകൊണ്ടിരിക്കണം. ആ സമ്പർക്കം നേരിട്ടോ മറ്റ് മാധ്യമങ്ങൾ മുഖേനയൊ ആകാം. ആ സമ്പർക്കം വല്ലപ്പോഴുമൊരിക്കൽ എന്ന നിലയിലാകരുത്. ദിനേന ഉണ്ടായിരിക്കണം. വല്ലപ്പോഴുമൊരിക്കലായാൽ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടില്ല.

# 15

# മധ്യസ്ഥതയില്ലാതെ

**ബോധ**പൂർവ്വമായോ അല്ലാതെയോ ജനങ്ങൾക്കിടയിൽ ഒരു ധാരണയുണ്ട്, ഏതെങ്കിലും നിഗൂഢമായ ഇടപെടലുകളുകൊണ്ടേ തസ്കിയ ലഭിക്കുകയുള്ളു എന്ന്. വ്യക്തമായി പറഞ്ഞാൽ, ഏതെങ്കിലും ദിവ്യന്റെയോ ജ്ഞാനിയുടെയോ ആത്മീയ നേതാവിന്റെയോ ഒക്കെ മധ്യസ്ഥത കൂടിയേ തീരൂ എന്ന്. നിഗൂഢ മധ്യസ്ഥതയെക്കുറിച്ചുള്ള ആ ആശയപ്രകാരം നാം പറഞ്ഞുവരുന്ന മതപരമായ കാര്യങ്ങളിലെ വഴികാട്ടിതന്നെ (ശൈഖ്) പ്രധാന ലക്ഷ്യം അല്ലെങ്കിൽ കേന്ദ്ര ബിന്ദു ആകുകയും അതിന്റെ ഫലമായി യഥാർത്ഥത്തിൽ ലക്ഷ്യവും കേന്ദ്ര ബിന്ദുവും ആകേണ്ട ദൈവം രണ്ടാം സ്ഥാനത്തേക്ക് മാറുകയും ചെയ്യുന്നു. വാസ്തവത്തിൽ വഴികാട്ടി ഒരനുബന്ധമോ നിമിത്തമോ മാത്രമാണ്.

മധ്യസ്ഥ സങ്കല്പത്തിന് യാതൊരു അടിസ്ഥാനവുമില്ല. തസ്കിയ ലഭ്യമാകുന്നത് അല്ലാഹുവുമായി നേരിട്ടുള്ള ബന്ധത്തിൽ നിന്നാണ്, ഒരു മധ്യവർത്തിയുടെയും സഹായമില്ലാതെ. മധ്യസ്ഥത ഈ വിഷയത്തിന് സഹായകമല്ല. യഥാർത്ഥ തസ്കിയ അല്ലാഹു നല്കുന്ന അനുഗ്രഹമാണ്. ആ അനുഗ്രഹീത സമ്മാനം അല്ലാഹുവിൽ നിന്ന് ലഭിക്കാൻ മധ്യസ്ഥത ആവശ്യമില്ല. അല്ലാഹു അവനിച്ഛിക്കുന്നത് എല്ലാ മനുഷ്യർക്കും നേരിട്ടാണ് സമ്മാനിക്കുന്നത്.

തസ്കിയ ആഗ്രഹിക്കുന്നവർ അത് ആത്മാർത്ഥമായിട്ടായിരിക്കണം എന്ന് നിബന്ധനയുണ്ട്.

വിശുദ്ധ ഖുർആൻ പറയുന്നു:

*നിന്നോട് എന്റെ ദാസന്മാർ എന്നെക്കുറിച്ച് ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനക്ക് ഉത്തരം നല്കുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവ്വഴി പ്രാപിക്കുവാൻ വേണ്ടിയാണത്.* (2:186)

മേൽ ഉദ്ധരിച്ച വചനത്തിൽ ഖുർആൻ പ്രയോഗിച്ചിരിക്കുന്ന ‘അടുത്ത്’ എന്ന വാക്ക് കാണിക്കുന്നത് തസ്കിയ ആർജ്ജിക്കുവാനുള്ള ഉപാധി അല്ലാഹുവിനോട് അടുക്കലാണ്, മധ്യസ്ഥന്മാരെയോ മധ്യസ്ഥതകളെയോ ആശ്രയിക്കലല്ല എന്നാണ്.

സ്വന്തത്തെ ശുദ്ധീകരിക്കണം എന്ന ആവശ്യമുള്ളവൻ തന്റെ മനസ്സിനെ ഉണർത്തണം. എന്നിട്ട് അല്ലാഹുവുമായി കഴിയാവുന്നത്ര അടുക്കണം. ആ ലക്ഷ്യപ്രാപ്തിക്ക് മധ്യസ്ഥത ഒരിക്കലും സഹായകമാവില്ല. തസ്കിയ അല്ലാഹുവിൽ നിന്ന് നേരിട്ടാണ് ലഭിക്കുന്നത്. അതിന് മറ്റ് മാർഗ്ഗങ്ങളില്ല.

വാസ്തവത്തിൽ മധ്യസ്ഥത തസ്കിയയുടെ മാർഗ്ഗത്തിൽ തടസ്സമാണ് സൃഷ്ടിക്കുക. അല്ലാഹു ഒരുവന്റെ കണ്ഠ നാഡിയെക്കാൾ അടുത്തായിരിക്കെ (50:16) ഒരു ഇടനിലക്കാരന്റെ ആവശ്യകതയെന്ത്?

മധ്യസ്ഥത എന്ന ആശയം ഉത്ഭവിക്കുന്നത് അല്ലാഹുവും മനുഷ്യനും തമ്മിലുള്ള ബന്ധം ഏതോ നിഗൂഢത നിറഞ്ഞതാണ് എന്ന സങ്കല്പത്തിൽ നിന്നാണ്. എന്നാൽ മതരപരമായ കാര്യങ്ങളിലെ ഒരു വഴികാട്ടി(മധ്യസ്ഥനല്ല) എന്ന ആശയത്തിനുപിന്നിൽ നിഗൂഢതയൊന്നുമില്ല. വഴികാട്ടിയും അദ്ദേഹത്തെ പിന്തുടരുന്നയാളും തമ്മിലുള്ള ബന്ധം സ്ഥാപിക്കപ്പെട്ടിരിക്കുന്നത് സുബോധത്തിലാണ്, ദുർഗ്രാഹ്യതയിലല്ല.

## 16

# തസ്കിയക്കുമുമ്പ് ആവശ്യമുള്ളത്

**ആ**ത്മീയ സ്രോതസ്സുകളുടെ അഭാവത്തെക്കുറിച്ചുള്ള വികാരമാണ് തസ്കിയ കൈവരിക്കണം എന്നതിന്റെ യഥാർത്ഥ പ്രചോദനം. ആത്മീയതയുടെ ആവശ്യകതയെക്കുറിച്ചുള്ള മന സ്സിലാക്കൽ എത്ര തീവ്രമാണോ അത്രയും തീവ്രത തസ്കിയ യുടെ ആവശ്യത്തിനുമുണ്ടാകും. പ്രചോദനത്തിന്റെ തോതനുസ രിച്ച് അത് പൂർത്തീകരിക്കാനുള്ള ആവേശത്തിന്റെ തോതും സ്വാഭാവികമായും വർദ്ധിക്കും.

ആ വെളിപാട് ഒരുവന്റെ അസ്തിത്വത്തിൽ നിന്നാണ് ആരം ഭിക്കുന്നത്. ഒന്നാമതായി മനുഷ്യൻ തന്റെ അസ്തിത്വത്തെക്കു റിച്ച് ബോധവാനാകുന്നു. ആ ബോധോദയം അവന്റെ സ്രഷ്ടാ വാരാണെന്നറിയാനുള്ള ഉത്കണ്ഠയെ ഉദ്ദീപിപ്പിക്കുന്നു. അതി ലൂടെ അവൻ സ്രഷ്ടാവിനെ കണ്ടെത്തുന്നു. ആ കണ്ടെത്തൽ അവന്റെ സ്രഷ്ടാവിന്റെ മഹത്വത്തെക്കുറിച്ച് അനിതര സാധാരണ മായ ഒരു വികാരം അവന്റെയുള്ളിൽ ഉണ്ടാക്കുന്നു.

പിന്നീട് ഒരാവശ്യക്കാരൻ എന്ന നിലക്ക് അക്ഷരാർത്ഥ ത്തിൽ അവൻ പുനരാലോചിക്കുന്നു തന്റെ സ്വന്തം ശക്തി കൊണ്ട് തന്റെ ആവശ്യങ്ങളിലൊന്നുപോലും നിറവേറ്റാൻ താൻ പ്രാപ്തനല്ല എന്ന്. തന്റെ ജീവിതം നിലനിർത്താൻ അവന് ആവ ശ്യമായിട്ടുള്ളതും ലഭിച്ചിട്ടുള്ളതുമായ ഭൂമി, വെള്ളം, പ്രാണ വായു, പ്രകാശം, ഭക്ഷ്യ വസ്തുക്കൾ, തുടങ്ങിയ എണ്ണമറ്റ മൂല പദാർത്ഥങ്ങളൊന്നും തന്നെ തന്റെ സ്വന്തം പരിശ്രമങ്ങളുകൊണ്ട് തനിക്കാർജ്ജിക്കാനാവില്ല എന്നും അവൻ മനസ്സിലാക്കുന്നു. തീർച്ചയായും അവന് ആവശ്യമുള്ളതെല്ലാം യാതൊരു ഉപാധിക

ളുമില്ലാതെ സമ്മാനമായി അവന് ലഭിച്ചിരിക്കുന്നു.

അത് കണ്ടെത്തിക്കഴിഞ്ഞ ശേഷം ആ അനുഗ്രഹങ്ങളുടെ യെല്ലാം ദാതാവ് ആരാണെന്നറിയാൻ അവൻ പരിശ്രമിക്കുന്നു. ആ രീതിയിൽ അവൻ തന്റെ നാഥനെ കണ്ടെത്തുന്നു. അതിന്റെ ഫലമായി, ആ അനുഗ്രഹ ദാതാവിനുനേരെ അളവില്ലാത്ത സ്നേഹം അവന്റെയുള്ളിൽ ഉത്പാദിപ്പിക്കപ്പെടുന്നു.

അവന്റെ അന്വേഷണം പിന്നീട് അവനെ ഒരു ചോദ്യത്തി ലെത്തിക്കുന്നു: "എന്താണ് തന്റെ ലക്ഷ്യം?"

പിന്നീട് അവൻ മനസ്സിലാക്കുന്നു, ഇഹലോകത്തുവെച്ച് താനഭിലഷിക്കുന്ന ലക്ഷ്യത്തിൽ എത്തിച്ചേരാനാവുകയില്ലെന്ന്. ആ തിരിച്ചറിവ് അവനിൽ സ്വർഗ്ഗത്തെക്കുറിച്ചുള്ള ആഗ്രഹം വർദ്ധിപ്പിക്കുന്നു. അവിടെ, സ്വർഗ്ഗത്തിൽ വെച്ച് മാത്രമെ അവന്റെ ലക്ഷ്യപ്രാപ്തിയും ജീവിതാഭിലാഷങ്ങളുടെ പൂർത്തീകരണവും നടക്കുകയുള്ളുവെന്നും മനസ്സിലാക്കുന്നു.

അതേ രീതിയിൽ, ആ ചിന്തയിൽ അവൻ മുന്നോട്ടുപോകു മ്പോൾ അവന് മനസ്സിലാകും, തന്റെ ജീവിതത്തിന് ആധികാരിക മായ ഒരു മാർഗ്ഗ ദർശ്ശനം ആവശ്യമാണെന്ന്. പിന്നീട് അവ നൊരു തീരുമാനത്തിലെത്തും, എത്രതന്നെ പരിശ്രമിച്ചാലും തനിക്ക് തന്നത്താൻ അത്തരമൊരു മാർഗ്ഗം കണ്ടെത്തുക സാധ്യ മല്ലെന്ന്. ആ കണ്ടെത്തൽ അവനെ കൊണ്ടുചെന്നെത്തിക്കുക, ആധികാരിക മാർഗ്ഗ ദർശ്ശനത്തിന്റെ ഏക സ്രോതസ് ഒരു പ്രവാച കനായിരിക്കും എന്ന യാഥാർഥ്യത്തിലേക്കാണ്. അങ്ങനെ അവൻ പൂർണ്ണ മനസ്സോടെ പ്രവാചകനെ തന്റെ മാർഗ്ഗ ദർശ്ശി യായി അംഗീകരിക്കുന്നു. അത്തരം കണ്ടെത്തലുകൾക്ക് ശേഷം സ്വാഭാവികമായും അവൻ വിനയാന്വിതനായിത്തീരുന്നു. അവൻ അല്ലാഹുവിന്റെ മഹത്വത്തിൻ കീഴിൽ ജീവിക്കാനാരംഭിക്കുന്നു. അല്ലാഹുവിന്റെ സൃഷ്ടികൾ അവന്റെ സ്മരണകൾക്ക് ശാശ്വത പ്രചോദനമായിത്തീരുന്നു. പ്രവാചകനെ അവൻ ഉത്തമ വഴികാ ട്ടിയായി സ്വീകരിക്കുകയും സ്വർഗ്ഗം അവന്റെ മഹത്തായ ലക്ഷ്യമാ യിത്തീരുകയും ചെയ്യുന്നു. അവയൊക്കെയാണ് അല്ലാഹുവിനെ തിരിച്ചറിയലുമായി ബന്ധപ്പെട്ടുണ്ടാകുന്ന അനുഭവങ്ങൾ. അതിനെ തസ്കിയ, അഥവാ ആത്മ സംരക്ഷണം എന്ന് വിശദീ കരിക്കാം.

## 17

# ആത്മ പരിശോധനയും ആത്മ സംസ്കരണവും

**ത**സ്കിയ ഒരു സമയ ബന്ധിത പാഠ്യ പദ്ധതിയല്ലെന്ന് പറഞ്ഞല്ലോ, അതായത്, ഒരു പാഠ്യ പദ്ധതി താത്കാലികമായി പഠിച്ച് ആത്മ ശുദ്ധി കൈവരിച്ച ഒരു സ്ഥിര വ്യക്തിത്വം ഉണ്ടാക്കുക സാധ്യമല്ല. ശുദ്ധീകരണം എന്നത് ജീവിത കാലം മുഴുവനും നീണ്ടുനിൽക്കുന്ന ഒരു തുടർപ്രക്രിയയാണ്. തസ്കിയ എന്നത് ഒരു ആത്മ പരിശോധനാ പ്രവർത്തനമാണ്. അതിൽ ഒരുവൻ തന്റെ സ്വന്തം പ്രവർത്തനങ്ങളെ സദാ സ്വയം നിരീക്ഷണ വിധേയമാക്കിക്കൊണ്ടിരിക്കണം. തസ്കിയ ആഗ്രഹിക്കുന്നയാൾ ഓരോ നിമിഷവും തന്റെ വാക്കുകളെയും പ്രവർത്തികളെയും കുറിച്ച് സൂക്ഷ്മത പുലർത്തണം. തികഞ്ഞ വസ്തുനിഷ്ഠയോടെ തുടർച്ചയായി സ്വയം പുനർ മൂല്യ നിർണ്ണയം നടത്തിക്കൊണ്ടിരിക്കണം. ആത്മ പരിശോധനയുടെ ആ ക്രമം പശ്ചാത്തപിക്കുകയും ആത്മ പരിശോധന നടത്തുകയും ചെയ്യുന്നവരിൽ മാത്രമെ പ്രത്യക്ഷത്തിൽ ഉണ്ടാവുകയുള്ളു.

ഈ ലോകം, അതൊരു പരീക്ഷണ സ്ഥലമാണ്. സ്രഷ്ടാവ് ഇതിനെ സൃഷ്ടിച്ചിട്ടുള്ളത് ഇവിടെ ഓരോ നിമിഷവും പരീക്ഷണങ്ങളുടെ ഞെരുക്കത്തോടുകൂടെയാണ്. സ്വശരീരത്തിന്റെയും പിശാചിന്റെയും പ്രലോഭനങ്ങളെ നിരന്തരം അഭിമുഖീകരിക്കേണ്ടിവരുമ്പോൾ ഒരുവൻ ആശാസ്യമല്ലാത്ത കാര്യങ്ങളിലേക്കും പ്രതികൂല സാഹചര്യങ്ങളിലേക്കും നയിക്കപ്പെടാനുള്ള നിർബ്ബന്ധിതാവസ്ഥയാണുള്ളത്. ഒപ്പം ചീത്ത സാഹചര്യങ്ങൾ തിന്മയുടെ സ്വാധീനത്തിന് ഇരയാക്കുകയും ചെയ്യും. അത്തരം

വികാരങ്ങളെല്ലാം തസ്കിയക്കെതിരായി നീങ്ങും.

മനുഷ്യൻ വളരെ സൂക്ഷ്മാലുവായിരിക്കണം. പ്രലോഭന ത്തിന്റെ ഓരോ അവസരത്തിലും, അതിൽ അന്തർല്ലീനമായിരി ക്കുന്ന അപകടങ്ങളെക്കുറിച്ച് ബോധവാനാകുകയും അതിനെക്കു റിച്ച് ജാഗ്രത പാലിക്കുകയും വേണം. സ്വയം ശുദ്ധീകരിക്കു കയും വീണ്ടും വീണ്ടും ശുദ്ധീകരിക്കാനുള്ള ശ്രമം പരമാവധി നടത്തുകയും വേണം. അത്തരം സന്ദർഭങ്ങളിലെ പുനഃശുദ്ധീക രണമാണ് തസ്കിയ. എന്നാൽ ആത്മ പരിശോധനയില്ലാതെ ആർക്കും തന്നെ ശുദ്ധ വ്യക്തിത്വമാകാൻ കഴിയില്ല. ആത്മ പരി ശോധന ബൗദ്ധിക വികസനത്തിലേക്ക് നയിക്കുന്നു. അത് ആത്മ ശുദ്ധീകരണ പ്രക്രിയ തുടരും എന്നതിന് ഒരു ഉറപ്പാണ്.

## 18

# തസ്കിയയും വിനയവും

തരിശുനിലത്ത് വിളകൾ ഉത്പാദിപ്പിക്കാനാവില്ല. അതിന് അനുകൂലമായ മണ്ണ് ആവശ്യമാണ്. ഫലഭൂയിഷ്ഠമായ മണ്ണ് വേണം വിളകൾ ഉത്പാദിപ്പിക്കാൻ. തസ്കിയക്ക് വളരാനും ഫല ഭൂയിഷ്ഠമായ മണ്ണ് വേണം. ആ ഫലഭൂയിഷ്ഠമായ മണ്ണാണ് വിനയം. വിനയത്തിന്റെ നിലവാരം തസ്കിയ കൈവരിക്കുന്ന തിനെ വലിയ തോതിൽ സുഗമമാക്കുന്നു. നേരെ മറിച്ച് അഹ ങ്കാരം തസ്കിയയുടെ ആർജ്ജനത്തിന് ഒട്ടും അനുകൂലമല്ല. അഹങ്കാരിയായ ഒരുവന് ആത്മ വിശുദ്ധി എന്ന ലക്ഷ്യം നേടുക സാധ്യമല്ല. വിനയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷണം, അത് ഒരു വ്യക്തിയെ തനിക്ക് എന്തിന്റെയോ കുറവുണ്ട് എന്ന് തോന്നി പ്പിക്കാൻ പ്രേരിപ്പിക്കുന്നു.

സത്യം സ്പഷ്ടമായിക്കഴിഞ്ഞാൽ അതിനെ മുൻ വിധികളി ല്ലാതെ സ്വീകരിക്കാൻ കഴിയും എന്നതാണ് ആ ചിന്തയുടെ അന ന്തര ഫലം. അവൻ സത്യത്തെ മുൻ വിധികളില്ലാതെ സ്വീകരി ക്കുകയും ആ സത്യം തന്റെ കുറവുകൾക്ക് പരിഹാരമാകും എന്ന് കണ്ടെത്തുകയും ചെയ്യും. അത് അവന് സ്വന്തമായതും അവ നോട് ചേരേണ്ടതാണെന്നുമുള്ള നിലയിൽ സ്വീകരിക്കുകയും ചെയ്യും. ആ ഉത്കൃഷ്ടതയാണ് തസ്കിയയുടെ ആത്മാവ് അല്ലെങ്കിൽ സത്ത. ഒരു അഹങ്കാരിയുടെ കാര്യം നേരെ വിപരീ തമാണ്. അഹങ്കാരി കരുതുന്നത്, താൻ എല്ലാം തികഞ്ഞവനാ ണെന്നും ആരിൽ നിന്നും തനിക്ക് ഒന്നും ആവശ്യമില്ലെന്നുമാണ്. അക്കാരണം കൊണ്ട് അയാൾക്ക് മറ്റുള്ളവരുടെ ഉപദേശം സ്വീക രിക്കാൻ കഴിയില്ല. അയാൾ പരിഷ്കർത്താവിന്റെ സന്ദേശങ്ങൾ നിഷേധിക്കുന്നു. അത്തരം സ്വഭാവം തസ്കിയയുടെ മാർഗ്ഗത്തിൽ

അയാൾക്ക് തടസ്സമായിത്തീരുന്നു.

സത്യത്തിൽ, തസ്കിയ എന്ന തുടർപ്രക്രിയയുടെ ഗുണം വിനയമുള്ളവർക്കേ ലഭിക്കുകയുള്ളു. വിനയം ഒരാളെ സത്യം സ്വീകരിക്കാൻ പ്രാപ്തനാക്കുകയും മാനസികമായ സങ്കീർണ്ണതകളിൽ നിന്ന് വിമുക്തനാക്കുകയും ചെയ്യുന്നു. സംഘർഷ മുക്തമായ, സങ്കീർണ്ണതകളില്ലാത്ത ഒരാത്മാവിനുമാത്രമെ തസ്കിയ എന്ന ലക്ഷ്യം പ്രാപിക്കാനാവുകയുള്ളു.

# 19

# പ്രവാചക പ്രാർത്ഥനകൾ

**പല** നിഷ്ഠകളും ഹദീസ് ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. പ്രവാചക തിരുമേനി നിശ്ചിത നേരങ്ങളിൽ ചില നിശ്ചിത പ്രാർത്ഥനകൾ ഉരുവിട്ടിരുന്നതായി അവയിൽ പറയുന്നുണ്ട്. ആ പ്രാർത്ഥനാ വചനങ്ങൾ അറിയപ്പെടുന്നത്, മസ്നൂൻ ദിക്ർ അല്ലെങ്കിൽ മസ്നൂൻ ദുആ എന്നാണ്. പ്രവാചകൻ ഉരുവിട്ടിരുന്ന അത്തരം പ്രാർത്ഥനാ വചനങ്ങൾ തസ്കിയയുടെ ഉറവിടങ്ങളാണെന്ന് പൊതുവായി വിശ്വസിക്കപ്പെടുന്നുണ്ട്. മാത്രമല്ല, ഒരുവൻ അവ പഠിക്കുകയും നിശ്ചിത വേളകളിൽ അവ ഉരുവിടുകയും ചെയ്യേണ്ടത് തസ്കിയയുടെ പൂർത്തീകരണത്തിന് ആവശ്യമാണ് എന്നും പറയപ്പെടുന്നു.

ഏതായാലും അത് സത്യമല്ല. പ്രവാചകൻ ഉച്ചരിച്ച ആ വാക്കുകൾ യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ മാനസികാവസ്ഥയുടെയോ വികാരങ്ങളുടെയോ പ്രതിഫലനങ്ങളായിരുന്നു. സത്യമിതാണ്: പ്രവാചകൻ അല്ലാഹുവിനെ വളരെ ഉയർന്ന അളവിൽ മനസ്സിലാക്കിയിരുന്നതുമൂലം അല്ലാഹുവിനെക്കുറിച്ചുള്ള ചിന്തയിൽ സദാ വ്യാപൃതനായിരുന്നു. വ്യത്യസ്ത സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ അന്തരംഗം വാക്കുകളിലൂടെ പ്രത്യക്ഷപ്പെട്ടു. ഇന്ന് ഹദീസ് ഗ്രന്ഥങ്ങൾ പഠിക്കുന്നവർ പ്രവാചകന്റെ വാക്കുകൾ മാത്രം അറിയുന്നു. അവർ പ്രവാചകന്റെ മാനസികാവസ്ഥയോ ആന്തരിക വികാരങ്ങളോ അറിയാൻ ശ്രമിക്കുന്നില്ല. അതുകൊണ്ടാണവർ വാക്കുകളെ മാത്രം എല്ലാമായിക്കാണുന്നത്. പ്രവാചക പ്രാർത്ഥനകളെക്കുറിച്ചുള്ള ആ ആശയം സമ്മതിച്ചുകൊടുക്കുന്നത് പ്രവാചക വചനങ്ങളെ കുറച്ചുകാണുന്നതിന് സമമായിരിക്കും. പ്രവാചക പ്രാർത്ഥന യഥാർത്ഥത്തിൽ ഒരുവന്റെ

ചേതനയെ ഉണർത്തുന്നതിന്റെ സൂചകമാണ്. പിന്നീട് ചിന്ത യുടെ തുടർച്ചയിലൂടെ ദൈവ സ്മരണയിൽ തുടരുന്ന ഒരു വ്യക്തിത്വം വികസിപ്പിക്കുന്നതിന് തുടക്കം കുറിക്കാം.

ഒരളവിൽ അതാണ് പ്രവാചക പ്രാർത്ഥനകളിൽ നിന്ന് പഠി ക്കുവാനുള്ള ആദ്യത്തെ മുന്നുപാധി. അതിനുശേഷമേ പ്രവാചക പ്രാർത്ഥനയിൽ അദ്ദേഹം ഉച്ചരിച്ച വാക്കുകളുടെ മഹത്തായ പ്രാധാന്യം ആത്മീയ വ്യക്തിത്വ വികസനവുമായി ബന്ധപ്പെടുക യുള്ളു. ആ മുന്നൊരുക്കങ്ങളില്ലാതെ, ആത്മാർത്ഥതയോടെ ആ വാക്കുകളെ പിന്തുടരാതെ വെറുതെ ആവർത്തിക്കുന്നത് വെറും പൊള്ളയായ ആവർത്തനം മാത്രമായിരിക്കും.

പ്രവാചക പ്രാർത്ഥനകളിൽ അജ്ഞേയമായ ചില നന്മകൾ ഒളിച്ചുവെക്കപ്പെട്ടിട്ടുണ്ട് എന്ന നിലയിലാണ് ജനങ്ങൾ ബോധ പൂർവ്വമോ അല്ലാതെയോ അവയെ പരിഗണിക്കുന്നത്. എന്നാൽ അത് സത്യമല്ല. പ്രവാചക പ്രാർത്ഥനകൾ പ്രവാചകന്റെ അവ സ്ഥയെക്കുറിച്ചാണ് നമ്മോട് പറയുന്നത്. അവ നിഗൂഢത നിറഞ്ഞ കേവലം വാക്കുകളല്ല എന്നതാണ് സത്യം.

## 20

# തസ്കിയയും ദുആയും

**എ**ന്താണ് പ്രാർത്ഥന?

സർവ്വ ശക്തനായ അല്ലാഹുവിനെ കണ്ടെത്തിക്കഴിഞ്ഞ ശേഷം നിസ്സഹായനായ മനുഷ്യൻ തന്റെ വികാര വിചാരങ്ങൾ വാക്കുകളിലൂടെ അവനുമുമ്പിൽ ഉദീരണം ചെയ്യുന്നതിനെയാണ് പ്രാർത്ഥന എന്നുപറയുന്നത്. അതേ പോലെ തന്റെ വികാരങ്ങളെ സർവ്വ ശക്തനായ അല്ലാഹുവിന്റെ മുമ്പിൽ വാക്കുകളിലൂടെ പ്രകാശനം ചെയ്യുന്നത് തന്നെയാണ് പ്രവാചക പ്രാർത്ഥനകളും. പ്രവാചകനാൽ നിശ്ചിത അവസരങ്ങളിൽ ഉച്ചരിക്കപ്പെട്ട വാക്കുകളുടെ മറ്റൊരു പേരൊന്നുമല്ല പ്രവാചക പ്രാർത്ഥനകൾ എന്നത്. വാസ്തവത്തിൽ പ്രവാചക പ്രാർത്ഥനകൾ ഉച്ചരിക്കപ്പെട്ട വെറും വാക്കുകളുടെ ഒരു സമാഹാരവുമല്ല, ആത്മീയ വെളിപാടുകളായിരുന്നു.

ഖുദ്സിയായ (അല്ലാഹു പറയുന്നു എന്ന് പ്രവാചകൻ പറയുന്നത്) ഒരു ഹദീസ് പ്രകാരം അല്ലാഹു പറഞ്ഞതായി പ്രവാചകൻ നിരീക്ഷിച്ചു:

"ഞാൻ എന്റെ ദാസന്റെ പ്രതീക്ഷകൾക്കൊപ്പമാണ്. അതുകൊണ്ട് അവൻ എന്നെക്കുറിച്ച് നല്ല പ്രതീക്ഷകൾ പുലർത്തിക്കൊള്ളട്ടെ."

എന്താണ് ഈ പ്രതീക്ഷ, അല്ലെങ്കിൽ പ്രത്യാശ?

അത് യഥാർത്ഥത്തിൽ അല്ലാഹുവിന്റെ ഗുണങ്ങളെ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെ ആ കണ്ടെത്തലിന്റെ പശ്ചാത്തലത്തിൽ അല്ലാഹുവിൽ നിന്ന് നല്ലത് പ്രതീക്ഷിക്കുന്നതുമായിട്ടും ബന്ധപ്പെട്ടിരിക്കുന്നു. അതായത്, അവൻ

അല്ലാഹുവിൽ നിന്ന് ഉത്തമമായത് ഇച്ഛിക്കുന്നു.

ഉദാഹരണത്തിന് വിശുദ്ധ ഖുർആൻ പറയുന്നു:

*നിങ്ങളവനോട് ആവശ്യപ്പെട്ടതിൽ നിന്നെല്ലാം നിങ്ങൾക്ക് അവൻ നല്കിയിരിക്കുന്നു.* (14:34)

അല്ലാഹുവിനോട് അനുഗ്രഹം അഭ്യർത്ഥിക്കുന്നവനെപ്പറ്റി ആ വചനം സൂചന നല്കുന്നു: "അല്ലാഹുവേ, ഈ ലോകത്ത് എനിക്കാവശ്യമുള്ളത് എന്താണെന്നുപോലും തിരിച്ചറിയാനോ നിന്നോടാവശ്യപ്പെടാനോ കഴിവില്ലാത്ത എനിക്ക് നീയായിട്ടുതന്നെ ഈ ലോകത്ത് എല്ലാ ആവശ്യങ്ങളും നിറവേറ്റിത്തന്നിരിക്കുന്നു. മറുലോകത്തും എനിക്കാവശ്യമുള്ളതെല്ലാം നീ നിറവേറ്റിത്തരണമേ..."

കടുത്ത മാനസിക സംക്ഷോഭങ്ങൾക്ക് ശേഷം എല്ലായ്പോഴും അത്തരം പ്രാർത്ഥനകൾ ഒരുവന്റെ ചുണ്ടിൽ വന്നുകൊണ്ടിരിക്കും. മാനസികമായ ആ പ്രകമ്പനത്തിന്റെ മറ്റൊരു പേരാണ് തസ്കിയ. തസ്കിയയും പ്രാർത്ഥനയും പരസ്പരാവലംബങ്ങളാണ്. എപ്പോഴും ദുആയെ തുടർന്നാണ് തസ്കിയ വരിക.

അല്ലാഹുവിനോട് ദുആ ഇരക്കുക എന്നത് തസ്കിയയുടെ പ്രവർത്തനം നടക്കുന്നു എന്നതിന്റെ തെളിവാണ്. പ്രാർത്ഥന കൂടാതെ തസ്കിയ ഇല്ല. തിരിച്ചും അങ്ങനെത്തന്നെ.

# 21

# തസ്കിയയുടെ രൂപം

**ത**സ്കിയക്ക് പ്രത്യക്ഷമായ ഒരു രൂപമില്ല. തസ്കിയക്ക് നിയതമായ ഒരു രൂപ ഘടന ഉണ്ടായിരുന്നുവെങ്കിൽ അതിനെ നിരീക്ഷിക്കുന്നതിലൂടെ താൻ തസ്കിയ പൂർത്തീകരിച്ചുവെന്ന് മനുഷ്യൻ ബോധപൂർവ്വമായിട്ടും അല്ലാതെയും കരുതുമായിരുന്നു. അവനതിൽ സംതൃപ്തിയടയുകയും ചെയ്യും. പക്ഷെ സംതൃപ്താവസ്ഥ ഈ വിഷയത്തിൽ ഹാനികരമാണ്. തസ്കിയയുടെ നിറവിന് അപര്യാപ്തതയെക്കുറിച്ചുള്ള ഒരു ചിന്ത എപ്പോഴും അനിവാര്യമാണ്. അത്തരമൊരു ചിന്തകൊണ്ടേ ഒരുവന് തസ്കിയക്കുവേണ്ടിയുള്ള പരിശ്രമത്തിൽ നിരന്തരം മുഴുകാനുള്ള പ്രേരണയാവുകയുള്ളു. എന്നാൽ സംതൃപ്തി എന്ന വികാരം അചഞ്ചലമായി പരിശ്രമിക്കാനുള്ള ഉത്തേജനത്തിന് തടസ്സമാകും.

ഇസ്‌ലാമിലെ ആരാധനാ മുറകളും തസ്കിയയും തമ്മിൽ ആന്തരികമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു ഒന്ന് മറ്റൊന്നിൽ നിന്ന് വേർപ്പെടുത്താനാവാത്തവിധം. താൻ തസ്കിയയുടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു, അതുകൊണ്ടിനി ഇസ്‌ലാം കല്പിച്ച ആരാധനകളൊന്നും തുടരേണ്ടതില്ല എന്ന് ഒരാൾക്കും പറയാനാവില്ല. എന്നാൽ ആരാധനകൾ മുറതെറ്റാതെ അനുഷ്ഠിക്കുന്നതുകൊണ്ടുമാത്രം തസ്കിയ ആർജ്ജിക്കുവാനുള്ള പ്രവർത്തനം പൂർത്തീകരിക്കപ്പെടും എന്ന് അതിനർത്ഥമില്ല. യഥാർത്ഥ നിലപാട് ഇതാണ്: ആരാധന തസ്കിയയുടെ ആത്മാവിന്റെ ഒരു ബാഹ്യാവിഷ്കരണം മാത്രമാണ്. ഒരുവന്റെയുള്ളിൽ ശരിയായ രീതിയിൽ തസ്കിയയുടെ ആത്മാവ് ഉടലെടുത്തുകഴിഞ്ഞാൽ അനിവാര്യമായും അവൻ അല്ലാഹുവിന്റെ ആരാധകനായിമാറും.

ആരാധന തസ്കിയയിൽ നിന്ന് വേർപ്പെടുത്തുക സാധ്യമല്ല. എന്നാൽ ആരാധനയുടെ ബാഹ്യരൂപത്തിന്മേൽ ഉള്ളതിനെക്കാൾ മുഴുവൻ ഊന്നലും തസ്കിയയുടെ ആത്മാവിൻ മേലായിരിക്കണം. ആരാധന കൂടാതെ തസ്കിയ നേടി എന്ന അവകാശവാദം വ്യാജമാണെന്നുള്ളതാണ് സത്യം. എന്നാൽ ആരാധനയുടെ കേവല ബാഹ്യ പ്രകടനങ്ങൾ കൊണ്ട് സ്വമേധയാ തസ്കിയയുടെ ആത്മാവ് ഉത്പാദിപ്പിക്കപ്പെടുകയില്ല എന്നതും സത്യമാണ്.

## 22

# വിവേചന ശക്തി
# — തസ്കിയക്കൊരു വഴികാട്ടി

**നൈ**സർഗ്ഗികമായിത്തന്നെ വിവേചന ശകതി എന്ന കഴിവ് നല്കപ്പെട്ടിട്ടുള്ളവനാണ് മനുഷ്യൻ. അത് തസ്കിയയിലേക്കുള്ള ദിവ്യ അധ്യാപകനായും വഴികാട്ടിയായും ഉപകരിക്കുന്നു. വിവേചന ശക്തി മനുഷ്യന് വാക്കുകളിലൂടെയല്ലെങ്കിലും എല്ലാ സന്ദർഭങ്ങളിലും വഴികാണിക്കുന്നു. ഇത് ചെയ്യുക, അത് ചെയ്യരുത്, ഈ സ്വഭാവം തസ്കിയയിലേക്ക് അനുയോജ്യമാണ്, ആ സ്വഭാവം തസ്കിയക്ക് എതിരാണ്, ഈ സ്വഭാവം സംശുദ്ധമായ വ്യക്തിത്വം വികസിപ്പിക്കും, ആ സ്വഭാവം വ്യക്തിത്വത്തെ മലിനമാക്കും തുടങ്ങിയ കാര്യങ്ങൾ അതുമൂലമുണ്ടാകും.

പക്ഷെ, അനുഭവങ്ങൾ കാണിക്കുന്നത് ഭൂരിഭാഗം ആളുകളും തങ്ങളുടെ വിവേചന ശേഷിയെ തസ്കിയയിലേക്കുള്ള ഒരു വഴികാട്ടിയാക്കാൻ അനുവദിക്കുന്നില്ല എന്നാണ്. എന്താണതിനു കാരണം?

കാരണമിതാണ്, എല്ലാവർക്കും വിവേചന ശേഷിക്കെതിരായ മറ്റൊരു കഴിവുകൂടെ കൊടുക്കപ്പെട്ടിട്ടുണ്ട്. അതാണ് അഹംഭാവം.

മനുഷ്യൻ പലപ്പോഴും സ്വാർത്ഥതയുടെയും പിശാചിന്റെയും സ്വാധീനങ്ങളിൽ പെട്ടുപോകുന്നു. അവൻ തന്റെ വിവേചന ശേഷിയെ തനിക്കുവേണ്ടി പ്രവർത്തിക്കുവാൻ അനുവദിക്കില്ല. വിവേചന ശേഷിയുടെ, അല്ലെങ്കിൽ മനഃസാക്ഷിയുടെ ശബ്ദം എല്ലാ സന്ദർഭങ്ങളിലും കേൾക്കാൻ കഴിയും. പക്ഷെ അഹങ്കാരം അതിനെ അമർച്ച ചെയ്ത് നിഷ്ഫലമാക്കിക്കളയുന്നു.

തസ്കിയാ അന്വേഷകന് ആ യാഥാർഥ്യത്തെപ്പറ്റിയുള്ള ബോധം എപ്പോഴും ഒപ്പമുണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. തന്മൂലം അവന്റെ ചിന്താ ശക്തിയെ ഉണർത്താനും അതാത് സന്ദർഭങ്ങളിൽ അഹങ്കാരത്തെ ദുർബ്ബലപ്പെടുത്താനും കഴിയും.

ഒരുവന് അഹങ്കാരത്തെ അതിജീവിക്കാനുള്ള ശേഷി കൈവരുന്ന നിമിഷം മുതൽ തന്റെ വിവേചന ശേഷിക്ക് അതിന്റെ സ്വാഭാവിക കടമ നിർവ്വഹിക്കാനാകും. മാത്രമല്ല, തസ്കിയയുടെ മാർഗ്ഗത്തിലൂടെ വ്യതിചലനമില്ലാതെ കടന്നുപോകാനും അത് സഹായകമാവും. അഹങ്കാരത്തെ ദുർബ്ബലപ്പെടുത്തുക, കുറക്കുക അല്ലെങ്കിൽ ഇല്ലായ്മ ചെയ്യുക എന്നത് വളരെ നിർണ്ണായകമായ ഒരു ഉദ്യമമാണ്. പക്ഷെ, ഒരാൾക്കും അത് മറ്റൊരാൾക്കുവേണ്ടി ചെയ്യാനാവില്ല. ഒരുവൻ തന്നെത്താൻ ചെയ്യേണ്ടതാണത്. ഒരുവനിൽ അഹങ്കാരം ഉണരുന്ന നിമിഷം തന്നെ അവൻ അതിനെ ക്കുറിച്ച് ജാഗരൂകനാകണം. എന്നിട്ട് സ്വന്തം ഇച്ഛാശക്തികൊണ്ട് അതിനെ ഇല്ലായ്മ ചെയ്യണം.

# 23
# തസ്കിയയുടെ അനുക്രമം

തസ്കിയയുടെ രീതിശാസ്ത്രം വിശദീകരിക്കുന്നതിനായി നിരവധി വിശദീകരണങ്ങൾ ഇവിടെ നടത്തുകയുണ്ടായി. അവയുടെ പട്ടികയും തയ്യാറാക്കുകയുണ്ടായി. എന്നാൽ തസ്കിയയുടെ നടപടിക്രമങ്ങളുടെ പട്ടിക തയ്യാറാക്കുവാൻ കഴിയുകയില്ല എന്നതാണ് സത്യം. എന്തുകൊണ്ടെന്നാൽ, എത്ര നീണ്ട പട്ടിക തയ്യാറാക്കിയാലും അത് അപൂർണ്ണമായിരിക്കും. ഒരു പട്ടികക്കും തസ്കിയയുടെ നടപടിക്രമങ്ങളെ മുഴുവനായും ഉൾക്കൊള്ളാനാവില്ല. എത്ര വലിയ പട്ടികയാണെങ്കിലും പിൽക്കാല അനുഭവങ്ങൾ തെളിയിക്കും അത് അപൂർണ്ണമായിരുന്നുവെന്ന്.

വാസ്തവത്തിൽ തസ്കിയ ബന്ധപ്പെടുന്നത് നടപടിക്രമങ്ങളുടെ ഏതെങ്കിലുമൊരു പട്ടികയുമായിട്ടല്ല. മനുഷ്യന്റെ സ്വന്തം ഇച്ഛാശക്തിയുടെയും ഉദ്ദേശ്യത്തിന്റെയും ഫലമായി രൂപപ്പെടുന്നതാണ്. മനുഷ്യൻ തസ്കിയയുടെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് സത്യസന്ധമായി അത് ആഗ്രഹിച്ചാൽ നിശ്ചയമായും അവനതിൽ വിജയിക്കും. എന്നാൽ മനുഷ്യൻ വേണ്ടത്ര ഗൗരവമില്ലാതെയും അത് നേടുന്നതിനെക്കുറിച്ച് ഉത്കണ്ഠപ്പെടാതെയുമാണിരിക്കുന്നതെങ്കിൽ എത്രതന്നെ എഴുതിയാലും പറഞ്ഞാലും ആത്മ ശുദ്ധീകരണത്തിന് അതൊന്നും മതിയാകാതെ വരും.

ചെയ്യുന്ന ഓരോ തെറ്റിനും ന്യായീകരണം കണ്ടെത്താനുള്ള കഴിവ് മനുഷ്യന്റെ തനത് ഗുണമാണ്. തെറ്റുകളെ ശരികളായും തിന്മകളെ നന്മകളായും മനോഹരമായ വാക്കുകളിൽ ചിത്രീകരിക്കാൻ അവൻ എപ്പോഴും കഴിവുള്ളവനാണ്. കാര്യങ്ങൾ അങ്ങനെയായിരിക്കെ ഒരു പരിഷ്കരണ വാദിക്കും അഭ്യുദ

യകാംക്ഷിക്കും അതുപോലൊരു വ്യക്തിയിൽ തസ്കിയ കൊണ്ടുവരാൻ കഴിയില്ല. തസ്കിയ നേടുവാൻ ബോധപൂർവ്വ മായ തീരുമാനം സ്വയം എടുക്കണം. ആ തീരുമാനത്തിൽ അച ഞ്ചലമായും, സുദൃഢമായ സത്യസന്ധതയോടെയും തുടരുന്നതോ ടൊപ്പം അതിൽ നിന്ന് കൂറുമാറുന്നതിനെ ന്യായീകരിക്കാനും പാടില്ല.

തസ്കിയക്കാവശ്യം ഇച്ഛാശക്തിയാണ്. അത് അചഞ്ചലമാ യിരിക്കണം. പ്രലോഭനങ്ങളാൽ ബന്ധിക്കപ്പെടാതെയും ഭൗതിക താത്പര്യങ്ങൾക്ക് ഹാനി സംഭവിക്കുമോ എന്ന ഭയം ഇല്ലാതെയു മായിരിക്കണം.

ഏതുതരത്തിലുള്ള സമ്മർദ്ദങ്ങളെയും പ്രതിരോധിക്കുന്ന ത രത്തിലുള്ളതായിരിക്കണം ഇച്ഛാശക്തി. ആത്മ ശുദ്ധീകരണം ലക്ഷ്യമാക്കുന്നവൻ മതം തന്നോട് കല്പിക്കുന്നത് ചെയ്യുവാൻ തയ്യാറുള്ളവനായിരിക്കണം. അതിന് മാനസിക തലത്തിലോ പ്രായോഗിക തലത്തിലോ കൊടുക്കേണ്ടിവരുന്ന വില എന്തുത ന്നെയായാലും.

# 24

# തസ്കിയ നേടാനുള്ള കൂടുതൽ ഫലപ്രദമായ മാർഗ്ഗം

**ത**സ്കിയ നേടാനുള്ള ഒരു മാർഗ്ഗം, നിശ്ചിത അടിസ്ഥാന തത്വങ്ങൾക്ക് സംക്ഷിപ്തമായി ഒരു രൂപ രേഖ തയ്യാറാക്കുക. അത് എഴുതിവെച്ച ശേഷം മറ്റുള്ളവരോട് അത് വായിക്കാൻ പറയുക. അത് തസ്കിയ നേടാനുള്ള ഒരു വഴിയായേക്കാം. എന്നാൽ കൂടുതൽ ഫലപ്രദമായ വഴി മേൽ പറഞ്ഞ തത്വങ്ങളെ ചില സാഹചര്യങ്ങളുമായി ബന്ധിപ്പിക്കുക എന്നുള്ളതാണ്. രണ്ടാമതുപറഞ്ഞ രീതിയുടെ രൂപം ജീവിച്ചിരിക്കുന്ന ഒരു ആത്മീയ വഴികാട്ടിയെ ആവശ്യപ്പെടുന്നു.

അതിന്റെ മറ്റൊരു രൂപം ഓരോ അനുഭവങ്ങളിലും, അല്ലെങ്കിൽ ഓരോ നിരീക്ഷണത്തിലും തസ്കിയയുടെ ഘടകാംശങ്ങളെ കണ്ടെത്താൻ കഴിയുന്ന ഒരു തലത്തിലേക്ക് ചിന്തയെ സ്വയം വികസിപ്പിക്കുക എന്നുള്ളതാണ്. പിന്നീട് ആ അനുഭവങ്ങൾ അല്ലെങ്കിൽ നിരീക്ഷണങ്ങൾ ചിന്തയുടെ ഭാഗമാക്കുക.

പ്രവാചകന്റെ സഹചാരിയായ അബൂ ദർദ്ദ് അൽ ഖിഫാരി ഒരിക്കൽ പറഞ്ഞതെന്തെന്നാൽ, ആകാശത്ത് ചിറകുവിടർത്തിപ്പറക്കുന്ന ഒരു പറവയെ കണ്ടാൽപ്പോലും പ്രവാചകൻ അവർക്ക് ചില പാഠങ്ങൾ പറഞ്ഞുകൊടുക്കുമായിരുന്നു അല്ലാഹുവിന്റെ സാക്ഷാത്കാരത്തെക്കുറിച്ച്. (തബഖത്ത് ഇബിൻ സാദ്: 2354)

സാഹചര്യങ്ങളുടെ സൂചനയിലൂടെ തസ്കിയയെ സംബന്ധിച്ച് വിദ്യ പകർന്നുനല്കുന്നതിന്റെ ഒരു ഉദാഹരണമാണത്.

തസ്കിയ ഫലപ്രദമായി ആർജ്ജിക്കുവാൻ അമൂർത്തമായ

രീതികളൊന്നും ഇല്ല എന്നതാണ് പരമാർത്ഥം. അവന് സ്വയം തന്നെ "ഒരു പാഠം പഠിക്കുവാനുള്ള കഴിവ്" വികസിപ്പിക്കാനാവും എന്ന ബുദ്ധിപരമായ ജാഗ്രതയാണ് മനുഷ്യനുള്ള ഏക വഴി. *"നിരീക്ഷിച്ചുമനസ്സിലാക്കുന്നവർക്ക് തീർച്ചയായും അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്."* എന്ന ഖുർആൻ വചനം ശ്രദ്ധിക്കുക (15:75).

അവൻ നേരിടുന്ന സാഹചര്യങ്ങളെ അവൻ തസ്കിയയുമായി ബന്ധിപ്പിച്ചേക്കും. എന്നിട്ട് അതിൽ നിന്ന് ആത്മീയമായ ഒരു പാഠം പഠിക്കും. ദൈനം ദിന അനുഭവങ്ങളിൽ നമുക്ക് തസ്കിയക്കുവേണ്ട ദ്രവ്യങ്ങൾ ഉണ്ട്. ദൈനംദിനാനുഭവങ്ങളെ ആ നിലപാടിൽ നിന്നുകൊണ്ട് കാണാൻ പഠിക്കുക. എങ്കിൽ ഓരോ അനുഭവങ്ങളും ഓരോ നിരീക്ഷണങ്ങളും നിങ്ങൾക്ക് തസ്കിയയിലേക്കുള്ള ചവിട്ടുപടിയായിത്തീരും.

## 25

# തസ്കിയ കൈവരിക്കുവാനുള്ള ഉപാധികൾ എന്തെല്ലാം?

**സാ**മ്പ്രദായികമായി, തസ്കിയ കൈവരിക്കാനുള്ള ഉപാധികളെന്നപേരിൽ ചില കാര്യങ്ങൾ പരിഗണിക്കാറുണ്ട്. അത്യാചാര നിബദ്ധമായ പ്രാർത്ഥനകൾ, താളാത്മകമായി ഖുർആൻ ചൊല്ലൽ, പ്രവാചക പ്രാർത്ഥനകൾ ആവർത്തിക്കൽ, ധ്യാനം, പ്രാർത്ഥനാ കൂട്ടായ്മ, പുണ്യ പുരുഷന്മാരുടെ ജീവിതത്തിൽ നിന്ന് പാഠം എടുക്കൽ തുടങ്ങിയവയാണവ. ആ ചിന്താഗതിയനുസരിച്ച് തസ്കിയ ഒരു നിശ്ചിത പാഠ്യക്രമമോ, ഒരു സഹായ ഗ്രന്ഥം മൂലം പഠിക്കാനുള്ളതോ ആണെന്ന് തോന്നും. അതെന്തായാലും, തസ്കിയ നേടുന്നതിന് ഒരു നിശ്ചിത പാഠ്യക്രമം ഇല്ല എന്നതാണ് സത്യം. തസ്കിയ ഒരു ജീവൽ പ്രവർത്തനത്തിലൂടെ മാത്രമെ നേടാനാവുകയുള്ളു. തസ്കിയ പൂർത്തീകരിക്കുന്നതിനുള്ള യഥാർത്ഥ ഉപാധി അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് കൂടുതലായി ചിന്തിക്കൽ, ചിന്തയെ ഉത്തേജിപ്പിക്കൽ, നിരന്തരമായ വിചിന്തനത്തിലൂടെ കാര്യങ്ങളുടെ ആഴത്തിലുള്ള യാഥാർഥ്യങ്ങളെ കണ്ടെത്തൽ എന്നിവയാണ്. ആ കണ്ടെത്തൽ തസ്കിയ ആഗ്രഹിക്കുന്നയാൾക്ക് ആത്മീയ പോഷണമാണ്.

ഉദാഹരണത്തിന് നിങ്ങൾ ഒരു പക്ഷിയെ കാണുന്നുവെന്നിരിക്കട്ടെ. ആ കാഴ്ച ഈ പ്രവാചക വചനത്തെ ഓർമ്മിപ്പിക്കും: “സ്വർഗ്ഗവാസികളുടെ ഹൃദയം പക്ഷികളുടെ ഹൃദയം പോലെ ആയിരിക്കും”

നിങ്ങൾ പിന്നീട് നിങ്ങളെക്കുറിച്ചുതന്നെ ചിന്തിക്കാനാരംഭിക്കും. നിങ്ങളുടെ ഹൃദയം ആ പക്ഷിയുടേതുപോലെയാണോ,

നിങ്ങളുടെ ഹൃദയം ആ പക്ഷിയുടേതുപോലെ എല്ലാ നിഷേധാത്മക ചിന്തകളിൽ നിന്നും മുക്തമാണോ, ആ പക്ഷിയെപ്പോലെ നിങ്ങളും അത്യാർത്തിയിൽ നിന്ന് മുക്തമാണോ, ആ പക്ഷിയെപ്പോലെ നിങ്ങളും ഒരു നിരുപദ്രവിയാണോ, നിങ്ങൾ പ്രകൃതീ നിയമങ്ങൾ ആ പക്ഷിയെപ്പോലെ അനുസരിക്കുന്നുണ്ടോ തുടങ്ങിയ ചിന്താ രീതി തസ്കിയയുടെ അന്തഃസത്തയാണ്. അത്തരം ആത്മ പരിശോധനകളില്ലാതെ ഒരാൾക്കും തസ്കിയ പ്രാപിക്കാനാവില്ല.

ഒരുവന്റെ സ്വത്വത്തെ ആത്മീയമായി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനമാണ് യഥാർത്ഥത്തിൽ തസ്കിയ. സ്വയം ശുദ്ധീകരണത്തിൽ മുഴുകുന്നതോടെ ഒരുവൻ തന്നെത്തന്നെ ഗുരുനാഥനായി സ്വയം ശുദ്ധീകരിക്കണം.

തസ്കിയ അഭിലഷിക്കുന്നയാൾക്ക് മറ്റൊരാളുടെ കൂടെയിരിക്കുന്നതുകൊണ്ടോ വേറൊരാളുടെ പ്രഭാഷണം ശ്രവിക്കുന്നതുകൊണ്ടോ ഫലം ലഭിക്കില്ല. പ്രാരംഭ മാർഗ്ഗ ദർശ്ശനങ്ങൾ മറ്റൊരാൾക്ക് നല്കാൻ കഴിഞ്ഞേക്കും. എന്നാൽ, പൂർത്തീകരണത്തിനുള്ള കഠിന പരിശ്രമം സ്വയം തന്നെ ചെയ്തുതീർക്കേണ്ടിവരും. തസ്കിയ നേടാനുള്ള പ്രക്രിയയിൽ മറ്റുള്ളവർക്ക് വഹിക്കാനുള്ള പങ്ക് ഒരു ശതമാനം മാത്രമാണ്. സ്വയം വഹിക്കേണ്ട പങ്ക് തൊണ്ണൂറ്റൊമ്പത് ശതമാനവുമാണ്.

# 26

# തസ്കിയ
# — ബൗദ്ധിക പുരോഗതിയുടെ പ്രഭവ കേന്ദ്രം

**ത**സ്കിത അക്ഷരാർത്ഥത്തിൽ ശുദ്ധീകരണമാണ്. വിശാലമായ അർത്ഥത്തിൽ അത് വളർച്ചയാണ്. അതുപ്രകാരം നോക്കിയാൽ തസ്കിയയുടെ അർത്ഥം ബുദ്ധിപരമായ വികസനം എന്നാണ്.

മനസ് നിശ്ചലമായ ഒന്നല്ല. അത് സദാ വളർന്നുകൊണ്ടിരിക്കുന്നതാണ്, ഒരു വൃക്ഷത്തെപ്പോലെ.

ആ പ്രക്രിയയെയാണ് വിശുദ്ധ ഖുർആനിൽ *"അവരുടെ വിശ്വാസത്തോടൊപ്പം കൂടുതൽ വിശ്വാസം ഉണ്ടായിത്തീരേണ്ടതിനുവേണ്ടി"* എന്നുപറഞ്ഞത് (48:4).

വിശ്വാസത്തോടൊപ്പം കൂടുതൽ വിശ്വാസം ഉണ്ടാകുക, അല്ലെങ്കിൽ കൂട്ടുക എന്നതിനർത്ഥം അന്തർ ബോധത്തിൽ വർദ്ധനവുണ്ടാക്കുക എന്നാണ്. അത് ബൗദ്ധിക പുരോഗതിയുടെ മറ്റൊരു പേരാണ്. യഥാർത്ഥ വിശ്വാസം നിശ്ചലമായിരിക്കുകയില്ല. അത് തുടർച്ചയായി അല്ലാഹുവിനെക്കുറിച്ചുള്ള ദൃഢ ബോധത്തിലേക്ക് വളർന്നുകൊണ്ടേയിരിക്കും.

എങ്ങനെയാണ് തസ്കിയ അല്ലെങ്കിൽ ബുദ്ധിവികാസം സംഭവിക്കുന്നത്?

അതിലേക്കുള്ള വഴി ചിന്തയാണ്. ചിന്ത സ്വയം ഒരു നൈരന്തര്യമാണ്. ഖുർആൻ, ഹദീസ്, പ്രവാചക ജീവിതം, സഹാബാക്കളുടെ ജീവിതം, വിവിധ മാനവിക വ്യവസ്ഥിതികൾ,

പ്രപഞ്ചം, ഭൂമി, ആകാശങ്ങൾ തുടങ്ങിയവയെക്കുറിച്ചെല്ലാമുള്ള നിരന്തരമായ ചിന്ത. ഗൗരവതരമായ ചർച്ചകൾക്കിടയിൽ ഇടം പിടിക്കുന്ന ചിന്തകളുമുണ്ട്. ചിന്താപരമായ ആ പ്രക്രിയയിൽ പുതിയ ആശയങ്ങൾ ആവിർഭവിക്കും. ആഴത്തിലുള്ള അർത്ഥങ്ങൾ ഉയർന്നുവരും. വ്യത്യസ്ത സംഭവ വികാസങ്ങളുടെ അതുവരെ കണ്ടിട്ടില്ലാത്ത പുതിയ ഭാവങ്ങളെക്കുറിച്ച് പര്യവേക്ഷണം നടത്തപ്പെടും. അവയുടെ പിന്നിലുള്ള യാഥാർഥ്യങ്ങൾ കണ്ടെത്തപ്പെടുകയും ചെയ്യും.

ഒരു സത്യ വിശ്വാസിക്ക് ഓരോ പഠനവും, ഓരോ നിരീക്ഷണവും അല്ലാഹുവിനെ കണ്ടെത്തുന്നതിനുള്ള ഒരു ഹേതുവായിത്തീരും. ഓരോ അനുഭവവും അവനെ അല്ലാഹുവിലേക്കടുപ്പിക്കും. പ്രാരംഭ ഘട്ടത്തിൽ അവന്റെ വിശ്വാസം ഒരു വിത്തുപോലെയായിരുന്നെങ്കിൽ അത് വളർന്നുവളർന്ന് ഒരു വൃക്ഷമായിത്തീരും. തസ്കിയ എന്നത് അത്തരം ബുദ്ധിപരവും ആത്മീയവുമായ പ്രക്രിയയുടെ ഇസ്‌ലാമിക നാമമാണ്.

വിശ്വാസം പ്രാഥമികമായി നമ്മെ ഇസ്‌ലാമിനകത്തെത്തിക്കും. അതുകഴിഞ്ഞ് തസ്കിയ ആ വിശ്വാസത്തെ വളർത്താൻ സഹായിക്കും.

## 27

# തസ്കിയയും വിജ്ഞാനവും

**ത**സ്കിയയുടെ നടപടിക്രമം സംബന്ധിച്ച ഒരു വീക്ഷണപ്രകാരം, ദൈവ സാക്ഷാത്കാരം നേടിയ ഒരു സൂഫിയുടെ സഹവാസം അതിന് അനിവാര്യമാണ്. കാരണം, അങ്ങനെയുള്ള ഒരു സൂഫിയുടെ വെറുമൊരു കടാക്ഷം മനുഷ്യ ഹൃദയത്തിൽ പരിവർത്തനമുണ്ടാക്കും എന്നാണ് പറയപ്പെടുന്നത്. എന്നാൽ ആ കാഴ്ചപ്പാടിന് ഖുർആനിലോ ഹദീസിലോ പ്രമാണീകരണമില്ല. ഖുർആനും ഹദീസുമനുസരിച്ച് മനുഷ്യൻ സ്വയം ചിന്തിക്കുന്നതിലൂടെയും ആത്മ പരിശോധന നടത്തുന്നതിലൂടെയും മാത്രമാണ് തസ്കിയ നേടാനാവുക. പ്രസക്തമായ ഗ്രന്ഥങ്ങൾ പഠിച്ചും പ്രകൃതിയെ നിരീക്ഷിച്ചും ഒരുവൻ ശരിയായ ഒരു ചിന്താ രീതി വികസിപ്പിച്ചെടുത്തിട്ടുണ്ടെങ്കിൽ അതിൽ നിന്നും നിർദ്ധാരണം ചെയ്യപ്പെട്ട പാഠങ്ങൾ അവന്റെ വ്യക്തിത്വത്തെ ശുദ്ധീകരിക്കുന്നതിന് സഹായകമായിത്തീരും.

വിശുദ്ധ ഖുർആൻ അധ്യായം: 35 ൽ പർവ്വതങ്ങളെക്കുറിച്ചും അവയിലെ നിറഭേദങ്ങളുള്ള (രേഖ) പാതകളെക്കുറിച്ചും പരാമർശ്ശിക്കുന്നുണ്ട്. അതുകഴിഞ്ഞ് ആ വചവനങ്ങളിൽ തുടർന്നുപറയുന്നു: *“അല്ലാഹുവിനെ ഭയപ്പെടുന്നത് അവന്റെ ദാസന്മാരിൽ നിന്ന് അറിവുള്ളവർ മാത്രമാണ്.”* (35:28)

ആ വചനം കാണിക്കുന്നത്, പർവ്വതങ്ങളെക്കുറിച്ചുള്ള അറിവോ പ്രകൃതീ പ്രതിഭാസങ്ങളോ മനുഷ്യനിൽ അല്ലാഹുവിനെക്കുറിച്ച് ഭയം ഉണ്ടാക്കണം എന്നാണ്. ഭയം ഉത്ഭവിക്കുന്നത് പഠനത്തിൽ നിന്നാണെന്നും പറയാം. എത്രകണ്ട് പഠനം ആർജ്ജിക്കുന്നുവോ അത്രകണ്ട് അല്ലാഹുവിന്റെ സൃഷ്ടീ വൈഭവത്തെപ്പറ്റി മനസ്സിലാക്കുവാൻ പ്രാപ്തി ലഭിക്കും.

പഠനം മനുഷ്യനിൽ ചിന്തിക്കുവാനുള്ള ശേഷി വർദ്ധിപ്പിക്കുന്നു. പഠനം മനുഷ്യനെ വസ്തുതകളുടെ ആഴത്തിൽ നിന്ന് തിരിച്ചറിവിന്റെ പോഷണം നിർദ്ധാരണം ചെയ്യാൻ പ്രാപ്തനാക്കുന്നു. ഉദാഹരണത്തിന്, എല്ലാവരും വായു ശ്വസിക്കുന്നു അതിൽ നിന്നുള്ള പ്രാണ വായുവിന് വേണ്ടി. അതിന്റെ പേരിൽ എല്ലാവർക്കും അല്ലാഹുവിനോട് നന്ദിയുമുണ്ടായിരിക്കും. എന്നിരുന്നാലും ശ്വസനേന്ദ്രിയങ്ങളെ സംബന്ധിച്ച ആധുനിക കണ്ടുപിടുത്തങ്ങളെക്കുറിച്ച് എന്തെങ്കിലും അറിയാവുന്ന വ്യക്തി മറ്റുള്ളവരെക്കാൾ ആയിരം മടങ്ങ് അല്ലാഹുവിനോട് നന്ദിയുള്ളവനായിരിക്കും. അങ്ങനെ അവന്റെ തസ്കിയയും വളരെ ഉയർന്നതോതിൽ വികാസം പ്രാപിക്കും അത്തരം കണ്ടുപിടുത്തങ്ങളെക്കുറിച്ച് ഒന്നും അറിയാത്ത വ്യക്തിയെക്കാൾ.

വിജ്ഞാനം തസ്കിയയുടെ വികാസത്തിന് വിശാലമായൊരു ചട്ടക്കൂട് നല്കുന്നു എന്നതാണ് സത്യം. വിജ്ഞാനത്തിലൂടെ - അതൊരു ശക്തിവർദ്ധിനിയാണ് - ഒരുവൻ തസ്കിയ അഭിവൃദ്ധിപ്പെടുന്നതിന്റെ ഭാവങ്ങൾ കണ്ടെത്തുന്നു.

## 28

# അശ്രദ്ധയിൽ നിന്ന് സ്വയം രക്ഷിക്കുക

**ഈ** ലോകത്ത് വിജയത്തിന്റെ ഒരു അടിസ്ഥാന തത്വം, ഒന്നിനുവേണ്ടി മറ്റൊന്നിനെ ഉപേക്ഷിക്കുക എന്നുള്ളതാണ്.

മനുഷ്യന് ഒരേ സമയം രണ്ടുകാര്യങ്ങളിൽ ശ്രദ്ധയൂന്നാൻ കഴിയില്ല എന്നുള്ളത് മനുഷ്യ മനഃശാസ്ത്രമാണ്. ഒരുവന്റെ ശ്രദ്ധ ഒന്നിൽ കേന്ദ്രീകരിക്കപ്പെടുമ്പോൾ മറ്റേതിൽ നിന്ന് അത് വ്യതിചലിക്കുന്നു. അതേ തത്വമാണ് തസ്കിയക്കും യോജിക്കുക. ആത്മ സംസ്കരണത്തിന്റെ പരിശ്രമത്തിൽ മുഴുകുന്ന വ്യക്തി തസ്കിയയെ സംബന്ധിച്ച് അപ്രസക്തമായിട്ടുള്ള മറ്റ് കാര്യങ്ങളെയെല്ലാം കൈയൊഴിയേണ്ടത് അത്യാവശ്യമാണ്.

തസ്കിയയുടെ മാർഗ്ഗത്തിലെ ഏറ്റവും വലിയ തടസ്സം അശ്രദ്ധയാണ്. തസ്കിയ അഭിലഷിക്കുന്ന വ്യക്തി അതിനെ പരമോന്നത ലക്ഷ്യമായി കണക്കാക്കണം അശ്രദ്ധയുമായി ബന്ധപ്പെട്ട മറ്റെല്ലാറ്റിൽ നിന്നും വിട്ടുനിൽക്കുന്നതിനായി. ഏകാഗ്രത തസ്കിയക്ക് അത്യന്താപേക്ഷിതമാണ്. മനസ്സിനെ ഏകാഗ്രമാക്കാൻ പ്രാപ്തിയില്ലാത്തവന് തസ്കിയ നേടുന്നതിൽ വീഴ്ച സംഭവിക്കും.

എല്ലാറ്റിനും ഒരു മൂല്യമുണ്ട്. തസ്കിയക്കുമുണ്ട് അതിന്റേതായ ഒരു മൂല്യം. ആ മൂല്യം ശ്രദ്ധ വ്യതിചലിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കുക എന്നുള്ളതാണ്. ഉദാഹരണത്തിന്, കുടുംബ വിഷയങ്ങൾ; സൗഹൃദ സംസ്കാരം; ഭക്ഷണം, വസ്ത്രം എന്നിവയോടുള്ള പ്രിയം; പണത്തിനും പ്രശസ്തിക്കും വേണ്ടിയുള്ള അത്യാഗ്രഹം; ജീവിതത്തിലുണ്ടാകുന്ന മറ്റ് പ്രലോഭനങ്ങൾ തുടങ്ങിയ കാര്യങ്ങളെല്ലാം തസ്കിയ ആഗ്രഹിക്കുന്നയാളുടെ

ശ്രദ്ധയെ തിരിക്കുന്നവയാണ്. സ്വയം ശുദ്ധീകരിക്കാൻ ആഗ്രഹിക്കുന്നവൻ അവയിൽ നിന്നെല്ലാം അകലം പാലിക്കേണ്ടതുണ്ട്.

തസ്കിയ മനുഷ്യന് ശ്രേഷ്ഠമായ വ്യക്തിത്വം പ്രദാനം ചെയ്യുകയും അവനെ മലക്കുകളുടെ സൗഹൃദത്തിന് അർഹനാക്കുകയും ചെയ്യുന്നു. തസ്കിയ മനുഷ്യനെ അല്ലാഹുവുമായി അടുപ്പിക്കുന്നു. അത് ഇല്ലാത്ത മനുഷ്യൻ ഉണങ്ങിയ വിറകുകൊള്ളിപോലെയാണ്. തസ്കിയ ഉള്ളയാൾ പച്ചയായ മരം പോലെയും.

തസ്കിയ നിഗൂഢമായ എന്തോ ഒന്നല്ല; വിശ്വാസത്തിന്റെ അന്തർബ്ബോധത്തിലുള്ള ഉണർവ്വിനോട് അതിനെ താരതമ്യപ്പെടുത്താം.

## 29

# തസ്കിയയും കാലത്തിന്റെ ഉപാധികളും

**വ്യ**ത്യസ്ത കാലങ്ങളിൽ മനുഷ്യരുടെ മാനസിക നില വ്യത്യസ്ത രീതിയിലായിരിക്കും. ഒരാൾ തന്റെ ചിന്താഗതിക്ക് യോജിക്കുന്നതിനെ മാത്രമെ സ്വീകരിക്കുകയുള്ളു. അതിനെയാണ്, മനസ്സിനെ അഭിസംബോധന ചെയ്യൽ എന്നുവിളിക്കുന്നത്. മറ്റ് വിഷയങ്ങളിൽ മനസ്സിന് ഇളവുനല്കുന്നതുപോലെത്തന്നെ ആവശ്യമാണ് തസ്കിയക്ക് ഇളവുനല്കുന്നതും.

പുരാതന കാലത്ത് പാരമ്പര്യ ചിന്തകളായിരുന്നെങ്കിൽ ആധുനിക കാലത്ത് ശാസ്ത്രീയ ചിന്തകളാണ്. ആധുനിക കാലത്തെ ജനങ്ങളെ തസ്കിയയിലേക്ക് കൊണ്ടുവരണമെങ്കിൽ അവരുടെ മാനസിക നിലയെ അഭിസംബോധന ചെയ്യുന്ന വിധത്തിൽ അവരോട് സംസാരിക്കേണ്ടിവരും. ആധുനിക കാലത്തെ തസ്കിയയുടെ സ്രോതസ് അതേപടി തന്നെയായിരുന്നു പൗരാണിക കാലത്തും ഉണ്ടായിരുന്നത്. എന്നിരുന്നാലും അവ രണ്ടിനുമിടയിൽ സമീപനത്തിന്റെ കാര്യത്തിൽ വ്യത്യാസമുണ്ട് സംസാര ശൈലിയിലും വിചിന്തനത്തിലും. പൗരാണിക കാലത്ത് സാമ്പ്രദായിക രീതികൾ അക്കാലത്തെ ജനങ്ങൾക്കിടയിൽ ഫലപ്രദമായിരുന്നു. എന്നാൽ, ആധുനിക കാലത്ത് ഫലവത്തായ തസ്കിയക്ക് സംസാര ശൈലിയിലെ മാറ്റം അനിവാര്യമാണ്. എങ്കിൽ മാത്രമെ ആധുനിക മനുഷ്യന് തസ്കിയയുടെ പ്രാധാന്യം മനസ്സിലാക്കി ജീവിതത്തിൽ അത് അനുവർത്തിക്കാൻ കഴിയുകയുള്ളു.

ഉദാഹരണത്തിന്: സ്വന്തത്തിന്റെ ശുദ്ധീകരണം, നവീകരണം തുടങ്ങിയ വാക്കുകൾ പഴയ കാലത്ത് ഉപയോഗിച്ചിരുന്നു. അത്തരം വാക്കുകൾ പഴയ കാലത്തെ സാമ്പ്രദായിക മനസ്സിനെ

അഭിസംബോധന ചെയ്തിരുന്നു. എന്നിരുന്നാലും ആധുനിക മനുഷ്യന് ആ വാക്കുകൾ കൂടുതൽ നന്നായി മനസ്സിലാകും വിഷയത്തിന്റെ അഭിസംബോധനാ രീതിയിലോ വാക്കുകളുടെ വിന്യാസത്തിലോ ചെറിയ മാറ്റങ്ങൾ വരുത്തുകയാണെങ്കിൽ. അതായത് ഓരോ മനുഷ്യനും - കാരണങ്ങൾ വ്യത്യസ്തമായിരിക്കുമെങ്കിലും - ഓരോ മാനസികാവസ്ഥയിലായിരിക്കുമെന്നുള്ളത് അംഗീകരിക്കേണ്ടിവരും. മനുഷ്യന്റെ നവീകരണത്തിന്റെ ആവശ്യത്തിലേക്കായി അവന്റെ മാനസികാവസ്ഥയുടെ പുനഃക്രമീകരണം ആവശ്യമാണ്. യാഥാർഥ്യത്തെ അതിന്റെ തനിമയിൽ കാണുന്നതിന് അവന്റെ മനസ്സിനെ പുനർ നിർമ്മിക്കണം. കൃത്യമായ അഭിപ്രായ രൂപീകരണത്തിന് അതാവശ്യമാണ്. മനുഷ്യ മനസ്സുകളെ അഭിസംബോധന ചെയ്യുന്നതിന് തസ്കിയയുടെ രീതിയനുസരിച്ച് ഒരു വഴികാട്ടിക്ക്, അല്ലെങ്കിൽ അധ്യാപകന് പൗരാണികവും ആധുനികവുമായ വിജ്ഞാന ശാഖകളിൽ വിപുലമായ അറിവുവേണം. അതുകൂടാതെ ആധുനിക മനുഷ്യനിൽ തസ്കിയയുടെ പരിശ്രമം ഫലപ്രദമായി നടത്താൻ കഴിയുകയില്ല.

## 30

# തസ്കിയയുടെ വ്യവസ്ഥ

**ത**സ്കിയ വെറുമൊരു സാങ്കേതിക വിജ്ഞാന ശാഖയല്ല. സാങ്കേതിക ജ്ഞാനം വാക്കുകളിലൂടെ പൂർണ്ണമായും ആവിഷ്കരിക്കാൻ സാധിക്കും. എന്നാൽ തസ്കിയ ഒരു കണ്ടെടുക്കലിന്റെ ശാസ്ത്രമാണ്. അത് ഭാഗികമായിട്ടേ വാക്കുകളിൽ ആവിഷ്കരിക്കാനാവുകയുള്ളു. തസ്കിയയുടെ ഓരോ ഭാവത്തിലും കൂട്ടിച്ചേർക്കലുകൾ ആവശ്യമായിവരും. അത് തസ്കിയയുടെ അന്വേഷകന് മാത്രമെ ഉത്പാദിപ്പിക്കാൻ ആവുകയുള്ളു.

തസ്കിയ നേടുന്നതിന് അതിന്റെ അന്വേഷകൻ തന്റെ അന്വേഷണത്തിൽ അതീവ ഗൗരവം കൈകൊള്ളണമെന്നത് അത്യന്താപേക്ഷിതമാണ്. അതിനർത്ഥം അവന്റെ മനസ്സ് സജ്ജമായിരിക്കണമെന്നാണ്. അവൻ പഠിക്കാൻ വളരെയധികം ഉത്സുകനായിരിക്കണം. എല്ലാതരം മുൻ വിധികളിൽ നിന്നും മുക്തനായിരിക്കണം. സങ്കീർണ്ണതകളില്ലാത്ത ആത്മാവായിരിക്കണം. വസ്തുതകളെ അതേപടി കാണാൻ പ്രാപ്തനായിരിക്കണം. വ്യക്തിതാത്പര്യങ്ങൾക്കുമേൽ ഉയർന്നുനിൽക്കാൻ കെല്പുള്ളവനായിരിക്കണം. വിമർശ്ശനങ്ങളെ അഭിമുഖീകരിക്കാൻ കഴിവുള്ളവനാകണം. അല്ലെങ്കിൽ വിമർശ്ശനങ്ങളെ അഭിനന്ദനങ്ങളെയെന്നപോലെ സ്വാഗതം ചെയ്യുന്നവനായിരിക്കണം. മുന്നുപാധികളില്ലാതെ സത്യത്തെ സ്വീകരിക്കാനും തെറ്റുകളെ സമ്മതിച്ചുകൊടുക്കാനും തയ്യാറായിരിക്കണം. അവസാനമായി, കാര്യങ്ങളെ ശരിയായ വീക്ഷണ കോണിലൂടെ കാണണം.

തസ്കിയയുടെ പരിശ്രമത്തിൽ രണ്ട് കക്ഷികൾ ഉൾപ്പെടുന്നുണ്ട്, അധ്യാപകനും അന്വേഷകനും. ആരുടെയും പങ്ക് 100 ശതമാനം അല്ല. കർത്തവ്യത്തിന്റെ 50 ശതമാനം വീതം രണ്ടു

പേർക്കും നിർവ്വഹിക്കാനുണ്ടാകും. അധ്യാപകന്റെ ചുമതല ഒരു വഴികാട്ടിയുടേതാണ്. ഖുർആന്റെയും ഹദീസിന്റെയും ആഴത്തിലുള്ള പഠനത്തിലൂടെ അയാൾ വിഷയത്തിൽ നല്ല അവഗാഹം നേടിയിരിക്കണം. വിഷയം ഏറ്റവും മികച്ച രീതിയിൽ വിശദീകരിക്കാനുള്ള പ്രാപ്തിയുമുണ്ടായിരിക്കണം.

ആ വിഷയത്തിൽ മറ്റെ പകുതിഭാഗം അന്വേഷകന്റേതാണ്. അന്വേഷകൻ സ്വീകരിക്കാൻ തയ്യാറെടുപ്പുള്ളവനായിരിക്കണം. സന്ദേശം മനസ്സിലാക്കാൻ പാകത്തിൽ, മുൻവ്വിധികളോടുകൂടിയ മാനസികാവസ്ഥയിൽ നിന്ന് പുറത്തുവരണം.

മനസ്സിന്റെ നിശ്ചിതമായ സാധാരണ നിലവാരത്തിൽ നിന്ന് ഉയർന്നുനിൽക്കാനാവണം. ആരുപറഞ്ഞു എന്നതിന് പകരം സത്യത്തിന്റെ പ്രാധാന്യത്തിന് മുൻത്തൂക്കം കൊടുക്കാൻ കഴിയണം. അത്തരം ഗുണങ്ങളെല്ലാം ഉള്ളയാൾക്ക് തസ്കിയയുടെ മാർഗ്ഗം വിജയകരമായി പിന്തുടരാനാകും.

## 31

# യാഥാർഥ്യത്തിന്റെ അംഗീകരണം

മനുഷ്യൻ യാഥാർഥ്യത്തെ അല്ലെങ്കിൽ സത്യത്തെ അംഗീകരിക്കാൻ പ്രാപ്തനാകണം എന്നതാണ് മനുഷ്യത്വത്തിന്റെ ഏറ്റവും ഉയർന്ന നിലവാരം. അത് ഓരോ മനുഷ്യനും പ്രധാനമാണ്. യാഥാർഥ്യത്തിന്റെ കണ്ടെത്തൽ അതിന്റെ അംഗീകാരത്തിൽ കലാശിക്കണം. ആരെങ്കിലും യാഥാർഥ്യത്തെക്കുറിച്ച് ബോധവാനല്ലെങ്കിൽ അയാൾ വിവരമില്ലാത്തവാനായി കണക്കാക്കപ്പെടും. യാഥാർഥ്യം കണ്ടെത്തിയ ശേഷം അത് പരസ്യമായി പ്രകടിപ്പിക്കാൻ വീഴ്ചവരുത്തുന്നയാളെ ഇരട്ടത്താപ്പുകാരനോ കപട നാട്യക്കാരനോ ആയി കണക്കാക്കും.

അത് നിസ്സാര കാര്യമല്ല. അത് വാസ്തവത്തിൽ മനുഷ്യ വ്യക്തിത്വത്തിന്റെ ശരിയായ വഴിയിലൂടെയുള്ള ഒരു പുരോഗതിയാണ്. മനുഷ്യ വ്യക്തിത്വത്തിന്റെ ആ വികസനത്തിന്റെ മറ്റൊരു പേരുതന്നെയാണ് തസ്കിയ എന്നത്.

തസ്കിയയെക്കുറിച്ച് അജ്ഞേയമായ ഒന്നുംതന്നെയില്ല. എല്ലാം അല്ലാഹുവുമായി സംബന്ധിപ്പിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്ന, അവന്റെ അന്തർബ്ബോധത്തിന്റെ ഉണർവ്വിന്റെ ഫലമാണ് തസ്കിയ. ഓരോ അനുഭവങ്ങളും അവനെ അല്ലാഹുവുമായി അടുപ്പിക്കുന്ന ഉപകരണമായി മാറുന്നു. അത്തരം അനുഭവങ്ങളിലൂടെ വികാസം പ്രാപിക്കുന്ന വ്യക്തിത്വത്തെ ഒരു സംശുദ്ധമായ വ്യക്തിത്വം എന്നുവിളിക്കാം.

സത്യത്തിൽ മുഴുവൻ വിഷയങ്ങളും ഒന്നുകിൽ ശരിയായ അല്ലെങ്കിൽ തെറ്റായ ആരോപണങ്ങളാണ്. അല്ലാഹുവല്ലാത്തവരുടെ മേൽ തെറ്റായി ആരോപിക്കപ്പെടുന്ന സംഗതികൾ ഒരുവന്റെ

ആത്മാവിനെ മലിനീകരിക്കും. സ്വയം ശുദ്ധീകരിക്കാനുള്ള അവസരത്തെ അത് സ്വയം നഷ്ടപ്പെടുത്തും. നേരെ മറിച്ച്, ഒരുവൻ സംഗതികളെ യഥാർത്ഥ സ്രഷ്ടാവിലേക്ക് ആരോപിക്കുമ്പോൾ അവൻ തന്റെ ആത്മാവിനെ സ്വതന്ത്രമാക്കുകയും ധാർമ്മികമായി ഉയർത്തുകയും ചെയ്യുന്നു. അത്തരം അവസരങ്ങളെ പ്രയോജനപ്പെടുത്തുന്നതിലൂടെ ആത്മാവിനെ ശുദ്ധീകരിച്ചുകൊണ്ട് ഒരുവൻ തന്റെ വ്യക്തിത്വത്തെയും വികസിപ്പിക്കുന്നു.

ശൂന്യതയിൽ നിന്ന് തസ്കിയ കൈവരിക്കുക സാധ്യമല്ല. അത് ദൈനംദിന ജീവിതത്തിലുണ്ടാകുന്ന സംഭവ വികാസങ്ങളിൽ നിന്ന് അവിടെ നിന്നും ഇവിടെ നിന്നുമൊക്കെയായിട്ടാണ് വരുന്നത്. അതിന് ആവശ്യമുള്ളത് എന്താണെന്നുവെച്ചാൽ, ഉണർന്നിരിക്കുന്ന ഒരു മനസ്സാണ്. ഏകാന്തതയിലിരുന്ന് നടത്തുന്ന എന്തെങ്കിലും നിഗൂഢമായ പ്രവർത്തനമല്ല അത്.

# 32

# തസ്കിയയും പരിത്യാഗവും

തസ്കിയയുടെ ആർജ്ജനം എന്നത് ലളിതമായ ഒരു കാര്യമല്ല. അതിന് പരിത്യാഗത്തിന്റെ ആവശ്യമുണ്ട്. അത് പ്രകൃതത്തിൽ ശാരീരികമെന്നതിനെക്കാൾ മാനസികമാണ്.

തസ്കിയ ആർജ്ജിക്കുന്നതിന് തടസ്സമായിട്ടുള്ള സകലതിനെയും തസ്കിയക്കുവേണ്ടി ഉപേക്ഷിക്കുക എന്നുള്ളതാണ് ആ പരിത്യാഗം. ചിലത് നേടാൻ വേണ്ടി മറ്റുചിലതിനെ വിട്ടുകളയേണ്ടിവരിക എന്നുള്ളത് പ്രകൃതിയുടെ തത്വമാണ്. മറ്റെല്ലാ കാര്യങ്ങളിലുമെന്നപോലെ തസ്കിയയുടെ കാര്യത്തിലും ആ പ്രകൃതീതത്വം ബാധകമാണ്, പ്രധാനമാണ്.

ഒരുവന് സ്വയം ഉപേക്ഷിക്കാനുള്ള കാര്യങ്ങളിലൊന്ന് ചീത്ത സ്വഭാവങ്ങളാണ്. സാഹചര്യങ്ങളുടെ സ്വാധീനം മൂലം ഓരോ സ്ത്രീയും പുരുഷനും ചില നിശ്ചിത ശീലങ്ങളും സ്വഭാവങ്ങളും പുലർത്തുന്നവരായിരിക്കും. അത്തരം സ്വഭാവങ്ങൾ തസ്കിയ ആർജ്ജനത്തിന് ഹാനികരമാണ്. തസ്കിയയുടെ അന്വേഷകൻ അത്തരം സ്വഭാവങ്ങളിൽ നിന്ന് നിരുപാധികമായും പൂർണ്ണമായും മുക്തനായിരിക്കേണ്ടത് അത്യാവശ്യമാണ്. അത്തരം സ്വഭാവങ്ങളിൽ ചിലതാണ് ചിന്ത കൂടാതെയുള്ള അമിത സംസാരം, സ്വന്തം കുടുംബത്തിന്റെ കാര്യങ്ങൾക്കുവേണ്ടി മുഴുവൻ സമയവും തിരക്കുകൂട്ടൽ, വസ്ത്രത്തിന്റെയും ഭക്ഷണത്തിന്റെയും കാര്യത്തിലുള്ള അമിത പ്രാധാന്യം, വിനോദത്തിന്റെയും ആഘോഷത്തിന്റെയും സംസ്കാരത്തെ പിന്തുടരൽ, ഒരാളുടെ കുറ്റങ്ങളെയും കുറവുകളെയും കുറിച്ച് മറ്റുള്ളവരോട് പറയൽ, ഉപഭോഗത്തിനും ഉല്ലാസത്തിനുമായി യാത്ര ചെയ്യൽ, ആവശ്യത്തിനുമപ്പുറം അമിതമായി ധൂർത്തടിക്കൽ, അന്തഃസാരമി

ല്ലാത്ത ആസ്വാദന മുറകൾ, വിമർശ്ശനത്തോട് വിദ്വേഷവും അഭിനന്ദനത്തോട് സന്തോഷവും തോന്നൽ, വസ്തുക്കളോടുള്ള അത്യാർത്തി, ആവശ്യങ്ങളിൽ മിതത്വമില്ലായ്മ, സ്വഭാവത്തിൽ ലാളിത്യമില്ലായ്മ തുടങ്ങിയവ. അവയെല്ലാം തസ്കിയയുടെ ആർജ്ജനത്തിന് ഹാനികരമാണ്.

എല്ലാറ്റിനും ഒരു വിലയുണ്ട്. തസ്കിയ ലഭിക്കുന്നതിനും വില നല്കേണ്ടതുണ്ട്. ലക്ഷ്യ പ്രാപ്തിക്ക് എതിരായിട്ടുള്ളവയെ വർജ്ജിക്കലാണ് ആ വില. ഒരാൾ തസ്കിയ ലഭിക്കണമെന്ന് ആഗ്രഹിക്കുകയും, അത് ലഭിക്കുവാനുള്ള തടസ്സങ്ങളെ വർജ്ജിക്കാതിരിക്കുകയും ചെയ്യുമ്പോൾ അയാൾ തന്റെ ലക്ഷ്യത്തെക്കുറിച്ച് ശുഷ്കാന്തി ഇല്ലാത്തവനാണ്. തസ്കിയ ഒരിക്കലും യാഥാർഥ്യമാവില്ല അതിന്റെ അന്വേഷകൻ അതിനുവേണ്ട ഗുണവിശേഷങ്ങളിൽ ഗൗരവം പാലിക്കാത്തവനാണെങ്കിൽ. ചപല മനഃസ്ഥിതിയും തസ്കിയയും ഒരുമിച്ച് പോവുകയില്ല. ഒരുവൻ തസ്കിയയുടെ പരിശ്രമത്തിൽ ശുഷ്കാന്തി കാണിച്ചാൽ അവന് സ്വയം മനസ്സിലാക്കാൻ കഴിയും ഏതൊക്കെയാണ് അതിനുള്ള അനുകൂല ഘടകങ്ങൾ എന്നും ഏതൊക്കെയാണ് പ്രതികൂല ഘടകങ്ങളെന്നും. അവന്റെ ആത്മാർത്ഥത തസ്കിയക്ക് അനുകൂലമായതിനെ തേടുന്നതിനും പ്രതികൂലമായതിൽ നിന്ന് വിട്ടുനിൽക്കുന്നതിനും അവനെ നിർബ്ബന്ധിതനാക്കുന്നു. ഒരുവനെ തസ്കിയയുടെ അരങ്ങിലെത്തിക്കുമെന്നുള്ളതിന്റെ ഉറപ്പുചീട്ടാണ് ആത്മാർത്ഥത.

# 33

# തസ്കിയ
# — ഒരു മനഃശാസ്ത്ര വ്യവഹാരം

**ഏ**തെങ്കിലും വാക്കുകളുടെയോ വാചകങ്ങളുടെയോ ആവർത്തിച്ചുള്ള ഉരുവിടലിലൂടെ തസ്കിയ നേടാനാവില്ല. കായികമായ ഏതെങ്കിലും അനുഷ്ഠാനവുമായിട്ടും അതിന് ബന്ധമില്ല. തസ്കിയ പൂർണ്ണമായും ഒരു മാനസിക വ്യവഹാരമാണ്. ആ നിലവാരത്തിൽ മാത്രമെ അത് ആർജ്ജിക്കാനാവുകയുള്ളു.

മനഃശാസ്ത്രപരമായ പ്രവർത്തി എന്നതിനർത്ഥം ബൗദ്ധിക തലത്തിലുള്ള പ്രവർത്തി എന്നാണ്. എല്ലാതരം മനുഷ്യ പുരോഗതിയുടെയും കേന്ദ്ര ബിന്ധു മനുഷ്യ മനസ്സാണ്. വാസ്തവത്തിൽ മനുഷ്യ വ്യക്തിത്വത്തിന്റെ രൂപകല്പനയിൽ തീരുമാനമെടുക്കുന്നതിലെ മുഖ്യ ഘടകം മനസ്സാണ്. ശുദ്ധീകരിക്കപ്പെട്ട വ്യക്തിത്വവും ശുദ്ധീകരിക്കപ്പെടാത്ത വ്യക്തിത്വവും രണ്ടും മനസ്സിന്റെ ഉത്പന്നങ്ങളാണ്.

വാസ്തവികവും ബുദ്ധിപരവുമായ ഒരു വികാസമാണ് യഥാർത്ഥത്തിൽ തസ്കിയക്കാവശ്യം. അതായത്, ഒരുവൻ തന്റെ ബോധ മനസ്സിനെ അത്തരമൊരു തലത്തിലേക്ക് - നിഷേധാത്മകതയെ ധനാത്മകതയിലേക്ക് - വിവേചനത്തോടെ പരിവർത്തിപ്പിക്കാൻ കഴിയുന്ന ഒരു തലത്തിലേക്ക് വികസിപ്പിക്കണം.

സൃഷ്ടിപ്പുകളിൽ സ്രഷ്ടാവിന്റെ സൂചന ദർശ്ശിക്കുവാനും പദാർത്ഥപരമായ സംഭവ വികാസങ്ങളിൽ ആത്മീയതയുടെ ഭാവങ്ങൾ കണ്ടെത്താനും അതിലൂടെ സാധ്യമായേക്കും. അത് പിശാചിന്റെ പ്രലോഭനങ്ങളെ നിരാകരിച്ചേക്കും. സ്വന്തത്തിന്റെ വശീകരണങ്ങളെ അതിജീവിച്ചേക്കും. ഫലശൂന്യമായ പ്രവർത്തനങ്ങ

ളിൽ നിന്ന് അകറ്റിനിർത്തിയേക്കും. യഥാർത്ഥ അഭ്യുദയകാംക്ഷി കളെ ഉണ്ടാക്കിയേക്കും. ഉപദേശം സ്വീകരിച്ചേക്കും അത് പ്രകൃ തത്തിൽ എതിരാണെങ്കിൽപ്പോലും. സ്വന്തത്തിനെതിരായ ചിന്ത വളർത്തിയേക്കും. ഭൗതിക ലക്ഷ്യങ്ങൾക്കുപരിയായി ആത്മീയ ലക്ഷ്യങ്ങൾക്കുവേണ്ടി സ്വയം സജ്ജമാക്കിയേക്കും. അത്തരം രീതിയിൽ ചിന്തിക്കുന്നവൻ പരലോകത്തെക്കുറിച്ച് ബോധമുള്ളവ നായിത്തീരും. അത്തരം സംഭവ വികാസങ്ങളെല്ലാംതന്നെ മാന സിക തലത്തിലാണ് നടക്കുന്നത്, ആഴത്തിലുള്ള ചിന്തയുടെ ഫലമായി. ആർക്ക് ആഴമേറിയ ചിന്തയിൽ മുഴുകാൻ കഴിയുന്നി ല്ലയോ അവർക്ക് തസ്കിയയുടെ ഔന്നത്യങ്ങൾ എത്തിപ്പിടിക്കാൻ കഴിയില്ല.

ആഴത്തിൽ ചിന്തിക്കാൻ പ്രാപ്തിനേടിയവരിൽ മാത്രമെ തസ്കിയക്കുവേണ്ട പരിശ്രമങ്ങൾ തുടങ്ങിവെക്കാനാവുകയുള്ളു. തസ്കിയ യഥാർത്ഥത്തിൽ മനഃശാസ്ത്രപരമായ ശുദ്ധീകരണ ത്തിന്റെ മറ്റൊരു പേരാണ്. ആദ്യമായി തസ്കിയ പ്രാവർത്തികമാ കുന്നത് മാനസിക തലത്തിലാണ്. അതിനുശേഷം മാത്രമെ അസ്തിത്വ തലത്തിൽ അത് നേടുക സാധ്യമാവുകയുള്ളു.

## 34

# ധനാത്മക മനോവിജ്ഞാനീയത്തിന്റെ പ്രാധാന്യം

**നാ**ലായിരം വർഷങ്ങൾക്കുമുമ്പ് ഇബ്റാഹീം നബി തന്റെ ഭാര്യ ഹാജറയെയും പുത്രൻ ഇസ്മായീലിനെയും അറേബ്യൻ മരുഭൂമിയിൽ കുടിയിരുത്തിയിട്ട് സിറിയയിലേക്ക് തിരിച്ചുപോയി. പിന്നീട് ഇസ്മായീൽ വളർന്നപ്പോൾ ജുറൂം ഗോത്രത്തിലെ ഒരു യുവതിയെ അദ്ദേഹം വിവാഹം കഴിച്ചു. കുറച്ചുകാലം കഴിഞ്ഞ ശേഷം ഇബ്റാഹീം അവരെ സന്ദർശിക്കാനെത്തി. ഇസ്മായീലിന്റെ ഭാര്യയെ മാത്രമെ അവിടെ കാണാൻ കഴിഞ്ഞുള്ളു. ആ സ്ത്രീ ജീവിത പ്രാരാബ്ധങ്ങളെക്കുറിച്ച് അദ്ദേഹത്തോട് പരാതി പറഞ്ഞു. ഇബ്റാഹീം ഒരു സന്ദേശം അവളെ ഏല്പിച്ചിട്ട് അത് ഇസ്മായീൽ വരുമ്പോൾ കൊടുക്കാൻ പറഞ്ഞിട്ട് അവിടെ നിന്ന് പോയി. സന്ദേശം ഇതായിരുന്നു: "നിന്റെ പ്രവേശന വാതിൽ മാറ്റിവെക്കുക."

ഇസ്മായീൽ പിന്നീട് ആ സ്ത്രീയെ വിവാഹ മോചനം ചെയ്ത് മറ്റൊരാളെ വിവാഹം ചെയ്തു. കുറച്ചുകാലം കഴിഞ്ഞ് ഇബ്റാഹീം നബി തന്റെ കുടുംബത്തെ കാണാൻ തിരിച്ചുവന്നു. ഇസ്മായീൽ സ്ഥലത്തുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ പുതിയ ഭാര്യ പരാതികളോ വിദ്വേഷമോ പ്രകടിപ്പിക്കുന്നതിനുപകരം എല്ലാറ്റിനും കൃതജ്ഞതയാണ് പ്രകടിപ്പിച്ചത്. അത് കേട്ടപ്പോൾ ഇബ്റാഹീം നബി അവളോട് പറഞ്ഞു: "ഇസ്മായീൽ ഈ വീട്ടിൽ വരുമ്പോൾ, പ്രവേശന വാതിൽ നിലനിർത്തുക എന്ന സന്ദേശം അദ്ദേഹത്തിന് കൈമാറുക." (സഹീഹ് അൽ ബുഖാരി)

ഇബ്റാഹീം നബി തന്റെ കുടുംബത്തെ മരുഭൂമിയിൽ കുടി

യിരുത്തിയത് ആ സ്വാഭാവിക പരിസ്ഥിതിയിൽ നിന്ന് പുതിയൊരു തലമുറ ഉയർന്നുവരുമെന്നും അത് ഏക ദൈവ വിശ്വാസത്തിന്റെ ദൗത്യം ലോകം മുഴുവൻ പടർത്തുമെന്നും കണ്ടിട്ടാണ്. ഇബ്റാഹീം നബിയുമായി ബന്ധപ്പെട്ട ആ ആകസ്മിക സംഭവം കാണിക്കുന്നത്, ഏക ദൈവ വിശ്വാസത്തിന്റെ പ്രചാരണം എന്ന മഹാ ദൗത്യത്തിലേർപ്പെടുന്ന വ്യക്തി എല്ലാറ്റിനുമുപരിയായി ധനാത്മകമായ, വസ്തുതാപരമായ ഒരു മനഃശാസ്ത്രത്തിന്റെ ഉടമയായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ് എന്നാണ്, പരാതി പറയുന്ന പ്രവണത ഉണ്ടായിരിക്കരുത് എന്നുമാണ്.

തസ്കിയക്കുവേണ്ടിയുള്ള പരിശ്രമത്തിൽ അത്യന്തം പ്രധാനപ്പെട്ടത് എന്താണ് എന്നാണത് കാണിക്കുന്നത്. അതായത്, മനുഷ്യൻ പരാതിയും പരിഭവവും പറയുന്നത് അവസാനിപ്പിച്ചിട്ട്, അതിനുള്ള എല്ലാ കാരണങ്ങളും നിലനിൽക്കെത്തന്നെ, ധനാത്മക ചിന്ത പുലർത്തുന്നയാളായിത്തീരണം. നിഷേധാത്മക ചിന്ത തസ്കിയയുടെ ഘാതകനാണ്. അതേ സമയം ധനാത്മക ചിന്ത തസ്കിയക്ക് ഏറ്റവും അനുഗുണമാണ്.

നിഷേധാത്മക ചിന്തയിൽ ആസക്തിയുള്ളവൻ പിശാചിന്റെ പ്രജയായിത്തീരും. മറിച്ച്, ധനാത്മക ചിന്തയിൽ വ്യാപൃതനാകുന്നവൻ മലക്കുകളുടെ സൗഹൃദ വലയത്തിലായിരിക്കും. മലക്കുകളുടെ സഹായത്തോടെയല്ലാതെ തസ്കിയ നേടുക സാധ്യമല്ല എന്നതാണ് ഒരു സത്യം.

# 35

# ആത്മ പരിശോധന — തസ്കിയയുടെ അടിസ്ഥാനം

**ഖ**ലീഫാ ഉമർ അൽ ഫാറൂഖിന്റെ ഒരു പ്രസ്താവനയുണ്ട്: "സ്വചിന്തകളെ സ്വയം പരിശോധിക്കുക ആത്മ പരിശോധനക്ക് നിങ്ങൾ വിധേയരാക്കപ്പെടുന്നതിന് മുമ്പ്."

ആത്മ പരിശോധനയാണ് തസ്കിയയുടെ അടിസ്ഥാനം. അതൊരു പരിശീലനക്കളരിയിലൂടെ കൈവരുന്നതല്ല. ഒരു ഔപചാരിക പാഠ്യപദ്ധതിയും ആ ആവശ്യം നിറവേറ്റാൻ പര്യാപ്തമല്ല. ഏതെങ്കിലും വാക്കുകളുടെ ആവർത്തിച്ചുള്ള ഉരുവിടലും അതിന് സഹായകമല്ല. ആത്മ പരിശോധന മാത്രമാണ് തസ്കിയയിലേക്കുള്ള മാർഗ്ഗം. അതായത് സ്വയം മൂല്യ നിർണ്ണയം നടത്തുക. അല്ലെങ്കിൽ, സ്വയം പരിവർത്തിക്കുക. എന്നിട്ട് തസ്കിയ കൈവരിക്കുന്നതിനെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുക.

മാനസിക സങ്കല്പങ്ങളെയോ ആശയങ്ങളെയോ കുറിച്ച് ചിന്തിക്കാൻ ശേഷിയുള്ള ഏക സൃഷ്ടി മനുഷ്യനാണ്. തീർച്ചയായും ആശയങ്ങളെക്കുറിച്ച് ചിന്തിക്കാനുള്ള ശേഷികൊണ്ടാണ് മനുഷ്യൻ മൃഗങ്ങളിൽ നിന്നും വ്യതിരിക്തനാകുന്നത്. മനുഷ്യന് മരം കൊണ്ട് ആകൃതികളുണ്ടാക്കാം. ഇരുമ്പ് മൂശയിലിട്ട് രൂപകല്പന ചെയ്യാം. എന്നാൽ സ്വയം അടിച്ചുപരത്തി ആകൃതീ ഭേദം വരുത്തുക എന്നത് എളുപ്പമല്ല. മനുഷ്യന് തന്റെതന്നെ രൂപകല്പന ചെയ്യുന്നവനോ നിർമ്മാതാവോ ആകാം. മനുഷ്യൻ മറ്റുള്ളവരുടെ സ്വാധീനത്തിന് വഴങ്ങാൻ സ്വയം തയ്യാറല്ലെങ്കിൽ ആർക്കുംതന്നെ അവന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്താനാവില്ല. അതുകൊണ്ടാണ് ആത്മ പരിശോധന മനുഷ്യന്റെ വ്യക്തിത്വ

വികാസത്തിലോ അല്ലെങ്കിൽ തസ്കിയയിലോ മുഖ്യ പങ്കുവഹിക്കുന്നത്. ഒരു അധ്യാപകന്റെ പങ്ക് തസ്കിയയിൽ മുഴുകാനുള്ള കേവലം ഉത്തേജനം നല്കുന്നു എന്നുള്ളതാണ്.

അധ്യാപകൻ ശിഷ്യനിൽ ചിന്താ ശേഷി വികസിപ്പിക്കണം. എന്നിട്ട് ആത്മ സംസ്കരണത്തിലും നവീകരണത്തിലും അവൻ സ്വയം മുഴുകിയില്ലെങ്കിൽ എന്നെന്നേക്കുമായി അവൻ നശിക്കും. തസ്കിയ അവൻ സ്വയം ഏറ്റെടുക്കുകയും, ഇന്ന് ചെയ്തു തീർക്കേണ്ടത് നാളേക്ക് മാറ്റിവെക്കാതെ ചെയ്തുതീർക്കുകയും വേണം. തെറ്റുകൾക്ക് ന്യായീകരണം കണ്ടെത്തുക എന്നുള്ളത് മനുഷ്യന്റെ ഒരു പ്രവണതയാണ്. അവൻ ചെയ്തത് ശരിയാണെന്ന് സ്ഥാപിക്കുവാനുള്ള വാക്കുകൾ അവൻ എപ്പോഴും കണ്ടെത്തും. സ്വയം ശുദ്ധീകരിക്കാനാഗ്രഹിക്കുന്നവർ ആ സ്വഭാവത്തെ എന്നെന്നേക്കുമായി ഉന്മൂലനം ചെയ്യണം. പക്ഷെ അതു ചെയ്യാൻ ബന്ധപ്പെട്ട വ്യക്തിക്കുമാത്രമെ കഴിയൂ. മറ്റാരെക്കൊണ്ടും അതിന് കഴിയില്ല.

## 36

# ആത്മപരിശോധനയിൽ മുഴുകേണ്ടത് എങ്ങനെ?

**ആ**ത്മ ശുദ്ധീകരണത്തിന്റെ യഥാർത്ഥ സ്രോതസ് ആത്മ പരിശോധനയാണ്. അതായത് സ്വന്തത്തെ ക്കുറിച്ച് ചിന്തിക്കുക. വാക്കുകളെയും പ്രവർത്തികളെയും അപഗ്രഥിക്കുക. മറ്റ് വാക്കുകളിൽ പറഞ്ഞാൽ, സ്വയം ന്യായാധിപനാകുക. സ്വന്തത്തിനെതിരായി ചിന്തിക്കുന്നതിലൂടെ സൃഷ്ടിപരമായി സ്വയം മൂല്യനിർണ്ണയം നടത്തുക. അത്തരം ആത്മ പരിശോധന ഇല്ലാതെ തസ്കിയ സാധ്യമല്ല.

അഹംഭാവമാണ് മനുഷ്യരിലെ ഏറ്റവും ശക്തമായ വികാരം. ആ വികാരം വളരെ ഉൽക്കടമാണ്. അതായത്, ഓരോരുത്തരും ജീവിക്കുന്നത് താൻ എല്ലാമാണ് എന്ന തോന്നലോടെയാണ്. അത് ഒരുതരം സ്വയം വാഴ്തലാണ്. അത്തരം സ്വഭാവം തസ്കിയ അന്വേഷകർ ഒഴിവാക്കേണ്ടതാണ്. മനുഷ്യൻ ചെയ്യേണ്ടത്, സ്വന്തത്തിനെതിരായി ചിന്തിക്കാൻ കഴിയുന്ന ഒരു സ്വഭാവം വികസിപ്പിച്ചെടുക്കുകയാണ്. അതിലൂടെ വിമർശ്ശനങ്ങൾക്കുമുമ്പിൽ പിടിച്ചുനിൽക്കാനായേക്കും. ആ വികാരം ഉമർ അൽ ഫാറൂഖിൽ ഉത്കടമായിരുന്നു. അദ്ദേഹം പറഞ്ഞു: "എന്റെ കഴിവുകേടുകളെ എനിക്ക് സമ്മാനിക്കുന്നവനെ അല്ലാഹു അനുഗ്രഹിക്കട്ടേ..."

ആ ആത്മപരിശോധനാ മനഃസ്ഥിതി ഒരു കണ്ടെത്തലിൽ നിന്ന് ഉത്ഭവിക്കുന്നതാണ്; അതായത്, സ്വന്തം നിസ്സഹായതയിൽ നിന്ന്. തസ്കിയാ അന്വേഷകൻ നിർബ്ബന്ധമായും കണ്ടെത്തേണ്ട ഒരു യാഥാർഥ്യമാണ്, തന്റെ ബോധത്തിലെ ''ഞാൻ'' നില

നിൽക്കുന്നത് തന്റെ ബോധത്തിലും വികാരങ്ങളിലും മാത്രമാണെന്നുള്ളത്. അവനുപുറത്തെ യാഥാർഥ്യങ്ങളിൽ അത് നിലനിൽക്കുന്നില്ല. അവന്റെ വികാരങ്ങൾക്ക് പുറത്തുള്ള ഒന്നിന്റെ മേലും അവന് നിയന്ത്രണാധികാരമില്ല. അവന്റെ ജീവിതത്തിന്റെയും മരണത്തിന്റെയും കാര്യത്തിൽ അവന് ഒരധികാരവും ചെലുത്താനാവില്ല. അവന്റെ ജീവൽ സഹായ വ്യവസ്ഥയിലോ അല്ലാഹുവിന്റെ കോടതിയിലോ അതുപോലുള്ള മറ്റേതെങ്കിലും കാര്യത്തിലോ അവന് ഒന്നും ചെയ്യാനാവില്ല. മനുഷ്യൻ തന്റെ നിസ്സഹായതയുടെ പൂർണ്ണ രൂപം കണ്ടെത്തിക്കഴിഞ്ഞാൽ നിസ്സഹയതാ ബോധം അവനിൽ ഉടലെടുക്കും. ആ നിസ്സഹയാതാവസ്ഥയാണ് അവനെ ആത്മ പരിശോധനക്ക് നിർബ്ബന്ധിതനാക്കുന്നത്. അങ്ങനെ ആ കണ്ടെത്തലിലാണ് തസ്കിയയുടെ യഥാർത്ഥ രഹസ്യം കിടക്കുന്നത്.

## 37

# പരീക്ഷാ കടലാസ് മുൻക്കൂറായി കാണൽ

ഒരു യഥാർത്ഥ തസ്കിയാ അന്വേഷകൻ പലപ്പോഴും വ്യക്തമായ മാർഗ്ഗ ദർശ്ശനം സ്വപ്ന രൂപത്തിൽ കാണുന്നു. തന്റെ മാർഗ്ഗത്തിൽ ഘട്ടം ഘട്ടമായി എങ്ങനെ മുന്നേറണമെന്ന് സ്വപ്ന ത്തിലൂടെ അവൻ പഠിക്കുന്നു. ആ രീതിയിൽ അല്ലാഹുവിന്റെ പ്രത്യേക സഹായം കൊണ്ട് അനുഗ്രഹിക്കപ്പെട്ടതുപോലെ ദൃഢ ബോധ്യത്തോടെ തനിക്ക് വേണ്ടത് തിരഞ്ഞെടുക്കാൻ അവനെ പ്രാപ്തനാക്കുന്നു. ഒരു വിദ്യാർത്ഥിക്ക് തന്റെ പരീക്ഷാ പേപ്പർ മുൻക്കൂട്ടി കാണാൻ കഴിഞ്ഞാലുണ്ടാകുന്ന സൗകര്യത്തോട് അതിനെ താരതമ്യം ചെയ്യാം. ഒരു തസ്കിയാ അന്വേഷകൻ എല്ലാ തരം ചോദ്യങ്ങളെയും ആവർത്തിച്ച് അഭിമുഖീകരിക്കേണ്ടി വരുന്നു. ചിലപ്പോൾ അവന് ഐച്ഛിക വിഷയങ്ങളിൽ രണ്ടിൽ ഒന്ന് തിരഞ്ഞെടുക്കേണ്ടിവരും. അത്തരം സന്ദർഭങ്ങളിൽ അല്ലാ ഹുവിനോട് പ്രാർത്ഥിക്കുകയാണെങ്കിൽ അല്ലാഹു അവന്റെ പ്രാർത്ഥന സ്വീകരിക്കാനും അവന് മാർഗ്ഗ ദർശ്ശനം നല്കാനും സാധ്യതയുണ്ട് ഒരു സ്വപ്ന ദർശ്ശനത്തിലൂടെ. അത് അവനെ സംശയത്തിൽ നിന്നും ആശങ്കയിൽ നിന്നും ദൃഢ ബോധ്യത്തി ലേക്ക് നയിക്കും.

ആ രീതിയിലുള്ള സ്വപ്നങ്ങൾ നിസ്സംശയമായും അല്ലാഹു വിന്റെ മഹത്തായ അനുഗ്രഹങ്ങളാണ്. എന്നാൽ സ്വപ്ന ദർശ്ശന ത്തിനുശേഷവും ആരെങ്കിലും മാർഗ്ഗ ദർശ്ശനം സ്വീകരിച്ചില്ലെങ്കിൽ അവന്റെ കാര്യം, ചോദ്യപ്പേപ്പർ മുൻക്കൂറായി ലഭിച്ചിട്ടും പരീക്ഷ യിൽ തോറ്റുപോയ വിദ്യാർത്ഥിയുടേതിന് സമമാണ്.

തസ്കിയ 50 ശതമാനം ബന്ധപ്പെട്ടിരിക്കുന്നത് അതിന്റെ അന്വേഷകനുമായും 50 ശതമാനം അല്ലാഹുവുമായിട്ടാണ്.

തസ്കിയയുടെ അന്വേഷകൻ സ്ഥിരമായി, ഇടവിടാതെ അല്ലാഹു വിനോട് പ്രാർത്ഥിക്കുവാൻ ബാധ്യസ്ഥനാണ്. ആ പ്രാർത്ഥന അവന് അല്ലാഹുവുമായി സംസ്സർഗ്ഗം പുലർത്താനുള്ള ഒരു ഉപക രണമായിമാറും. അവൻ കിടക്കയിലേക്ക് പോകുന്നതിനുമുമ്പ് ഇസ്തിഖാറ (രണ്ടുറകഅത്ത് നമസ്കാരം) അനുഷ്ഠിക്കണം. സ്വപ്നത്തിലൂടെ മാർഗ്ഗ ദർശ്ശനം നല്കാൻ അല്ലാഹുവിനോട് ആവശ്യപ്പെടണം. ഇസ്തിഖാറ അവന്റെ വിഷയങ്ങളിൽ അല്ലാ ഹുവിനോട് ഉപദേശം തേടുന്നതുപോലെയാണ്. ഒരുവൻ സ്ഥിര മായി അങ്ങനെ ചെയ്യുന്നതായാൽ ഒരിക്കലും വഴിതെറ്റുകയില്ല. പ്രശ്ന പരിഹാരത്തിന് അല്ലാഹു അവന് ഒരു സ്വപ്നം കാണിക്കു കയാണെങ്കിൽ അതിനെ അവൻ കണക്കാക്കേണ്ടത്, അല്ലാഹു അവന് അവന്റെ ചേദ്യക്കടലാസ് മുൻക്കൂട്ടി കാണിച്ചുകൊടുത്തു എന്നാണ്. തീർച്ചയായും തിരഞ്ഞെടുപ്പിനുള്ള മറ്റൊരു സാധ്യ തയും അവന്റെ മുമ്പിലില്ല. അല്ലാഹു ഒരുവന് ഇത്ര അളവിൽ മാർഗ്ഗ ദർശ്ശനം നല്കിയിട്ടും അത് സ്വീകരിക്കാൻ വീഴ്ച വരുത്തു കയാണെങ്കിൽ മാപ്പർഹിക്കാത്ത കുറ്റമാണ് ചെയ്യുന്നത്. അല്ലാഹു അത്തരക്കാരിൽ നിന്ന് ഒരു ക്ഷമാപണവും സ്വീകരിക്കു കയില്ല. അല്ലാഹുവുമായി എന്തെങ്കിലും ബന്ധം സ്ഥാപിക്കുന്നത് എന്നെന്നേക്കുമായി നഷ്ടപ്പെടുകയും ചെയ്യും.

## 38

# തസ്കിയയും ഭൗതിക പരിത്യാഗവും

**പി**ൽക്കാലത്ത് ഒരു വിഭാഗം തസ്കിയ നേടുവാൻ വേണ്ടി ഭൗതിക പരിത്യാഗത്തിന്റെ മാർഗ്ഗം തിരഞ്ഞെടുക്കുകയുണ്ടായി. എന്നാൽ, ഭൗതിക വിരക്തി മാനസിക തലത്തിലാണാവശ്യം, പ്രായോഗിക തലത്തിലല്ല. ലൗകികത ഉപേക്ഷിക്കുക എന്ന ആശയം ദഅവാ രാഹിത്യ ചിന്തയുടെ സൃഷ്ടിയാണ്. ഈ ലോകം ജനങ്ങൾ അധിവസിക്കുന്ന സ്ഥലമാണ്. ലോകത്തെ പരിത്യജിക്കുക എന്നത് ജനങ്ങളെ പരിത്യജിക്കുന്നതിന് സമമാണ്. ഒരു ദായിക്ക് യാതൊരു ഒഴികഴിവിന്റെ പേരിലും ജനങ്ങളെ ഉപേക്ഷിക്കുക എന്നത് താങ്ങാനാവില്ല. മറ്റുള്ളവർ ജനങ്ങളെ കാണുന്നത് മറ്റൊരു വീക്ഷണ കോണിലൂടെ ആയിരിക്കാം. എന്നാൽ, ഒരു ദായി മനുഷ്യനെ നോക്കുന്നത് ദൗത്യം സ്വീകരിക്കാനുള്ള ഒരു പ്രബലനായിട്ടാണ്. ഒരു ദായിയുടെ കണ്ണിൽ ഓരോ മനുഷ്യനും ദൗത്യം സ്വീകരിക്കാനുള്ളവനാണ് പാവപ്പെട്ടവനോ പണക്കാരനോ ആയാലും, സാധാരണക്കാരനോ ഉന്നതനോ ആയാലും, ഭരണ കർത്താവോ ഭരണീയനോ ആയാലും. അവനൊരു ശത്രുവാണെങ്കിലും സ്വേച്ഛാധിപതിയാണെങ്കിലും ഒരു ദായിയുടെ കണ്ണിൽ അവനൊരു മനുഷ്യ ജീവിയാണ്. ഒരു ദായിയുടെ ഒന്നാമത്തെ ആഗ്രഹം സത്യം അവനിലേക്ക് എത്തിക്കുക എന്നതാണ്.

ഒരാൾ ഒരു വാതിലിലൂടെ അകത്തേക്ക് പ്രവേശിക്കുമ്പോൾ അയാൾ പുറത്തേക്ക് പോകേണ്ടത് മറ്റൊരു വാതിലിലൂടെയാണെന്ന് ഒരു ദായിക്ക് ഒരിക്കലും പറയാൻ കഴിയില്ല. അവൻ അതിനുപകരം, ആ വരുന്ന സന്ദർശ്ശകൻ ദൗത്യം സ്വീകരിക്കാൻ വരുന്നവനാണെന്നാണ് പറയുക. ആ നിലക്ക് അവനെ കാണു

കയും സത്യത്തിന്റെ സന്ദേശം നിപുണതയോടെ അവന് പകർന്നുനല്കുകയും ചെയ്യും.

ലോകത്തെ പരിത്യജിക്കുക എന്നത് യഥാർത്ഥത്തിൽ ആ ദൗത്യം സ്വീകരിക്കുന്നവരെ പരിത്യജിക്കുക എന്നാണ്. ലോകം ഉപേക്ഷിക്കുക എന്നത് ഫലത്തിൽ ആരിലേക്കാണോ ദൈവിക സത്യം എത്തിക്കപ്പെടേണ്ടത് അവരെ ഉപേക്ഷിക്കുക എന്നാണ്. ഒരു കച്ചവടക്കാരന് എല്ലാറ്റിൽ നിന്നും വേണമെങ്കിൽ അകന്നു പോകാം. പക്ഷെ കച്ചവടക്കാരനായിരുന്നുകൊണ്ട് അയാൾക്ക് തന്റെ ഇടപാടുകാരിൽ നിന്ന് അകലാൻ കഴിയില്ല. അതേപോലെ ഒരു ദായിക്ക് എന്തും സഹിക്കാനാകും. എന്നാൽ, തന്റെ സ്വീകർത്താക്കളെ വിട്ട് വിജനതയിൽ പോയി ഒറ്റക്ക് കഴിയുക എന്നത് സഹിക്കുവാനാവില്ല. ആ സ്വീകർത്താക്കളുടെ ഇടയിൽ തുടരുന്നതുമൂലം ഒരു ദായിക്ക് അസഹ്യമായ പ്രശ്നങ്ങളുണ്ടായേക്കാം. എങ്കിലും, അവൻ അതെല്ലാം അവഗണിക്കും. കാരണം, സ്വീകർത്താക്കളുമായിട്ടുള്ള ബന്ധം വിച്ഛേദിക്കുക എന്നത് അവനെ സംബന്ധിച്ചിടത്തോളം താങ്ങാനാവാത്തതാണ്. തസ്കിയയോടൊപ്പം ദഅവയും വിശ്വാസിക്ക് തുല്യ പ്രാധാന്യമുള്ള ഒന്നാണ്. ആത്മാർത്ഥതയും സത്യസന്ധതയുമുള്ള ഒരു വിശ്വാസിക്ക് തസ്കിയക്കുവേണ്ടിയുള്ള പരിശ്രമമോ ദഅവാ പ്രവർത്തനമോ, രണ്ടും ഉപേക്ഷിക്കാൻ കഴിയില്ല.

# 39

# തസ്കിയ — ഒരു മുന്നൊരുക്ക നടപടി

പദാർത്ഥ നിബദ്ധമായ ഇന്നത്തെ ലോകത്ത് ഓരോരുത്തരും തൊഴിൽ ആവശ്യമുള്ളവരാണ്. എല്ലാവർക്കും വേണം നല്ല ഒരു തൊഴിൽ. അതുകൊണ്ടാണ് എല്ലാവരും തൊഴിൽ മേഖലയുടെ ആവശ്യമനുസരിച്ച് വിദഗ്ധ തൊഴിൽ പരിശീലനം നേടി തയ്യാറെടുക്കുന്നത്. അങ്ങനെ പരിശീലനം സിദ്ധിക്കാത്തവർ നല്ല തൊഴിൽ ലഭിക്കാതെ ജീവിതത്തിൽ പരാജയപ്പെടും.

പരലോകത്തിന്റെ കാര്യത്തിലും അതുതന്നെയാണ് സത്യം. പക്ഷെ അതിലെ അവശ്യ കാര്യങ്ങൾ കുറേക്കൂടി അടിയന്തിര സ്വഭാവമുള്ളതാണ്. പരലോകം എന്നത് ദൈവിക നടപടികൾ വളരെ ഉയർന്ന തരത്തിൽ നടക്കുന്ന ഒരു ലോകമാണ്. ഈ ലോകത്തുവെച്ച് പരലോകത്തെ മനസ്സിൽ കണ്ടുകൊണ്ട് ആത്മീയമായി തയ്യാറെടുത്ത വ്യക്തിക്കുമാത്രമെ പരലോകത്ത് വിജയിക്കാനാവുകയുള്ളു. ഈ ലോകത്തുവെച്ച് ഉചിതമായ രീതിയിൽ സ്വയം തയ്യാറെടുക്കുന്നതിൽ പരാജയപ്പെടുന്നവർ പരലോകത്തും പരാജയപ്പെടും.

കാര്യക്ഷമതയുമായി ബന്ധപ്പെട്ടതാണതെല്ലാം. ഒരു പ്രത്യേക തരം കാര്യക്ഷമതയാണ് ഇഹലോകത്ത് പ്രാവർത്തികമെങ്കിൽ പരലോകത്ത് മറ്റൊരു തരം കാര്യക്ഷമതക്കാണ് ഫലം കിട്ടുക. ഈ ലോകത്ത് അല്ലാഹു അല്ലാത്ത സ്രോതസ്സുകളെയും കാര്യ സാധ്യത്തിന് (താത്കാലികമാണെങ്കിലും) ഉപയോഗപ്പെടുത്താം. എന്നാൽ, പരലോകത്ത് ഏക ദൈവ വിശ്വാസം മാത്രമെ ഉപകരിക്കുകയുള്ളു. ഈ ലോകത്ത് സ്വാർത്ഥ താത്പര്യം

പ്രയോജനം ചെയ്തേക്കാം. എന്നാൽ, പരലോകത്ത് ഒരുവന്റെ ഏക ഉത്കണ്ഠ അല്ലാഹു മാത്രമായാലേ പ്രയോജനം ലഭിക്കുകയുള്ളു. ഈ ലോകത്ത് കാര്യങ്ങളെ ഭൗതിക കാഴ്ചപ്പാടിൽ വീക്ഷിക്കുന്നത് ലാഭമുണ്ടാക്കിയേക്കാം. എന്നാൽ, പരലോകത്ത് ആത്മീയ കാഴ്ചപ്പാടുകൊണ്ടേ ഉപയോഗമുള്ളു. ഭൗതികത (പദാർത്ഥങ്ങളിലുള്ള താത്പര്യം അടിസ്ഥാനമാക്കിയുള്ള ചിന്ത) ഒരുവന് ഈ ലോകത്ത് ഗുണം ചെയ്യും. എന്നാൽ, അടുത്ത ലോകത്ത് തത്വത്തിൽ അധിഷ്ഠിതമായി ചിന്തിക്കുന്നവനേ വിജയിക്കുകയുള്ളു. ഈ ലോകത്ത് അസത്യം പ്രത്യക്ഷത്തിൽ ഗുണം ചെയ്യും. അതേ സമയം, മറുലോകത്ത് സത്യസന്ധത മാത്രമെ ഗുണം ചെയ്യുകയുള്ളു. ഈ ലോകത്ത് പെട്ടെന്ന് കിട്ടുന്നതിന് പ്രാധാന്യം കൊടുക്കുന്നതുമൂലം ഗുണം കിട്ടും. എന്നാൽ, പരലോകത്ത് അവിടത്തെ ശാശ്വതമായ താത്പര്യങ്ങൾക്കേ ഉപകാരം ചെയ്യാൻ കഴിയുകയുള്ളു.

തസ്കിയ എന്നാൽ പരലോകത്തിനുവേണ്ടി സ്വയം തയ്യാറെടുക്കലാണ്. അതായത്, പരലോകത്ത് പ്രയോജനം ചെയ്യുന്ന ഗുണങ്ങളെ തനിക്കുള്ളിൽ വികസിപ്പിച്ചെടുക്കലാണ്. ഒരുവന്റെ ചിന്തയെ പ്രയോഗക്ഷമമാക്കുന്നതാണ് തസ്കിയയുടെ രീതി, അതിനുള്ള മാർഗ്ഗം.

നിങ്ങൾ ഒരു വലിയ പ്രശ്നത്തിൽ ചെന്നുവീഴാനിരിക്കുന്ന സമയത്ത് അല്ലാഹുവിന്റെ പ്രത്യേക സഹായത്താൽ അതിൽ നിന്ന് രക്ഷപ്പെടുത്തപ്പെട്ടു. അത്തരം അനുഭവങ്ങളെ തിരിച്ചറിയുന്നത് അതിനുള്ള ഒരു മാർഗ്ഗമാണ്. അത്തരം ദാരുണമായ അനുഭവങ്ങൾ എല്ലാവരുടെ ജീവിതത്തിലുമുണ്ടാകുമെങ്കിലും കാലാന്തരത്തിൽ എല്ലാവരും അത് മറന്നുപോവുകയാണ് പതിവ്.

തസ്കിയ അന്വേഷകൻ മനസ്സിന് നവ ചൈതന്യം കൊടുക്കുവാനായി അത്തരം സംഭവങ്ങളെക്കുറിച്ച് തുടരെത്തുടരെ ഓർക്കേണ്ടത് അത്യാവശ്യമാണ്. എപ്പോൾ എങ്ങനെയാണ് അവൻ തകർച്ചയുടെ വക്കിലെത്തിയതെന്നും അതിൽ നിന്ന് അല്ലാഹുവിന്റെ പ്രത്യേക ഇടപെടൽ മൂലം രക്ഷപ്പെട്ടതെങ്ങനെയെന്നും ചിന്തിക്കുന്നത് തസ്കിയ അന്വേഷകന് നിർബ്ബന്ധമാണ്. അവന്റെ സ്മരണയിൽ ആ സംഭവങ്ങളുടെ രേഖാ ചിത്രങ്ങൾ വിശദമായി ഉണ്ടായിരിക്കുകയും അല്ലാഹുവിനോട് ഇപ്രകാരം യാചിക്കുകയും വേണം: "അല്ലാഹുവേ, ഈ ലോക ജീവിത

ത്തിലെ എന്റെ പ്രവർത്തികളുടെ ഭീകരമായ പ്രത്യാഘാതങ്ങളിൽ നിന്ന് നീയെന്നെ തുടർച്ചയായി രക്ഷിച്ചു. അതേ രീതിയിൽ പരലോകത്ത് നരക ശിക്ഷയുടെ ഭീകരതയിൽ നിന്നും നീയെന്നെ രക്ഷിക്കേണമേ."

ഈ വിഷയത്തിലുള്ള മറ്റൊരു സമീപനം നിങ്ങളുടെ കുറവുകളെക്കുറിച്ച് ഓർക്കുക എന്നുള്ളതാണ്. നിങ്ങളുടെ തെറ്റുകളും അതിനുള്ള പശ്ചാത്താപവും അതിലുൾപ്പെടുത്താം. ഏതെങ്കിലും ഒരു കാര്യത്തിൽ നിങ്ങൾക്ക് തോന്നുകയാണ്, നിങ്ങൾ 99 ശതമാനം ശരിയും ഒരു ശതമാനം മാത്രമെ തെറ്റുപറ്റിയിട്ടുള്ളുവെന്നും. അത്തരം സന്ദർഭങ്ങളിൽ നിങ്ങളുടെ ശരിയുടെ 99 ശതമാനം മറന്നുകളയുക. എന്നിട്ട് തെറ്റിന്റെ ആ ഒരു ശതമാനത്തെ വിപുലീകരിച്ച് നിങ്ങളുടെ തെറ്റ് നൂറുശതമാനമായിരുന്നു എന്ന് ചിന്തിക്കുവാൻ തുടങ്ങുക. അത് നിങ്ങൾക്കുള്ളിലെ കുറ്റബോധത്തെ ഉണർത്തുകയും നിങ്ങളെ പശ്ചാത്താപ വിവശനാക്കുകയും ചെയ്യും. നിങ്ങൾ അല്ലാഹുവിനെക്കുറിച്ചുള്ള ഭയം മൂലം കിടുകിടാ വിറക്കുകയും പ്രാർത്ഥനയിലൂടെ അവനിലേക്ക് തിരിഞ്ഞ് പൊറുക്കലിനെ തേടുകയും ചെയ്യും.

തസ്കിയയിൽ ദുർഗ്രാഹ്യമായി ഒന്നുംതന്നെയില്ല. പരിചിതമായ ഒരു പ്രക്രിയയാണത്. അതായത്, ആത്മ സംസ്കരണത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും തുടർച്ചയായി ചിന്തിക്കൽ. തസ്കിയ എല്ലായ്പോഴും ബുദ്ധിപരമായ ഒരു ഉണർവ്വിന്റെ പരിണിത ഫലമാണ്. അല്ലാതെ നിഗൂഢമായ ഒരു ദിവ്യാത്ഭുതത്തിന്റെ ഫലമല്ല. എത്രകണ്ട് ആ വിഷയത്തെക്കുറിച്ച് ചിന്തിക്കുന്നുവോ അത്രകണ്ട് ഒരാൾക്ക് ആത്മ സംസ്കരണത്തിന്റെ അവസ്ഥ പ്രാപിക്കാനാവും. തസ്കിയ തികഞ്ഞ അവബോധത്തിലുള്ള ഒരു ബോധപൂർവ്വമായ പ്രക്രിയയാണ്. ആ ബോധപൂർവ്വമായ പ്രക്രിയക്ക് വിധേയമാകാതെ അത് നേടാമെന്ന് പ്രതീക്ഷിക്കുന്നത് വെറും വ്യാമോഹം മാത്രമാണ്. അത് ഒരിക്കലും യാഥാർഥ്യമാവില്ല.

# 40

# തസ്കിയ — അല്ലാഹുവിലെത്തിച്ചേരാനുള്ള ഒരു മാർഗ്ഗം

**മ**നുഷ്യൻ സൃഷ്ടിയും അല്ലാഹു അവന്റെ സ്രഷ്ടാവുമാണ്. ആ നിലക്ക് മനുഷ്യന്റെ സഹജ ഗുണമാണ്, ആത്യന്തികമായി തനിക്ക് അല്ലാഹുവിന്റെ സാമീപ്യം വേണമെന്നുള്ളത്. എന്നാൽ അഹങ്കാരം, നിഷേധാത്മക ചിന്ത തുടങ്ങിയ വിവിധ കാര്യങ്ങൾ മനുഷ്യനെ അല്ലാഹുവിൽ നിന്ന് വേർപ്പെടുത്തുന്നു. തസ്കിയ മനുഷ്യനെ അത്തരം നിഷേധാത്മക വികാരങ്ങളിൽ നിന്ന് പരിപൂർണ്ണമായും ശുദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അല്ലാഹുവല്ലാത്തവയിൽ നിന്ന് ബന്ധം വേർപ്പെടുത്തുന്ന അതേ നിമിഷത്തിൽ ഒരുവന് ദൈവ സാമീപ്യം അനുഭവപ്പെടാൻ തുടങ്ങും. അത് മനുഷ്യ സാധ്യമായ കാര്യം തന്നെയാണ് എന്ന പോലെ. അല്ലാഹുവിന്റെ സാന്നിധ്യം അവന് ചുറ്റും അനുഭവപ്പെടാനും തുടങ്ങും.

വ്യക്തിപരമായി അല്ലാഹുവിനെ തിരിച്ചറിയുന്നതിന്റെ തോതിനെ ആശ്രയിച്ചാണ് ഒരുവന് അല്ലാഹുവിന്റെ സാമീപ്യത്തിന്റെ തോത് അനുഭവപ്പെടുന്നത്. ഉദാഹരണത്തിന്, ഓരോരുത്തർക്കും എണ്ണമറ്റ വസ്തുക്കളുടെ ആവശ്യമുണ്ട് ഈ ലോകത്ത് അതിജീവിക്കുന്നതിന്. എന്നാൽ അവയുടെയൊന്നും സ്രഷ്ടാവ് മനുഷ്യരല്ല. മറ്റാരോ മനുഷ്യരാശിക്ക് സമ്മാനിച്ചതാണ് അതെല്ലാം. സംശയ ലേശമന്യേ പറയാം, അല്ലാഹു തന്നെയാണ് അവയുടെ ദാതാവ്. പരംപൊരുളായ അല്ലാഹു മാത്രമാണ് നല്കുന്നവൻ. സംശയ രഹിതമായും അല്ലാഹുവിന്റെ ഏകപക്ഷീയമായ

അനുഗ്രഹങ്ങൾ മൂലമാണ് ഈ ലോകത്ത് നമുക്ക് നിലനിൽക്കാൻ കഴിയുന്നത്. വെറും ഒരു നിമിഷത്തേക്ക് അനുഗ്രഹങ്ങളുടെ ആ ചങ്ങല അറ്റുപോയാൽ മനുഷ്യന് അത് താങ്ങാൻ കഴിയില്ല.

ഒരുവൻ അല്ലാഹുവിനെ തന്റെ അഭ്യുദയകാംക്ഷിയായി കണ്ടെത്തിയാൽ അല്ലാഹുവിനോടുള്ള സ്നേഹം ഉറവ പൊട്ടി അവന്റെ ആത്മാവിൽ നിറയും. പിന്നീട് അവൻ യാഥാർഥ്യത്തിന്റെ മൂർത്തിമത്ഭാവമായി മാറുന്നതിനെ വിശുദ്ധ ഖുർആനിൽ ഇപ്രകാരം വിശദീകരിക്കുന്നു: *"സത്യ വിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരാണ്."* (2:165)

സ്രഷ്ടാവിന്റെ സാമീപ്യത്തിന് പ്രണാമം ആവശ്യമാണെന്ന് ഖുർആൻ ആജ്ഞാപിക്കുന്നു: *"നീ പ്രണമിക്കുകയും സാമീപ്യം നേടുകയും ചെയ്യുക."* (96:19)

എന്താണ് ഈ പ്രണാമം?

അത് വാസ്തവത്തിൽ അല്ലാഹുവിനെക്കുറിച്ചുള്ള ഭയവും സ്നേഹവും മനസ്സിൽ നിറഞ്ഞ ഒരുവൻ അല്ലാഹുവിന് സാഷ്ടാംഗ പ്രണാമം അർപ്പിക്കലാണ്. ആ തീവ്ര വികാരങ്ങളുടെ ഫലമായി അവൻ തന്റെ നാഥന്റെ മുമ്പിൽ സ്വയം സമർപ്പിക്കുകയാണ് സാഷ്ടാംഗം പ്രണമിച്ചുകൊണ്ട്. അത്തരത്തിലുള്ള പ്രണാമം വിശ്വാസിക്ക് ഒരു ദൈവിക ആരോഹണമാണ് (മിഅറാജ്).

## 41

# തസ്കിയയുടെ ലക്ഷ്യം

**വി**ശുദ്ധ ഖുർആൻ അധ്യായം: 39 ൽ സ്വർഗ്ഗ വാസികളെക്കുറിച്ച് വിശദീകരിക്കുന്നു:

*തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ച് ജീവിച്ചവർ സ്വർഗ്ഗത്തിലേക്ക് കൂട്ടം കൂട്ടമായി നയിക്കപ്പെടും. അങ്ങനെ അതിന്റെ കവാടങ്ങൾ തുറന്നുവെക്കപ്പെട്ട നിലയിൽ അവർ അതിനടുത്ത് വരുമ്പോൾ അവരോട് അതിന്റെ കാവൽക്കാർ പറയും: "നിങ്ങൾക്ക് സമാധാനം. നിങ്ങൾ സംശുദ്ധരായിരിക്കുന്നു. അതിനാൽ നിത്യവാസികളെന്ന നിലയിൽ നിങ്ങൾ ഇതിൽ പ്രവേശിച്ചുകൊള്ളുക."*

*അവർ പറയും: "നമ്മോടുള്ള തന്റെ വാഗ്ദാനം സത്യമായി പാലിക്കുകയും, സ്വർഗ്ഗത്തിൽ നിന്ന് നാം ഉദ്ദേശിക്കുന്ന സ്ഥലത്ത് നമുക്ക് താമസിക്കാവുന്ന വിധം ഈ (സ്വർഗ്ഗ) ഭൂമി നമുക്ക് അവകാശപ്പെടുത്തിത്തരികയും ചെയ്ത അല്ലാഹുവിന് സ്തുതി."*

*അപ്പോൾ, പ്രവർത്തിച്ചവർക്കുള്ള പ്രതിഫലം എത്ര വിശിഷ്ടം! മലക്കുകൾ തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം കീർത്തനം ചെയ്തുകൊണ്ട് സിംഹാസനത്തിന്റെ ചുറ്റും വലയം ചെയ്യുന്നതായി നിനക്ക് കാണാം. അവർക്കിടയിൽ സത്യപ്രകാരം വിധി കല്പിക്കപ്പെടും. "ലോക രക്ഷിതാവായ അല്ലാഹുവിന് സ്തുതി" എന്ന് പറയപ്പെടുകയും ചെയ്യും. (39:73–75)*

പ്രപഞ്ച നാഥനായ അല്ലാഹുവിന് സ്തുതി എന്ന ആ മന്ത്രണം ഖുർആനിലെ ഒന്നാം അധ്യായത്തിന്റെ ഭാഗത്തുള്ളത്, ഈ ലോകവുമായി ബന്ധപ്പെട്ടതാണ്. അതേ സമയം അധ്യായം: 39 ൽ അതേ വാക്കുകൾ പരലോകവുമായി ബന്ധപ്പെട്ടാണുള്ളത്.

അത് കാണിക്കുന്നത് മനുഷ്യന് എറ്റവും ആശാസ്യമായത് അല്ലാഹുവിന്റെ സ്മരണയിലും ആരാധനയിലും മുഴുകി നയിക്കപ്പെടുന്ന ഒരു ജീവിതമാണെന്നാണ്. ഈ ലോകത്ത് അഭികാമ്യമായത് തുല്യ അളവിൽ പരലോകത്തും അഭികാമ്യമാണ്. അല്ലാഹുവിനെ ആരാധിച്ചുകൊണ്ട് പരലോക ജീവിതത്തിന്റെ ഭാഗമാകുന്ന വിശുദ്ധ ആത്മാക്കളെ ഉണ്ടാക്കുക എന്നതാണ് തസ്കിയയുടെ യഥാർത്ഥ ഉദ്ദേശ്യം.

നാഗരികത കൊണ്ടുവരിക എന്നതായിരുന്നു ഈ ലോകത്ത് മനുഷ്യനെ ഏല്പിച്ചിരുന്ന ഒരു ഉത്തരവാദിത്വം. മനുഷ്യൻ ആ ഉത്തരവാദിത്വം വലിയ തോതിൽ നിർവ്വഹിച്ചു. നാഗരികതയുടെ ആ പ്രയാണം ആരംഭിച്ചത് ശിലാ യുഗത്തിൽ നിന്നാണ്. അതിപ്പോൾ ഇലക്ട്രോണിക് യുഗത്തിന്റെ ഉയരങ്ങളിലെത്തിയിരിക്കുന്നു. പ്രകൃതീ നിയമങ്ങളുടെ കണ്ടുപിടുത്തത്തിലൂടെ അത് അതിബൃഹത്തായ സംവേഗ ശക്തി കൈവരിച്ചിരിക്കുന്നു. എന്നാൽ, ഫലത്തിൽ എന്താണ് സംഭവിച്ചതെന്നുവെച്ചാൽ ഒരു ശരിയെ ഒരു തെറ്റുമായി കൂട്ടിക്കലർത്തിയിരിക്കുന്നു. പ്രകൃതീ ശക്തികളെ കീഴടക്കിയ ശേഷം മനുഷ്യൻ ധിക്കാരിയായിത്തീരുകയും സ്വേച്ഛാനുസരണം വാഴാനുള്ള ഒരു വ്യവസ്ഥ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ പേരിൽ അവർ അരാജകത്വം പ്രോത്സാഹിപ്പിക്കുന്നു. പരിഷ്കാരത്തിന്റെ പേരിൽ അർദ്ധ നഗ്നതയും പൂർണ്ണ നഗ്നതയും പ്രചരിപ്പിക്കുന്നു. അങ്ങനെ പലതും. അതുകൊണ്ട് വിധീ നിർണ്ണയ നാളിൽ അല്ലാഹു സദ്വൃത്തരായ ജനങ്ങളെ തിരഞ്ഞെടുത്ത് അവർക്ക് ഒരു ദൈവിക നാഗരികത സ്ഥാപിക്കുവാനുള്ള അവസരം കൊടുക്കും. അതാണ് യാഥാർഥ്യം. അത് ആവിഷ്കരിക്കുകയാണ് ഖുർആന്റെ ഈ വചനത്തിൽ:

*ഭൂമിയുടെ അനന്തരാവകാശമെടുക്കുന്നത് എന്റെ സദ്വൃത്തരായ ദാസന്മാരായിരിക്കും.* (21:105)

സാക്ഷാത്കാരത്തിനുവേണ്ടിയുള്ള ഒരു നീണ്ട പ്രയാണമാണ് മനുഷ്യ ജീവിതം എന്നതാണ് പരമാർത്ഥം. അത് ഈ ലോകത്തുനിന്ന് പരലോകം വരെ നീളുന്നതാണ്. ഈ ലോകത്ത് ആഗ്രഹ പൂർത്തിക്കുവേണ്ടിയുള്ള ആ യാത്രക്ക് പരിമിതികളുണ്ട്. നേരെ മറിച്ച് പരലോകത്ത് അതിന് അതിരുകളില്ല. ഏതായാലും ഈ യാത്ര ഏറ്റെടുത്ത് വിജയകരമായി നടത്താൻ ആത്മാവിനെ

ശുദ്ധീകരിച്ചവനുമാത്രമെ അർഹതയുണ്ടാവുകയുള്ളു.

വിശുദ്ധ ഖുർആൻ നമ്മോട് പറയുന്നു, അല്ലാഹുവിന്റെ വചനങ്ങൾ എണ്ണിയാൽ തീരാത്തതാണ്; ഏഴ് കടലുകൾ ഇരട്ടിപ്പിച്ച് അതിലെ ജലം മുഴുവൻ മഷിയായി മാറുകയും ഭൂമിയിലെ വൃക്ഷങ്ങളൊക്കെ പേനയായി മാറുകയും ചെയ്താലും അതൊന്നും അല്ലാഹുവിന്റെ വചനങ്ങളെ മുഴുവൻ എഴുതാൻ മതിയാകില്ല എന്ന്. അതിനെ ഖുർആൻ ഇപ്രകാരം വെളിപ്പെടുത്തുന്നു:

*ഭൂമിയിലെ വൃക്ഷമെല്ലാം പേനയായിരിക്കുകയും സമുദ്രം മഷിയാവുകയും അതിനുപുറമെ ഏഴുസമുദ്രങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്താലും അല്ലാഹുവിന്റെ വചനങ്ങൾ എഴുതിത്തീരുകയില്ല.* (31:27)

അത് കേവലം ഒരു പ്രസ്താവനയല്ല, വിശ്വാസികൾക്ക് പിന്തുടരാനുള്ള, സർവ്വ ശക്തനായ അല്ലാഹുവിന്റെ ഒരു കല്പനയാണ്. അതിനർത്ഥം, അല്ലാഹുവിന്റെ വചനങ്ങൾ കണ്ടെത്താൻ വിശ്വാസികൾക്ക് ബാധ്യതയുണ്ടെന്നും, അങ്ങനെ അല്ലാഹുവിന്റെ അത്ഭുതങ്ങൾ കണ്ടെത്തുന്നത് തുടരണമെന്നും, അതിലൂടെ അവന്റെ പ്രതാപം കണ്ടെത്തുകയും മനസ്സിലാക്കുകയും ചെയ്യണമെന്നുമാണ്.

വിശുദ്ധ ഖുർആന്റെ ആദ്യ വചനമായ "*അൽ ഹംദുലില്ലാഹി റബ്ബിൽ ആലമീൻ (സ്തുതി സർവ്വ ലോക പരിപാലകനായ അല്ലാഹുവിനാകുന്നു)*" എന്നത് ഒരു തുടക്കമാണ്, അവസാനമല്ല. ആ വചനം കണ്ടെത്തലിന്റെ യാത്ര ഈ ലോകത്ത് ആരംഭിക്കുന്നതിന്റെ വിളംബരപ്പെടുത്തലാണ്. ഖുർആനിൽ മറ്റൊരു ഭാഗത്ത് ആ വചനം പ്രത്യക്ഷപ്പെടുന്നത് പരലോക സൂചനയോടുകൂടിയാണ്. അത് ഇങ്ങനെ:

*ലോക രക്ഷിതാവായ അല്ലാഹുവിന് സ്തുതി എന്ന് പറയപ്പെടുകയും ചെയ്യും.* (39:75)

രണ്ടാമത്തെ വചനം സാക്ഷാത്കാരത്തിന്റെ അഥവാ കണ്ടെത്തലിന്റെ ആത്യന്തികതയെപ്പറ്റി നമ്മോട് പറയുന്നു. മാത്രമല്ല, അത് പരലോകത്തെ ഏറ്റവും ഹിതകരമായ ഒരു സാഹചര്യത്തിൽ അനന്തകാലം തുടരുമെന്നും പറയുന്നു.

കണ്ടെത്തലിന്റെ, സാക്ഷാത്കാരത്തിന്റെ പ്രഥമ ഘട്ടത്തിൽ പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലെ ശാസ്ത്രജ്ഞന്മാർ

ദൈവ സാക്ഷാത്കാരത്തിന് ശാസ്ത്രീയമായ ഒരു ചട്ടക്കൂട് ന ല്കുന്നതിൽ വളരെ മഹത്തായ പങ്കുവഹിക്കുകയുണ്ടായി.

നാം ഖുർആനിൽ നിന്ന് മനസ്സിലാക്കിയതനുസരിച്ച്, പര ലോക ജീവിതത്തിൽ, അല്ലാഹുവിനെകണ്ടെത്താനുള്ള യാത്രയിൽ വിശ്വാസികൾക്ക് മലക്കുകളുടെ സഹായമുണ്ടാകും:

*ഐഹിക ജീവിതത്തിലും പരലോകത്തും ഞങ്ങൾ നിങ്ങ ളുടെ മിത്രങ്ങളാകുന്നു.* (41:31)

## 42

# തസ്കിയയുടെ മാനദണ്ഡം

**എ**ന്താണ് തസ്കിയയുടെ മാനദണ്ഡം?

ഒരുവൻ ഇസ്ലാമിക ചിന്തയുടെ രീതിശാസ്ത്രവുമായും ജീവിത ശൈലിയുമായും സ്വരൈക്യത്തിലെത്തുകയും തന്റെ സ്വന്തം പ്രകൃതം തനിക്ക് വഴികാട്ടുന്നുണ്ടെന്ന് അവന് തോന്നുകയും ചെയ്യുക. താൻ പരിലാളിച്ചുകൊണ്ടിരിക്കുന്ന അഭിലാഷങ്ങൾക്ക് എതിരാണെങ്കിൽപ്പോലും അത് അംഗീകരിക്കാൻ വൈമനസ്യം കാണിക്കാതിരിക്കുക.

തസ്കിയയുടെ യഥാർത്ഥ ലക്ഷ്യം അല്ലാഹുവുമായിട്ടുള്ള ആശാപാശമാണ്. അതാണ് മൊത്തത്തിലുള്ള പരമാർത്ഥം.

മറ്റൊരു രീതിയിൽ പറയുകയാണെങ്കിൽ തസ്കിയ ഒരുവനെ സമ്പൂർണ്ണമായും അല്ലാഹുവിൽ കേന്ദ്രീകരിക്കാൻ പ്രാപ്തനാക്കുന്നു. മറ്റെല്ലാവിധ പരിഗണനകൾക്കും അതീതനായി ദൈവ ഭക്തി സംരക്ഷിക്കുന്നതിൽ വ്യാപൃതനാക്കുന്നു. മുഴുവൻ ഇന്ദ്രിയ ബോധത്തോടെയും അല്ലാഹുവിനെ ശ്രദ്ധയുടെ കേന്ദ്രബിന്ദുവാക്കാൻ തസ്കിയ ഒരുവനെ പ്രാപ്തനാക്കുന്നു.

ഒരുവന്റെ മുഴുവൻ ഉത്കണ്ഠയും അല്ലാഹുവിനെക്കുറിച്ച് മാത്രമായിരിക്കുക എന്നത് ഒരു നിസ്സാര കാര്യമല്ല. മനുഷ്യ ഹൃദയത്തിലേക്ക്, ആത്മാവിലേക്ക് ഒരു സമ്പൂർണ്ണ വിപ്ലവം കൊണ്ടുവരുന്നതിന് സമാനമാണത്. അങ്ങനെയൊരു വിപ്ലവം അനുഭവപ്പെടുന്നവൻ പൂർണ്ണ മനസ്സോടെ അല്ലാഹുവിനെ തന്റെ ദാതാവായും തന്നെ സ്വയം സ്വീകർത്താവായും അംഗീകരിക്കുന്നു. രണ്ടും തികഞ്ഞ അവബോധത്തോടെ.

അവന്റെ ചിന്തയും വികാരങ്ങളും അല്ലാഹുവിനെ മാത്രം

കേന്ദ്രീകരിച്ചതായിത്തീരുന്നു. അവന്റെ വാക്കുകളും പ്രവർത്തികളും ദൈവിക സംസ്കാരത്തെ പ്രതിഫലിപ്പിക്കും. വിനയം അവന്റെയുള്ളിൽ വളരും. അവൻ തികഞ്ഞ അല്ലെങ്കിൽ ഒത്ത ഒരു വ്യക്തിയായിത്തീരും. അവന്റെ ഹൃദയത്തിൽ മറ്റുള്ളവരോട് വെറുപ്പിന് പകരം സ്നേഹം നിറയും. മര്യാദയില്ലാത്ത ധിക്കാരിയാകുന്നതിനുപകരം അവൻ വിനയാന്വിതനായിത്തീരും. മറ്റുള്ളവരോടുള്ള അവന്റെ പെരുമാറ്റം അഹങ്കാരത്തെക്കാൾ സഹിഷ്ണുത നിറഞ്ഞതായിരിക്കും. എല്ലാ വിഷയങ്ങളിലും അവന് സംഭവിക്കുന്ന തെറ്റുകളെ മറ്റുള്ളവരുടെ മേൽ കെട്ടിവെക്കാൻ ശ്രമിക്കാതെ സ്വയം ഏറ്റെടുക്കും. അമിതമായി സംസാരിക്കുന്നതിനെക്കാൾ മൗനം അവലംബിക്കാനാരംഭിക്കും. എവിടെയും മുമ്പിൽക്കയറി ഇരിക്കുന്നതിനെക്കാൾ പിൻഭാഗത്തിരിക്കാൻ ശ്രമിക്കും.

ഓരോ അക്ഷരവും ഉരിയാടുന്നതിനുമുമ്പ് അത് അല്ലാഹു സ്വീകരിക്കുമോ നിരാകരിക്കുമോ എന്ന് ചിന്തിക്കും. രഹസ്യമായിരിക്കുമ്പോഴും പരസ്യമായിരിക്കുമ്പോഴും സൂക്ഷ്മത പാലിക്കും.

# 43

# തസ്കിയയും മരണത്തെക്കുറിച്ചുള്ള സ്മരണയും

**ത**സ്കിയക്കുവേണ്ടിയുള്ള പരിശ്രമം മുന്നോട്ടുകൊണ്ടുപോകുന്നതിൽ മരണത്തെക്കുറിച്ചുള്ള ചിന്ത ശക്തമായൊരു പ്രേരണയാണ്.

മരണത്തെക്കുറിച്ചുള്ള ചിന്ത മനുഷ്യനിൽ ഒരു അടിയന്തിര സ്ഥിതി സംജാതമാക്കുന്നു. തസ്കിയക്കുവേണ്ടിയുള്ള പരിശ്രമം മാറ്റിവെക്കാനാവാത്തതാണെന്നുള്ള ഉണ്മയെ മരണം അവനെ ഓർമ്മിപ്പിക്കുന്നു; നാളെ താൻ ജീവിച്ചിരിക്കുമോ മരിക്കുമോ എന്നറിയാത്ത അവസ്ഥയിൽ ഇന്നുചെയ്യേണ്ടത് നാളേക്കുമാറ്റിവെക്കാതെ ഇന്നുതന്നെ ചെയ്തുതീർക്കണം എന്ന ഉണ്മയെ. മരണത്തിന്റെ ആ നിമിഷം മുതൽ, അതിനുശേഷം അവനഭിമുഖീകരിക്കാനിരിക്കുന്ന ഉത്കണ്ഠാ ജനകമായ സാഹചര്യത്തെക്കുറിച്ച് മരണം എന്ന ആശയം അവനെ ഓർമ്മിപ്പിക്കുന്നു. ഖുർആനിൽ അക്കാര്യം വിവരിക്കുന്നു:

*അതെ, ലോകരക്ഷിതാവിങ്കലേക്ക് ജനങ്ങൾ എഴുന്നേറ്റുവരുന്ന ദിവസം.* (83:6)


അതായിരിക്കും ആ ദിവസം, മലക്കുകൾ മനുഷ്യനെ അല്ലാഹുവിന്റെ മുമ്പിലേക്ക് കൊണ്ടുവരുന്ന ദിവസം, അല്ലാഹു അവന്റെ രഹസ്യങ്ങളും പരസ്യങ്ങളും അറിയുന്നവനാണ്. ഭൂലോകത്തുവെച്ച് അവൻ പറഞ്ഞതിന്റെയും പ്രവർത്തിച്ചതിന്റെയും കണക്കുകൾ പരിശോധിക്കപ്പെടും. പരമ്പരാഗതമായ ഒരു വിശ്വാസമനുസരിച്ച്, അന്നേ ദിവസം അവൻ അല്ലാഹുവിന്റെ മുമ്പിൽ നിർത്തപ്പെടും എന്നും അല്ലാഹുവിന്റെ മുഴുവൻ ചോദ്യങ്ങൾക്കും

ഉത്തരം നല്കിയിട്ടല്ലാതെ അവന്റെ കാലുകൾ അവിടെ നിന്ന് പോകാൻ ചലിക്കുകയില്ല എന്നും പറയുന്നു.

മരണത്തെക്കുറിച്ച് ഓർക്കുക എന്നുവെച്ചാൽ, മനുഷ്യ ജീവിതത്തിലെ അതീവ ലോലമായ നിമിഷത്തെക്കുറിച്ചോർക്കുക എന്നാണർത്ഥം. ആ നിമിഷത്തെക്കുറിച്ച് അവൻ ചിന്തിച്ചുകൊണ്ടേയിരിക്കണം. അത് നിശ്ചയമായും വന്നുചേരാനുള്ളതാണ് അവന്റെ അനശ്വരമായ ഭാവിയെക്കുറിച്ച് തീരുമാനിക്കപ്പെട്ടുകഴിയുമ്പോൾ.

അത്തരം ചിന്ത പരിവർത്തനം നിശ്ചയമായും ഉണ്ടാക്കണം. ഒരു കാര്യം ഉറപ്പാണ്, മരണത്തെക്കുറിച്ച് ആ രീതിയിൽ ചിന്തിക്കുന്നവൻ തസ്കിയയുടെ കാര്യത്തിൽ അങ്ങേയറ്റത്തെ ഉത്കണ്ഠയുള്ളവനായിരിക്കും. മരണം അവനെ കീഴ്പെടുത്തുന്നതിനു മുമ്പ് നാനാ വശങ്ങളിലൂടെയും തസ്കിയ കരസ്ഥമാക്കാനുള്ള ഉദ്യമത്തിൽ ആത്യന്തികമായ അളവിൽ അവൻ പരിശ്രമം ചെയ്യും. കാരണം, മരണത്തിന് കീഴടങ്ങുന്നതോടുകൂടെ പരിവർത്തനത്തിന് സമയം ലഭിക്കാത്ത ഒരവസ്ഥയിൽ അവൻ എത്തിച്ചേരും.

*



മൗലാനാ വഹീദുദ്ദീൻ ഖാൻ

# തസ്കിയ്

(ആത്മ സംസ്കരണം)

നിരവധി ഇസ്ലാമിക അനുശാസനകൾ ഉൾക്കൊള്ളുന്നതാണ് ആത്മ സംസ്കരണം, അഥവാ തസ്കിയ. സ്വന്തത്തിൽ നിന്നും പിശാചിൽ നിന്നുമുള്ള പ്രലോഭനളെ ശുദ്ധീകരിക്കുക, മറ്റുള്ള വരിൽ നിന്നുമുണ്ടാകുന്ന അഹിതകരമായ അനുഭവങ്ങളോട് തെറ്റായി പ്രതികരിക്കുന്നതിൽ നിന്ന്  വിട്ടുനിൽക്കുക, നേർമാർഗ ത്തിൽനിന്ന് വ്യതിചലിക്കാൻ കാരണമാകുന്ന പ്രേരണകളെ പ്ര തിരോധിക്കുക തുടങ്ങിയവയാണവ.

*വിവർത്തനം:*

**സി.കെ.കെ. മുഹമ്മദ്**

Goodword

**Goodword Books**

Kerala

ISBN 978-93-86589-13-2